KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 1[illegible]93

Author മണ്ണൊരി വേങ്കടരായ-അയ്യർ

Title ചക്രനിഷ്പേഷണം.

1407
12493

"യോഗസാരാത്ഥദീപികാ"

എന്ന

കേരളഭാഷാവ്യാഖ്യാനത്തോടുകൂടിയ

# ചക്രനിരൂപണം.

(യോഗഗ്രന്ഥം)

ഗ്രന്ഥകത്താ

മഞ്ചേരി വേങ്കടരായ അയ്യർ.

വില ഉറുപ്പിക ഒന്നു്.

1108.

(അവകാശം സ്വായത്തം)

ആലപ്പുഴ സനാതനധാരം അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

# വാങ്മുഖം.

മാനുഷശരീരങ്ങളെ നിലനിർത്തിവരുന്ന ഈശ്വരശക്തികേന്ദ്രങ്ങളാകുന്ന "ചക്ര"ങ്ങളെപ്പററി പ്രതിപാദിയ്ക്കുന്നവയായി, ഇപ്പോൾ നമ്മുടെയിടയിൽ സാധാരണമായി പ്രചരിച്ചുവരുന്ന പ്രാചീനഗ്രന്ഥങ്ങളിൽനിന്ന്, ഇവയുടെ യഥാർത്ഥമായ തത്വത്തെ ഗ്രഹിപ്പാൻ സാമാന്യജനങ്ങൾക്ക് തീരെ സാദ്ധ്യമല്ലാത്തതിനാൽ, "ചക്രങ്ങൾ", "കുണ്ഡലിനീ", "പ്രാണൻ" എന്നിവയുടെ സൂക്ഷ്മതത്വങ്ങളെ സാധാരണജനങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനായുള്ളാണ്ടുള്ള ആഗ്രഹംനിമിത്തം, ഈ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രധാന തത്വങ്ങളെ മാത്രം പ്രയാസമെന്ന്യേ ഏവക്കും ഓർമ്മയിൽവെപ്പാൻ കഴിയാറാകുംവിധത്തിൽ അവയെ സംക്ഷേപിച്ച്, സുഗമമായ ശ്ലോകരൂപത്തിൽ; ഈ ലഘുഗ്രന്ഥത്തെ, ബ്രഹ്മവിദ്യാർത്ഥിസംഘത്തിലെ ഒരു പ്രധാനനേതാവും യോഗിവയ്യനുമായിരിയ്ക്കുന്ന റൈററ് റെവെറെൻഡ് ലെഡ്ബിററർ എന്ന മഹാനുഭാവൻെറ അനുഗ്രഹത്തോടും അനുമതിയോടും കൂടി സംസ്കൃതഭാഷയിൽ നിർമ്മിച്ച്, ആയതിനെ"യോഗസാരാർത്ഥദീപികാ"എന്ന കേരളഭാഷാവ്യാഖ്യാസമേതം ലോകത്തിൻെറ അഭ്യുദയനിഃശ്രേയസസിദ്ധികളെ കാംക്ഷിച്ചുംകൊണ്ട് മഹാജനസന്നിധിയിങ്കലേയ്ക്കുഭിപ്രേഷണംചെയ്യാൻ തുനിയുന്നു.

ആലപ്പുഴ,
ആംഗീരസവഷം
ആഷാഢപൌണ്ണമി.

ഗ്രന്ഥകത്താവ്.

12493

# സമർപ്പണം.

മഹാരാജമാന്യരാജശ്രീമതെ
കൈരളബ്രഹ്മവിദ്യാത്ഥി
മണ്ഡലോദ്ധൂപകണ്ണധാരായ
ശംമഷ്ണകുലോത്ഭവായ
നീതിനിപുണായ
മഞ്ചേരി ശ്രീരാമശമ്മണെ
മമ ഹിതൈഷിണെ
സാദരം സമപ്പിതോയം
ലഘുഗ്രന്ഥഃ||

# അവതാരികാ.

സംഗ്രഹിപ്തമായിരിക്കുന്ന രാജയോഗസരണിയിൽ അവർ പ്രക്ഷേപണം ചെയ്തിട്ടുള്ള പ്രകാശാതിശയത്തിന്നായിക്കൊണ്ട് സാഹിത്യകലാവ്യുത്പന്നയായ ആനിബെസൻറിന്നും സംപൂജ്യനായ ക്രൈസ്തവപുരോഹിതൻ ചാറല്സ് വെബ്സററർ ലെഡ്ബീററക്കും ലോകം ഗംഭീരകൃതജ്ഞതാശൃണത്താൽ കടപ്പെട്ടിരിക്കുന്നു. ആ പുരോഹിതൻെറ "ചക്രങ്ങൾ" എന്ന അപ്രതിമപ്രകരണമെന്ന്യെ പലപ്പോഴും ഗൂഢരചിതങ്ങളായി ഗഹനങ്ങളായി ഗീൎവ്വാണഭാഷയിൽ ബഹുലങ്ങളായിരിക്കുന്ന യോഗഗ്രന്ഥങ്ങളിൽ കൂടി തൻെറ പദ്ധതിമാൎഗ്ഗണം ആധുനികന്നസാദ്ധ്യമത്രെ. അസ്മദ്മിത്രമാകുന്ന മഞ്ചേരി വേങ്കടരായ അയ്യർ ആ പുരോഹിതൻെറ പ്രശംസകനും ആ മഹാനുഭാവൻെറ അനുപമങ്ങളായ ഗുപ്തവിദ്യാപ്രകരണങ്ങളുടെ തീക്ഷ്ണാദ്ധ്യേതാവുമാകുന്നു. സംസ്കൃതഭാഷയിലുള്ള യോഗഗ്രന്ഥങ്ങളെസംബന്ധിച്ച് വേങ്കടരായ അയ്യരുടെ അറിവ് അഗാധമാണ്. ആയതിനാൽ ഈ ദിവ്യജ്ഞാനതൃഷ്ണക്കൾകളാൽ ലോകത്തിന്നു നല്കപ്പെട്ട കുണ്ഡലിനീ, പ്രാണൻ, ചക്രങ്ങൾ എന്നീ വിഷയങ്ങളെപ്പററിയുള്ള അനഘാദേശസംചയത്തെ എഴുപത്തഞ്ച് അനുഷ്ടപ്ശ്ലോകങ്ങളായി സമാഹരിപ്പാൻ ശക്യമായ്തീൎന്നത് അദ്ദേഹത്തിൻെറ വൈദികബ്രാഹ്മണ്യപാരമ്പൎയ്യത്തിന്നും സംസ്കൃതഭാഷയുടെ പൎയ്യാപ്തിയ്ക്കും ഒരുപോലെ യോഗ്യമായ ഒരു അത്ഭുതകൎമ്മംതന്നെ. സഹൃങ്ങളാകുന്ന സ്വല്പ വചനങ്ങളാൽ പ്രാക്തനഭാഷാമുഖേന പ്രാചീനവിദ്യാഭിലാഷകന്മാരുടെയിടയിൽ ഈ കൃതിയെ അരംഗമിപ്പിപ്പാനായ്ക്കൊണ്ട് ഞാൻ അത്യന്തം പ്രിയപ്പെടുന്നു.

**മഞ്ചേരി രാമയ്യർ.**

# വിഷയാനുക്രമണികാ.


| | | |
|---|---|---|
| | | ഭാഗം. |
| വാങ്മുഖം | ... ... | i |
| സമർപ്പണം | ... ... | ii |
| അവതാരികാ | ... ... | iii |
| വിഷയാനുക്രമണികാ | ... ... | iv |
| ശുദ്ധിപത്രം | ... ... | v |
| ചക്രനിരൂപണം—മൂലം | ... ... | ൧—൧൩ |

ചക്രനിരൂപണം

പൂർവ്വഖണ്ഡം—കുണ്ഡലിനീപ്രകരണം.

| | | |
|---|---|---|
| അരുണോപനിഷത് പ്രമാണവാക്യം | ... | 1 |
| ഗുരുവന്ദനം—വസ്തുനിർദ്ദേശം | ... | 2 |
| മൂലാധാരചക്രം | ... ... | 3 |
| കുണ്ഡലിനീശക്തി | ... ... | 6 |
| പരാശക്തി | ... ... | 8 |
| ത്രിസ്രോതസ് | ... ... | 11 |
| ഔർവ്വീകുണ്ഡലിനി | ... ... | 14 |
| ശാരീരകുണ്ഡലിനീ | ... ... | 17 |
| മസ്തിഷ്കം | ... ... | 24 |
| കശേരുകാ | ... ... | 25 |
| സുഷുമ്നാ | ... ... | 27 |
| പത്മനാളോത്ഭവസ്ഥാനങ്ങൾ | ... | 29 |
| ആനുകമ്പസ്നസാംഗണങ്ങൾ | ... | 32 |
| ഇഡാപിംഗലകൾ | ... ... | 35 |
| കുണ്ഡലിനീപ്രബോധനം | ... ... | 37 |
| കുണ്ഡലിനിയുടെ ആകാലികപ്രബോധനത്താലുണ്ടാകുന്ന അപകടങ്ങൾ | ... | 50 |

കുണ്ഡലിനിയുടെ യാദൃച്ഛികപ്രജാഗരണം 53
പ്ലീഹാചക്രം ... ... 55
നാഭീചക്രം ... ... 58
ഹൃച്ചക്രം ... ... 61
ഗ്രീവാചക്രം ... ... 63
ലലാടചക്രം ... ... 64
ശിരശ്ചക്രം ... ... 68

ചക്രനിരൂപണം

ഉത്തരഖണ്ഡം—പ്രാണപ്രകരണം.

മാർത്താണ്ഡൻ ... ... 75
പ്രാണകണങ്ങൾ ... ... 78
പ്രാണപൃഥക്കരണം ... ... 83
"പ്രവിഷ്ട"ങ്ങളായ "വ്യാന"പ്രാണാണുക്കൾ 86
"പ്രകൃഷ്ട"പ്രാണാണുക്കൾ ... ... 89
"അപാന"പ്രാണാണുക്കൾ ... 91
ഓജസ്സുകൾ ... ... 92
"സമാന"പ്രാണാണുക്കൾ ... ... 94
"പ്രാണാ"ണുക്കൾ ... ... 95
"ഉദാന"പ്രാണാണുക്കൾ ... ... 95
ശരീരങ്ങൾ ... ... 97
ശരീരസംസ്കരണം ... ... 100
അണുപ്രസൂതി ... ... 101
പ്രാണസർഗ്ഗം ... ... 103
ശക്തിവിമർശനം ... ... 104

# ശുദ്ധിപത്രം.

| ഭാഗം. | വരി. | അബദ്ധം. | സുബദ്ധം. |
| --- | --- | --- | --- |
| 2 | 2 | ശനൈക്ളീം | ശൌക്ളീം |
| 12 | 2 | ഭരന്ത്യൃഷ്മ്മാം | ഭരന്ത്യൃഷ്ണ്ണാം |
| 17 | 14 | മൂലാധാര | മൂലാധാര |
| | | ക്രത്തിൻെറ | ചക്രത്തിൻെറ |
| 58 | 22 | ലൃലക്ഷിത | ലൃപലക്ഷിത |
| 66 | 26 | ണശരീരത്തിലെ | കാരണശരീരത്തിലെ |
| 68 | 20 | വണ്ണ്നാൽ | വണ്ണ്നത്താൽ |
| 84 | 17 | പ.രമാണഃ। | പരമാണവഃ। |
| 91 | 14 | ഭരന്ത്യൃഷ്മ്മാം | ഭരന്ത്യൃഷ്ണ്ണാം |
| 104 | 24 | ഭോഗാപവഗ്ഗ | ഭോഗാപവഗ്ഗങ്ങൾ |
| | | ത്തിന്നായ്യെത്താണ്ട് | ക്കായ്യെത്താണ്ട് |

ഓം

# ചക്രനിരൂപണം.

॥ഓം॥ ഉത്തിഷ്ഠത മാസ്വപ്ത അഗ്നിമിച്ഛദ്ധ്വം ഭാരതാഃ।
രാജ്ഞഃസോമസ്യതൃപ്താസഃ സൂര്യ്യേണസയുജോഷസഃ॥

—അരുണോപനിഷത്—

1. അജ്ഞാനമുകുളീഭൂത
മാനസാംഭോജഭാസ്കരം।
ഗുരുദേവം പ്രണമ്യാഹം
കുർവ്വേ ചക്രനിരൂപണം॥

2. ത്രികോണിസദൃശംഭാസ്വത്
ചതുർഭംഗതരംഗിതം।
ഭ്രമദാവർത്തവച്ഛീർഷം
ലസത് പുഷ്കരപുഷ്കലം॥

3. ഓജസാംസദനം സാക്ഷാത്
ദ്വാരംത്രിസ്രോതസസ്തനൌ।
മൂലാധാരാഹ്വയംചക്രം
പ്രായഃ കൈകസമൌജ്ജ്വലം॥

4. തസ്യമൂലഗതംശ്വഭ്രം
കുലകുണ്ഡമിതിസ്മൃതം।
നാമ്നാതേനൈവനിർദ്ദിഷ്ടം
ഭൂമ്മദ്ധ്യമതിദുർഗ്ഗമം॥

5. തത്രത്യബൈന്ദവോത്ഥാംതാം
ശരൈക്ലീം ഔവ്വീംമഹോജ്ജ്വലാം।
ഗൃണന്തിയോഗിനഃ സർവ്വേ
ശക്തിഃ കുണ്ഡലിനീത്യസൌ॥

6. പൂർണ്ണാഹന്താത്മ ഭാവാഗ്രേ
പരാസംവിദിതിശ്രുതാ।
ജ്യോതിർമ്മയീ വിശ്വഗർഭാ
ഹ്യഷാഭവതി വാങ്മയീ॥

7. പ്രാജ്ഞീമാഹേശ്വരീശക്തി
രിച്ഛാജ്ഞാനക്രിയാമയീ।
ശാരീരീ വൈഷ്ണവീശക്തി
വ്യൂഹിനീപ്രാണരൂപിണീ॥

8. ബ്രാഹ്മീ ചഭൌതികീശക്തി
വ്വിദ്യുദ്വർണ്ണാദ്യുതിർദ്ധ്വനിഃ।
കൃഷ്ടിഃകുണ്ഡലിനീത്യാദി
വിവിധപ്രകടാകൃതിഃ॥

9. ഔർവ്വീബ്രാഹ്മീമഹാശക്തി
രനിരുദ്ധാഹ്യധോമുഖീ।
മഹീമണ്ഡലമദ്ധ്യസ്ഥ
ബദ്ധവാഗ്നി സമാവൃതാ॥

10. വർത്തതെ കുലകുണ്ഡാഖ്യ
വർത്തന്യാം പരമേഷ്ഠിനഃ।
വിചിത്രധാതുവിന്യാസ
വിക്ഷേപകരണോദ്യമാ॥

11. സാചൈവോൎദ്ധ്വമുഖീഭൂത്വാ
മൂലാധാരാന്തരാസ്ഥിതാ।
പിംഗളേഡാസുഷുമ്നാഭി
രുദേതിയുഗപത്സമം॥

12. മണ്ഡലീഭൂതസത്ത്വാണു
പരിഭ്രമണരംഹസാ।
കുണ്ഡലാകാരസംപ്രാപ്ത
സ്ഫുലിംഗൌഘപരിച്ഛദാ॥

13. പിംഗലായാംതുഹേമാഭാ
ഹീഡായാമരുണാരുണാ।
നീലവൎണ്ണാസുഷുമ്നായാം
പുംസ്ത്രീചോഭയലക്ഷണാ॥

14. നാളൈരാപദ്യചക്രാന്തഃ
സുഷുമ്നായാസ്തതസ്തതഃ।
സ്രവന്ത്യാതേഷുവൈഷ്ണവ്യാ
ശക്ത്യാ സംഭ്രമിതാഭൃശം॥

15. മിഥഃസംഘൎഷസംശ്ലേഷ
ലബ്ധനിൎഭരപൌരുഷാ।
ചക്രാരപ്രസൃതാവിഷ്വങ്
നാഡ്യന്തഃ സ്യന്ദതേസദാ॥

16. പുഷ്യന്തീധമനിഗ്രന്ഥീൻ
വഹന്തീ പ്രാണവിപ്രുഷഃ।
ജ്വലന്തീ സൎവ്വഗാത്രേഷു
മിളന്തീ ജീവരോചിഷാ॥

17. കരോട്യന്തഭ്വംഗോട്ടം
കരണം മനസോനൃണാം।
ത്രിചതുൽമനീയുഗ്മ
പ്രഭവം യമളാത്മകം॥

18. കശേരുകാത്രയസ്ത്രിംശത്
കുല്യസംബദ്ധയഷ്ടികാ।
കരോടിസന്തതാപാശ്വ
രന്ധ്രിണീവിവരാന്തരാ॥

19. ഗോർദ്ധ്വാവലംബിനീനാഡീ
കശേര്വ്വന്തരവർത്തിനീ।
ഏകത്രിംശദ്ദ്വിമൂലാഢ്യ
സ്സ്നസായുഗ്മവിശാഖിനീ॥

20. യദന്തർവ്വിദ്യതെവർത്മാ
കുണ്ഡലിന്യാ വിനിർഗ്ഗമഃ।
സാസുഷുമ്നേതിവിഖ്യാതാ
മൂലാധാരാനുഷംഗിണീ॥

21. നവവിംശൈകവിംശീയ
ഷോഡശാഷ്ടതൃതീയഗാഃ।
ആധാരപ്രഭൃതീനാംതു
പ്രണാളപ്രഭവാഃ ക്രമാത്॥

22. പത്മയോഃ പരയോർന്നാളൌ
സന്ധാനകലികോത്ഭവൌ।
കേചിത്സവീഷഡ്വിശേഷോഽസ്തി
തയോന്നാളോത്ഥിതിക്രമെ॥

23. കശേരുഭയപാൎശ്വസ്ഥ
ഗ്രന്ഥിമദ്ഗുണസന്നിഭെ।
മസ്തിഷ്കാധാരപൎയ്യന്തെ
സ്നസൈസംഗ്രന്ഥിതാധരെ॥

24. ശാഖാഭിശ്ച സുഷുമ്നായാഃ
സംശ്ലിഷ്ടൈജ്ഞാനതന്തുഭിഃ।
സപ്ത“പ്ലക്ഷക”സംലഗ്നെ
ദേഹയാത്രാനിയന്ത്രകെ॥

25. പിംഗലേഡെനനാഡ്യൌതെ
കുണ്ഡലിന്യാഃ സൃതിളഭെ।
സവ്യാപസവ്യപാൎശ്വാതെഥ
സുഷുമ്നായാഹ്യധഃസ്ത്രിയാം॥

26. പ്രസവ്യൈഖല്വതെപുംസി
സൎപ്പന്ത്യൌജിഹ്മഗെപ്രതി।
സുഷുമ്നാംപരിരോഹന്ത്യൌ
വല്യാവിവമഹീരുഹം॥

27. അസൌകുണ്ഡലിനീശക്തി
ശ്ചക്രമൂലെതുദേഹിനാം।
സപ്താവരണസംച്ഛന്നാ
ശേതെനിവ്യൃഥനെത്രികെ॥

28. യമാദ്യഷ്ടാംഗയോഗേന
ബീജമന്ത്രജപേനവാ।
ഗുരുകാരുണ്യലേശേന
വ്യുത്ഥിതാഭവതിധ്രുവം॥

29. തടില്ലതേവകുടിലാ
പ്രതിചക്രം പ്രരോഹതീ।
പ്രജ്ഞാഽലോകപ്രദാപുംസാം
സൎവ്വസിദ്ധിവിജൃംഭിണീ॥

30. ഹാദ്യൈൎയ്യേനകേനാപി
മൂഢേനാഽസംയതാത്മനാ।
വിനാഗുരൂപദേശേന
ക്ഷുഭിതാഹന്തചണ്ഡികാ॥

31. വിദാരയതിധാതൂൻഹാ
കുരുതേവാനിബൎഹണം।
ദൂനോത്യതിതരാംദേഹാൻ
സൂക്ഷ്മാനപിചകൎക്കശാ॥

32. അഥവാഽവാങ്മുഖീഭൂത്വാ
കാമാഗ്നിം ചലതീഭൃശം।
കരോതിവൃജിനംഘോരം
മനുജം കാമകിംകരം॥

33. അകസ്മാദുത്ഥിതാസാപി
പ്രായയോയച്ഛതിദുൎഗ്ഗതിം।
പ്രണീതാശിക്ഷിതൈശ്ചക്രൈഃ
സമ്യഗ്ഭവതിസിദ്ധിദാ॥

34. രക്തപിംഗഹരിദ്രാഭ
ഹരിന്നീലിമമയൂരകൈഃ।
പൎയ്യായേനപരിസ്ഫുരത
ശുക്തിസംപുടബന്ധുരം॥

35. ഷഡൂർമ്മിഘടിതം ചക്രം
മേദസ്ഥംല്ലമണിപ്രഭം।
പ്ലീഹോപലക്ഷിതം ദേഹേ
പ്രചാരകരണം ദിവി॥

36. ഗ്രസത് പ്രാണകണാംച്ഛൂഭ്രാൻ
വിസൃഷ്ടാൻ രവിണാദിവാ।
പഞ്ചധാപ്രവിഭജ്യൈതാൻ
പ്രത്യംഗം പ്രതിയച്ഛതി॥

37. ഹരില്ലോഹിതവർണ്ണാഭ്യാം
വ്യത്യയേനാന്തരംജിതം।
തരംഗദശകൈർവ്യൂഢം
ചക്രം നാഭ്യുപലക്ഷിതം॥

38. ദ്വേഷോദ്വേഗസമാക്രാന്തം
ഗർവ്വാമർഷഭയാഞ്ചിതം।
അവ്യക്താക്രുതകൃത് ക്രാവ്യം
സദാഹാരവിഹാരയോഃ॥

39. ഹൃദോപലക്ഷിതം ചക്രം
ദ്വാദശോർമ്മിമദാസൃജം।
ബ്രാധ്നം കനകസംകാശം
സാമരസ്യകരം "ഭുവഃ"॥

40. ഇച്ഛാffഃവശസമാകീർണ്ണം
ഭക്തിപ്രേമദയാസ്പദം।
ഹൃത്സംകോചവികോചാഭ്യാം
സിരാഭിദ്രുതശോണിതം॥

41. ഷോഡശോർമ്മിപരിവ്യാപ്തം
ചക്രം കണ്ഠോപലക്ഷിതം।
ശാരദേന്ദുകരാമൃഷ്ട
ചലാചലസരോനിഭഃ॥

42. ത്വാചം ധവളമാനീലം
ദിവ്യശ്രവണകൃത് "സുവഃ"।
പ്രായശോവ്യാഹൃതിശ്വാസ
നിശ്വാസാദിനിയന്ത്രകം॥

43. ഷണ്ണവത്യൂർമ്മി സംക്ലൃപ്തം
മജ്ജാസംസ്ഥംഉക്രച്ഛഗം।
അർദ്ധാരുണംചാർദ്ധനീലം
ദിവ്യദൃഷ്ടികരം "മഹഃ"॥

44. പ്രയുകെത പ്രേക്ഷണേതസ്മാത്
തന്തതന്തുതനീയസീ।
നിർഗ്ഗച്ഛത്ത്വരഗീവക്ത്ര
വിന്യസ്താണവിലോചനാ॥

45. സ്ഥൂലസൂക്ഷ്മസമാലോക
പര്യ്യാപ്തകരണോല്ബണാ।
സർവ്വേന്ദ്രിയകലാകീർണ്ണ
പ്രാതിഭഗ്രഹണേ പടു॥

46. ഷഷ്ടിഭിഃ ഷ്ഷോഡശൈർഭംഗൈ
ഭംഗിതഭ്രമമണ്ഡലം।
സമസ്തവർണ്ണഭൂയിഷ്ഠ
നീലലോഹിതരഞ്ജിതം॥

47\. ഹൃച്ചക്രസദൃശാവർത്ത
രംഹസാഭ്രമിതോദരം।
മൂർദ്ധോപരിലസച്ഛത്രകം
ചക്രമാസേചനം "ജനഃ"॥

48\. ദേഹാന്നിഷ്ക്രമണം യോഗാത്
സ്വച്ഛന്ദം തേന ലഭ്യതേ।
ദേഹസംക്രമണം ചൈവ
സംവിദച്ഛേദനം വിനാ॥

49\. സ്പഷ്ടം കിരീടതാം യാതി
മഹതാം മൂർദ്ധ്നി യോഗിനാം।
വിരാജതി വിവിധൈർവ്വർണ്ണൈർ
ല്ലോഹബാഷ്പസമപ്രഭൈഃ॥

50\. ചക്രാണ്യേതാനിദൃശ്യന്തേ
സദാ പ്രാണമയോപരി।
ഇതരേഷു ച സൂക്ഷ്മേഷു
കോശേഷുബഹുശോഽന്തരാ॥

---

51\. ബ്രഹ്മാണ്ഡ മണ്ഡലാംഭോജ
കർണ്ണികാത്മകതാം ഗതഃ।
മാർത്താണ്ഡഃ സകലാൻലോകാൻ
ബിഭർത്തിനിജരശ്മിഭിഃ॥

52\. പ്രാണശക്ത്യാ സഹസ്രാംശോഃ
പൂരിതാഃ പഞ്ചമാണവഃ।
പ്രകർഷന്തി പൃഥക്ക്ഷഢൈ ച
സദ്യഃ പ്രാകൃതികാനണൂൻ॥

53. ഏവം സപ്താണുസംപൃക്താ
സ്ഫുരത് പ്രാണകണാദിവാ।
തരളാസ്തരസാസൂക്ഷ്മാഃ
പ്രഭവന്തിസഹസ്രശഃ॥

54. വിരളാദൂർദ്ധ്വിനേഽത്യർത്ഥം
ദോഷാനൈവഭവന്തിതേ।
യെദോഷാദിവിവർത്തന്തെ
സംഭൂതാസ്തേഗരേഽഹനി॥

55. പ്രാണാനേതാൻപ്രഗൃഹ്ണന്തോ
ജീവന്തി പ്രാണിസംചയാഃ।
പ്രാണിഭിർഗ്രസിതാനോചേ
ന്നപ്രണശ്യന്തിതേഽസവഃ॥

56 യാമേഽന്തിമേഽതോയാമിന്യാം
ക്ഷീണപ്രായാവിഹായസി।
തസ്മാത്തത് പ്രഹരേപ്രായോ
വ്യാധിതോമ്രിയതേബത॥

57. പ്ലീഹാവർത്തനിഗീർണ്ണാസ്തത്
രംഹസാവിഘടീകൃതാഃ।
വിശിഷ്ടവർണ്ണവ്യത്യസ്ത
സപ്തപ്രാണാ ഭവന്തിതെ॥

58. ചക്രനാഭ്യാവിശന്ത്യന്തഃ
“പ്രവിഷ്ടാഃ” പരമാണവഃ।
“പ്രകൃഷ്ടാ”ഹ്യപരാഃഷഡ്ഭി
ശ്ചക്രാരൈർനിർഗ്ഗളന്തിച॥

59. അണ്ണവശ്ചാരുണീഭൂതാ
ശ്ചക്രനാഭിനിവേശിതാഃ।
സ്രവന്ത്യഖിലനാഡീഭിഃ
കുണ്ഡലിന്യാപ്രവാഹിതാഃ॥

60. ഉത്തേജയന്തൊ ഗാത്രാണി
ഹരന്തശ്ച ശ്രമക്ലമാൻ।
വപുഷഃ പ്രസരന്ത്യേതെ
ലുപ്തവണ്ണാഃ സമന്തതഃ॥

61. അരോഗദൃഢഗാത്രൈസ്തു
പ്രചുരം വൈ പ്രപൂരിതാഃ।
അക്ഷീണവീൎയ്യവണ്ണാഢ്യാഃ
പ്രസരന്ത്യരുണാഭയാ॥

62. സ്വദേഹഗളിതൈഃ പ്രാണൈഃ
പൂരയിത്വാ ച രോഗിണം।
കുശലൈസ്താന്ത്രികൈർല്ലോകെ
കൃതം വ്യാധിവിരോപണം॥

63. ലോഹിതാഃ പിംഗലാശ്ചൈവ
പീതാശ്ച ഹരിതാ അപി।
നീലാശ്ച നീലരക്താശ്ച
ചക്രാരപ്രസൃതാസവഃ॥

64. ദ്വേധാഭവന്തി രക്താംഗാഃ
കൃഷ്ണരക്താശ്ച ധൂമളാഃ।
ആനീലാഃ കൃഷ്ണനീലാശ്ച
നീലാഭാവികൃതാദ്വിധാ॥

65. പിംഗലാഃ കൃഷ്ണരക്തൈശ്ച
ധൂമളൈഃ സഹസംഗതാഃ।
മൂലാധാരംഗതാഃപ്രായോ
ഗ്രാമ്യധർമ്മപ്രവർത്തകാഃ॥

66. തതൊ രുധിരമാവിശ്യ
ഭരന്ത്യൂഷ്മാംച വർഷ്മണഃ।
ബ്രഹ്മചര്യപ്രതിഷ്ഠായാം
ഭവന്ത്യോജാംസിദേഹിനഃ॥

67. പിംഗലാഃ പീതവർണ്ണാഃന്യഃ
കൃഷ്ണരക്താശ്ചപാടലാഃ।
ധൂമളാനീലരക്താംഗാഃ
കുണ്ഡലിന്യാസമുദ്ഗതാഃ॥

68. പിംഗലേഡാസുഷുമ് നാഭി
ർമ്മസ്തിഷ്കമഭിധാവിതാഃ।
മേധഃപ്രേയഃ സുവച്ഛാംസി
വർദ്ധയന്ത്യൂർദ്ധ്വരേതസഃ॥

69. നാഭീചക്രനിവിഷ്ടാവൈ
വിശന്ത്യുദരകന്ദരം।
യകൃത് പുരീതദൃക്കാന്ത്ര
പുഷ്കരാഹരിതാസവഃ॥

70. പീതാഹ്വ ച്ചക്രമാരുഹ്യ
പുഷ്ണന്തൊഹൃദയംതതഃ।
മസ്തിഷ്കഭിധാവന്തി
ദ്വാദശാന്തം വിശേഷതഃ॥

71. ശ്രീവാഹചക്രസമാരൂഢാ
നീലാഭാ നീലലോഹിതൈഃ।
ദ്വേധാഭവന്തി തേ തത്ര
പൂർവ്വം നിഗദിതാ യഥാ॥

72. ആനീലാഃ കണ്ഠദേശസ്ഥാഃ
ശ്വാസാംഗകേന്ദ്രപ്രചോദകാഃ।
കൃഷ്ണനീലാസ്തു വിസൃഷ്ടം
മസ്തിഷ്കാധരവർത്തിനഃ॥

73. പ്ലാവയന്തി ശിരശ്ചക്ര
മണ്ഡലം നീലലോഹിതാഃ।
പഞ്ചധാ പ്രസ്രവന്ത്യേവം
സപ്തപ്രാണാഃ കളേബരേ॥

74. ഏതേ പ്രാണാണവഃ സർവ്വേ
കൃതകൃത്യാസ്തതസ്തതഃ।
വീര്യവർണ്ണപരിഭ്രഷ്ടാ
ബഹിര്യാന്തി ശരീരതഃ॥

75. സർവ്വേഷ്വപി ച ലോകേഷു
വിദ്യന്തേ പ്രാണബിന്ദവഃ।
ബഹുലാ മിഹിരോത്സൃഷ്ടാ
വൈഷ്ണവീ ശക്തിപൂരിതാഃ॥

ഓം തത് സത്.

ॐ

# ചക്രനിരൂപണം.

(കുണ്ഡലിനീപ്രകരണം)

ഉത്തിഷ്ഠത മാസ്വപ്ത അഗ്നിമിച്ഛധ്വം ഭാരതാഃ।
രാജ്ഞഃ സോമസ്യതൃപ്താസഃ സൂൎയ്യേണസയുജോഷസഃ॥

(അരുണോപനിഷത്.)

അർത്ഥം—ഉണരുവിൻ! ഉറങ്ങായ്‌വിൻ! അല്ലയോ ഭാരതന്മാരെ! അഗ്നിയെ ഇച്ഛിപ്പിൻ! (സൂൎയ്യകിരണസംപർക്കത്താൽ സുശോഭിതനാകുന്ന) സൂൎയ്യനോടുകൂടി ചേൎന്നിട്ടുള്ള രാജാവാകുന്ന സോമൻെറ അമൃതധാര കൊണ്ടു് തൃപ്തന്മാരായ് ഭവിയ്ക്കുവിൻ!

ഈ അരുണോപനിഷദ്വാക്യത്തിലെ അഗ്നി ശബ്ദത്തിന്നു് മൂലാധാരചക്രത്തിൽനിന്നു് അഗ്നികണങ്ങൾ പോലെ പുറപ്പെടുന്ന കുണ്ഡലിനീശക്തിയെന്നും, “ഭാരതാഃ” എന്ന ശബ്ദത്തിന്നു് ജ്യോതിൎമ്മയിയായ ആദിശക്തിയിങ്കൽ രതിയോടു കൂടിയവരെന്നും, സോമശബ്ദത്തിന്നു് ചന്ദ്രനെന്നും ഉമാസഹചരനാകുന്ന സദാശിവനെന്നും അർത്ഥം കല്പിയ്ക്കാവുന്നതാണു്.

"സർവ്വതേജോമയീസാതുസുഷുമ്നാ വഹ്നിരൂപിണീ।
ദക്ഷിണേയാ പിംഗലാഖ്യാപുംരൂപാ സൂര്യവിഗ്രഹാ॥
ഇഡാ വാമേസ്ഥിതാചൈവ സ്ത്രീരൂപാസോമവിഗ്രഹാ"

എന്നീ പുരാണവചനങ്ങളെ ആസ്പദിച്ച് അഗ്നിസോമ സൂര്യശബ്ദങ്ങൾ സുഷുമ്നാ, ഇഡാ, പിംഗലാ എന്ന മൂന്ന് മാർഗ്ഗങ്ങളിൽക്കൂടി നിർഗ്ഗമിക്കുന്ന കുണ്ഡലിനീ ശക്തിഭേദങ്ങളെ സൂചിപ്പിക്കുന്നവയാകകൊണ്ട് ഈ വാക്യത്തിന്ന്, "സുഷുമ്നയിൽക്കൂടി മേല്പോട്ടൊഴുകുന്ന "അഗ്നി"കുണ്ഡലിനിയെ പിംഗലയിൽക്കൂടി സ്രവിക്കുന്ന "സൂര്യ"കുണ്ഡലിനിയോടും, ഇഡയിൽക്കൂടി പ്രവഹിക്കുന്ന "സോമ"കുണ്ഡലിനിയോടും യോജിപ്പിച്ച്, ആ ശക്തിയെക്കൊണ്ട് ശിരോപരി വിളങ്ങുന്ന സഹസ്രാര ചക്രമദ്ധ്യത്തിങ്കലെ ചന്ദ്രപ്രഭാധവളമായിരിക്കുന്ന ദ്വാദശാന്തസ്ഥാനത്തെ പ്രബുദ്ധമാക്കിച്ചെയ്യുന്നതിന്റെ ഫലമായ് ആ ചക്രത്തിൽനിന്ന് ശീതാംശുവിന്റെ അമൃതകിരണങ്ങളെന്നപോലെ നിർഗ്ഗളിക്കുന്ന സദാശിവന്റെ സർവ്വസിദ്ധി വിജൃംഭിണിയായ സുധാസ്രുതി കൊണ്ട് തൃപ്തന്മാരായ്ഭവിക്കുവിൻ" എന്നുള്ള ഭാവാർത്ഥത്തെ കല്പിക്കാവുന്നതാണ്.

1. അജ്ഞാനമുകുളീഭൂത മാനസാംഭോജഭാസ്കരം।
ഗുരുദേവം പ്രണമ്യാഹം കുർവ്വേ ചക്രനിരൂപണം॥

അർത്ഥം—അജ്ഞാനത്താൽ കൂമ്പിക്കപ്പെട്ട മാനസസാരസത്തിന്ന് പ്രഭാകരനായ്ഭവിച്ച ഗുരുദേവനെ സർവ്വാത്മനാ നമസ്കരിച്ചിട്ട് ഞാൻ (മൂലാധാരാദി) ചക്രനിരൂപണത്തെ ചെയ്യുന്നു.

## മൂലാധാരചക്രം.

2\. ത്രികോണസ്ഥലശോഭാസ്വത്
ചതുർഭംഗതരംഗിതം।
ഭ്രമരാവർത്തവച്ഛീഘ്രം
ലസത്പുഷ്കരപുഷ്കലം॥

3\. ഓജസാംസദനം സാക്ഷാത്
ദ്വാരംത്രിസ്രോതസാസ്തനൌ।
മൂലാധാരാഹ്വയംചക്രം
പ്രായഃ കൈകസമൌജ്ജ്വലം॥

അർത്ഥം—സൂക്ഷ്മശരീരത്തിൽ മുതുകെല്ലിൻെറ അധോഭാഗത്തായിപ്പലകയിതമായിരിയ്ക്കുന്ന സ്ഥാനത്ത് ആഗ്നേയകാന്തിയോടുകൂടി പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നതും, നീർച്ചുഴിയെന്നപോലെ അതിവേഗത്തിൽ ചുററിക്കൊണ്ടിരിയ്ക്കുന്നതും, നാലൊടിവുകളാലലകളോടുകൂടിയതായി ചെയ്യപ്പെട്ടതും, (അതു് ഹേതുവായിട്ട്) നാലുദളങ്ങളോടുകൂടിയ പത്മമെന്നപോലെ അത്യന്തശോഭനമായ്വിളങ്ങുന്നതും, പ്രത്യക്ഷത്തിൽ ഓജസ്സുകളുടെ ഇരിപ്പിടവും ഗംഗയുടെ ദ്വാരവും, ആയ മൂലാധാരമെന്നു് വിളിച്ചുവരുന്ന ചക്രം പ്രായേണ (മനുഷ്യശരീരത്തിൽ) അസ്ഥിധാതുവിനേയും, കാമോദ്വേഗത്തേയും, ദേഹത്തിൻെറ നൈസർഗ്ഗികമായ ഊഷ്മതയേയും (മാത്രം) സംബന്ധിച്ചതുമാകുന്നു.

വ്യാഖ്യാനം—അസ്ഥിമാംസചർമ്മാദി ധാതുക്കളാൽ നിർമ്മിതമായിരിയ്ക്കുന്ന അന്നമയകോശത്തിൽ "ആവർത്ത"ങ്ങളസംഭവങ്ങളാകയാൽ ഇവിടെ "തനൌ"

എന്ന പദംകൊണ്ട്, മൂലാധാരചക്രമെന്നതന്നെയല്ല മററെല്ലാ ചക്രങ്ങളും സൂക്ഷ്മശരീരങ്ങളിലുള്ളവയാണെന്നും, "ത്രികെ" എന്ന പ്രയോഗത്താൽ സ്ഥൂല*സൂക്ഷ്മകാരണശരീരത്രയത്തിലും ഈ ചക്രങ്ങൾ ഉണ്ടെന്ന് മാത്രമല്ല തിർയ്യങ്മാനുഷദേവയോനിത്രയജന്യങ്ങളായ ശരീരങ്ങളിലും ചക്രങ്ങൾ വർത്തിയ്ക്കുന്നുണ്ടെന്നും, അതിന്നും പുറമെ ഇഡാ, പിംഗലാ, സുഷുമ്നാ എന്നീ മൂന്ന് കുണ്ഡലിനീമാർഗ്ഗങ്ങളുടെ ഉത്ഭവസ്ഥാനമാകുന്ന പൃഷ്ഠവംശാധരത്തിങ്കലാകുന്നു മൂലാധാരചക്രത്തിൻെറ സ്ഥിതിയെന്നും ധ്വനിയ്ക്കുന്നുണ്ട്.

"ഭ്രമദാവർത്തവച്ഛീർഷം ലസത്പുഷ്കരപുഷ്കലം
ഓജസാംസദനം സാക്ഷാദ്ദ്വാരം ത്രിസ്രോതസസ്തനൌ"

എന്ന വിശേഷണങ്ങൾ സർവ്വചക്രസാമാന്യങ്ങളാണെന്നും, ഇതിഹാസപുരാണങ്ങളിൽ "ഗംഗാ" എന്ന് ഘോഷിയ്ക്കപ്പെട്ടിരിക്കുന്നത് ഈശ്വരചൈതന്യപ്രവാഹമാണെന്നും, ഈശ്വരചൈതന്യം ത്രിമൂർത്തികളായ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരിൽനിന്ന് മൂന്നുപ്രകാരത്തിൽ പ്രവഹിയ്ക്കുന്നതിനാൽ ഗംഗയ്ക്കു "ത്രിസ്രോതാഃ" എന്ന പേര് സിദ്ധിച്ചതാണെന്നും, ത്രിവിധമായ ഈശ്വരചൈതന്യം ശരീരങ്ങളിൽ പ്രവേശിയ്ക്കുന്നത് മൂലാധാരാദിചക്രങ്ങളിൽ ക്കൂടിയാകയാൽ "ദ്വാരം ത്രിസ്രോതസഃ" എന്ന പ്രയോഗം യുക്തമാണെന്നും അറിഞ്ഞുകൊള്ളേണ്ടതാകുന്നു. ഈ ചക്രത്തിലേ "ദള"ങ്ങൾ (അലകൾ) പിംഗലലോഹിതവർണ്ണങ്ങളാലിടഞ്ഞു ശോഭിയ്ക്കുന്നവെന്നനുമാനിയ്ക്കാവുന്നതാണ്.

* പ്രാണമയകോശം സ്ഥൂലശരീരത്തിൻെറ ഉത്തരഭാഗമാണ്.

4. തസ്യമൂലഗതംശുഭ്രം
കുലകുണ്ഡമിതിസ്മൃതം।
നാമ്നാതേനൈവനിർദ്ദിഷ്ടം
ഭൂർമ്മദ്ധ്യമതിദുർഗ്ഗമം॥

അർത്ഥം—ആ മൂലാധാരചക്രത്തിന്റെ മൂലത്തിങ്കലുള്ള രന്ധ്രം "കുലകുണ്ഡ"മെന്ന് ഓർമ്മവെയ്ക്കപ്പെട്ടതാകുന്നു. ആരാലും പ്രവേശിപ്പാൻ കഴിയാത്തതായ ഭൂഗോളമദ്ധ്യവും അതേ നാമധേയത്താൽ സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

വ്യാഖ്യാനം—"ശുഭ്ര"മെന്ന പദത്താൽ, പൃഷ്ഠവംശചരമകോട്യന്തഭാഗത്തിങ്കലേ രന്ധ്രത്തേയും, അതിൽ സ്ഥിതിചെയ്യുന്ന കുണ്ഡലിനീശക്തിയുടെ "സപ്താവരണ"രൂപത്തിൽ വർത്തിയ്ക്കുന്ന "ബിന്ദുമണ്ഡല"ത്തേയും, വിവക്ഷിച്ചിരിയ്ക്കുന്നു.

"അവാപ്യസ്വാം ഭൂമിം ഭുജഗനിഭമദ്ധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാസ്വപിഷി കുലകുണ്ഡേകുഹരിണി"
എന്നുള്ള ശങ്കരഭഗവത്പാദാചാര്യ്യവചനം ഈ വിഷയത്തിലനുസന്ധേയമാണ്. "ഭൂഃ" എന്നുള്ള "വ്യാഹൃതി" ഈ മൂലാധാരചക്രവും ഇതിന് തുടർച്ചയായ്വിവരിയ്ക്കപ്പെട്ടിരിയ്ക്കുന്ന രണ്ട് ചക്രങ്ങളും ഭൂലോകത്തെ സംബന്ധിച്ചവയാണെന്ന് സൂചിപ്പിയ്ക്കുന്നു. അതായത് ഈ മൂന്ന് ചക്രങ്ങളും സാമാന്യമായ് സ്ഥൂലദേഹവ്യാപാരനിർവ്വാഹകങ്ങളാണെന്ന് താല്പര്യ്യം. ഇപ്രകാരം ഓരോ ചക്രത്തിന്റേയും വിവരണത്തിൽ ആ ചക്രസംബന്ധിയായ ലോകത്തേയും അതിന്നനുരൂപമായ ശരീരത്തേയും സൂചിപ്പിയ്ക്കുന്നതായ "വ്യാഹൃതി"യുടെ പ്രയോഗം കാണാം.

## കുണ്ഡലിനീ.

5. തത്രത്യബൈന്ദവോത്ഥാംതാം
ശൌക്ളീം ഔഹ്രീംമഹോജ്ജ്വലാം।
ഗൃണന്തിയോഗിനഃ സൎവ്വേ
ശക്തിഃ കുണ്ഡലിനീത്യസൌ॥

അൎത്ഥം — പ്രഷ്ഠവംശചരമകോട്യന്തൎഭാഗത്തിങ്കലെ ബിന്ദുവിൽനിന്ന് അത്യവദാതകാന്തിയോടുകൂടി ഉത്ഥാനംചെയ്യുന്ന ഉഹ്രീസംബന്ധിനിയായ ആ മഹോജ്ജ്വലയെ യോഗികളെല്ലാവരും "ഈ ശക്തി കുണ്ഡലിനിയാകുന്നു"വെന്നു ചൊല്ലുന്നു.

വ്യാഖ്യാനം—ഈ ശ്ലോകത്തിൽ "ബാലാബീജമന്ത്രം" എന്ന് പറഞ്ഞുവരുന്ന "ഐം", "ക്ളീം", "ഔഃ" എന്നീ "ബീജാക്ഷര"ങ്ങൾ അന്തൎഭവിച്ചിരിയ്ക്കുന്നു. ഇവയുടെ തത്വത്തെ ശബ്ദശാസ്ത്രമാകുന്ന വ്യാകരണത്തിൽനിന്ന് അനായാസേന ഗ്രഹിയ്ക്കാവുന്നതാണ്. ശബ്ദശാസ്ത്രപാരംഗതനായ പാണിനി "അ, ഇ, ഉണ്", "ഋ, ഌക്", "എ, ഓങ്", "ഐ, ഔച്" എന്നിങ്ങിനെ സ്വരങ്ങളെ നാലുവിധത്തിൽ തരംതിരിച്ചതിന്റെ ഉദ്ദേശമെന്തായിരിയ്ക്കും? ഇവയിൽ അ, ഇ, ഉ, എന്ന മൂന്ന് സ്വരങ്ങളുടേയും ഉച്ചാരണത്തിൽ യാതൊരു പ്രകാരഭേദവുമില്ലാത്തതിനാൽ ഇവ മൂന്നും "ശുദ്ധ"സ്വരങ്ങളായതിനാലും, ഋ, ഌ, എന്ന രണ്ടും 'ര്'കാര 'ല്'കാരങ്ങളുടെ പ്രകാരഭേദങ്ങളാകയാൽ. അവ "അൎദ്ധ"സ്വരങ്ങൾ അല്ലെങ്കിൽ "അൎദ്ധ"വ്യഞ്ജനങ്ങളായതിനാലും, എ, ഒ, എന്ന രണ്ടു് സ്വരങ്ങൾക്ക് അവയുടെ ഉച്ചാരണത്തിൽ

പ്രകാരഭേദമില്ലെങ്കിലും "എ" എന്നതു് 'അ', 'ഇ' എന്ന രണ്ടു സ്വരങ്ങൾ ചേൎന്നും, "ഒ" എന്നതു് "അ", "ഉ" എന്ന രണ്ടു് സ്വരങ്ങൾ ചേൎന്നും ഉണ്ടായതിനാലും, "ഐ","ഔ" എന്ന സ്വരങ്ങളുടെ ഉച്ചാരണത്തിൽ പ്രകാരഭേദമുണ്ടെന്നു മാത്രമല്ല "ഐ" എന്നതു് "അ", "ഏ" എന്ന രണ്ടു സ്വരങ്ങൾ ചേൎന്നും "ഔ" എന്നതു് "അ", "ഒ" എന്ന രണ്ടു് സ്വരങ്ങൾ ചേൎന്നും ഉണ്ടായതിനാലും ഇങ്ങിനെ നാലു് വകയായു് സ്വരങ്ങളെ തരം തിരിച്ചതായിരിയ്ക്കണം. ആയതിനാൽ "അ", "ഇ", "ഉ" എന്നിവ മാത്രമെ വാസ്തവത്തിൽ "ശുദ്ധ"സ്വരങ്ങളായും ഇതരസ്വരങ്ങൾക്കധിഷ്ഠാനങ്ങളായും ഭവിയ്ക്കുന്നുള്ളു. "താലവ്യ"സ്വരങ്ങളായ "അ, ആ, ഇ, ഈ" എന്നിവയുടെ സംയോഗത്താൽ "ഐ"എന്ന സ്വരവും, "ഓഷ്ഠ്യ" സ്വരങ്ങളായ "അ, ആ, ഉ, ഊ" എന്നിവയുടെ സംയോഗത്താൽ "ഔ" എന്ന സ്വരവും ജന്യമായി. അനുസ്വാരവിസൎഗ്ഗങ്ങൾ സന്ധിയിൽ പലേടത്തും വ്യഞ്ജനങ്ങളായ്പരിണമിയ്ക്കാറുള്ളതിനാൽ അവ ഉഭയാത്മകങ്ങളാകുന്നവെന്നുള്ളതിന്നു സംശയമില്ല. "ഐ" എന്നതിനോടു് അനുസ്വാരത്തേയും, "ഔ" എന്നതിനോടു് വിസൎഗ്ഗത്തേയും ചേൎക്കുന്നതിനാലുണ്ടാകുന്ന "ഐം", "ഔഃ" എന്ന ബീജാക്ഷരങ്ങൾ രണ്ടുംകൂടി സ്വരസമഷ്ടിയെ സാധിപ്പിയ്ക്കുന്നു. "ക്ല്" എന്നുള്ളതു് "ക"കാരാദി "ല" കാരാന്തമായ വ്യഞ്ജനസമഷ്ടിയെ കുറിയ്ക്കുന്നു. "ക്ല്" എന്ന വ്യഞ്ജനസമഷ്ടിയുടെ സംജ്ഞയോടുകൂടി "അ" കാര "ല"കാരങ്ങളുടെ മദ്ധ്യത്തിൽ നൈസൎഗ്ഗികമായു് ധ്വനിയ്ക്കുന്ന ദീൎഘമായ "ഈ"കാരത്തേയും അനുസ്വാര

ത്തെയും ചേൎക്കുന്നതിനാൽ "ക്ലീം" എന്ന ബീജാക്ഷര"വും സിദ്ധിക്കുന്നു.

ഇപ്രകാരം "ഐം", "ക്ലീം", "ഔഃ" എന്ന "ബാലാ"മന്ത്ര"ബീജാക്ഷര"ങ്ങളെക്കൊണ്ട് ശബ്ദശാസ്ത്രജ്ഞന്മാർ വൎണ്ണസമഷ്ടിയെ സാധിപ്പിച്ചിരിക്കുന്നു. ബീജത്തിൽ വൃക്ഷം എങ്ങിനെ അന്തൎഭവിച്ചിരിക്കുന്നുവോ അങ്ങിനെ ഈ "ബീജാക്ഷര"ങ്ങളിൽ വൎണ്ണരൂപിണിയായ ഭാഷയും അന്തൎഭവിച്ചിരിക്കുന്നതായ് വിചാരിക്കാം.

ശബ്ദത്തിന്റെ "വ്യാകരണം" ഭാഷയായ്ത്തീരുന്നതുപോലെ ആത്മാവിന്റെ "വ്യാകരണം" ജഗത്തായ് ഭവിക്കുന്നു. ഈ സംഗതിയിൽ "സ്വരം" ആത്മാവും, "വ്യഞ്ജനം" അനാത്മാവും, "സന്ധ്യക്ഷര"ങ്ങൾ അണുക്കളും, "വാക്യങ്ങൾ" ലോകങ്ങളും, "പ്രബന്ധങ്ങൾ" ബ്രഹ്മാണ്ഡങ്ങളും, "ഭാഷകൾ" ജഗത്തുകളും, "വിസൎഗ്ഗം" സൃഷ്ടിയും, "അനുസ്വാരം" പ്രലയവുമായ് അന്യോന്യം സാദൃശ്യപ്പെടുത്താവുന്നതാണ്.

## പരാശക്തി.

6. പൂൎണ്ണാfഹന്താffത്മ ഭാവാfഗ്രേ
പരാസംവിദിതിശ്രുതാ।
ജ്യോതിൎമ്മയീ വിശ്വഗൎഭാ
ഹൃഷ്ടാഭവത്വി വാങ്മയീ॥

അൎത്ഥം—(ഈ ശക്തി സൃഷ്ടിക്ക്) മുമ്പ് പൂൎണ്ണാഹന്തയാകുന്ന ആത്മഭാവത്തോടുകൂടിയ ആത്യന്തികീസം

വിശ്വാത്മരൂപിണിയെന്ന് കേൾക്കപ്പെട്ടനു. (സൃഷ്ടിയുടെ) ആദിയിങ്കൽ ജ്യോതിൎമ്മയിയായും, വിശ്വഗൎഭയായും, വാങ്മയിയായും ഭവിയ്ക്കുന്നു. ആശ്ചൎയ്യം!!!

വ്യാഖ്യാനം—ഈ ശ്ലോകത്തിൽ, വേദശാസ്ത്രപുരാണേതിഹാസാദികളിലുള്ള സമസ്തപദങ്ങളും "അ"കാരാദി "ഹ"കാരാന്തമായ വൎണ്ണമാലയിലന്തൎഭവിച്ചു കിടക്കുന്നതുപോലെ സൎവ്വജഗജ്ജാലങ്ങളും ആത്മസംവിദ്വൃത്തിയാകുന്ന "അഹം" എന്നതിൽ അടങ്ങിയിരിയ്ക്കുന്നു എന്നും, അഹം പ്രജ്ഞയിലല്ലാതെ യാതൊരു വസ്തുവിന്നും സ്ഥിതിയില്ലാത്തതിനാൽ ആയതിങ്കൽ സൎവ്വവസ്തുക്കളും സൎവ്വത്ര സൎവ്വദാ വൎത്തിയ്ക്കുന്നു എന്നല്ലാതെ അന്യഥാ വിചാരിപ്പാൻ യാതൊരു മാൎഗ്ഗവുമില്ലാത്തതുകൊണ്ടു് ഈ "പരാസംവിത്" പൂൎണ്ണാഹന്തയാകുന്നുവെന്നും, ഭേദബുദ്ധിയോടുകൂടിയ അസ്മാദൃക്കുകളായ കിഞ്ചിത് പ്രജ്ഞന്മാരാൽ ഈ ആത്മ്യാന്തികീസംവിത് ജഗദുത്പത്തിസ്ഥിതിപ്രലയക്രമത്താലല്ലാതെ ഗ്രഹിയ്ക്കപ്പെടുവാൻ സാദ്ധ്യയല്ലായ്കയാൽ ജഗത്സൃഷ്ടിയുടെ ആദിയിങ്കൽ ഈശ്വരഹിരണ്യഗൎഭവൈശ്വാനരന്മാരുടെ ശക്തിഭേദങ്ങളാകുന്ന "മാഹേശ്വരി" എന്ന ജ്യോതിൎമ്മയിയായും, "വൈഷ്ണവി" എന്ന വിശ്വഗൎഭയായും, "ബ്രാഹ്മീ" എന്ന വാങ്മയിയായും ആവിൎഭവിയ്ക്കുന്നുവെന്നും വിവരിച്ചിരിക്കുന്നു. ഈ സന്ദൎഭത്തിൽ സൃഷ്ടിസൂചകമായ "അഃ" എന്ന വിസൎഗ്ഗത്തേയും പ്രളയസൂചകമായ "അം" എന്ന അനുസ്വാരത്തേയും ചേൎത്തു് ശബ്ദിയ്ക്കുമ്പോൾ "അഹം" ശബ്ദമായ്ത്തീരുമെന്നും, ആത്മസ്വരൂപമാകുന്ന "അഹം"

പ്രത്യയം, സൎഗ്ഗസ്ഥിതിലയങ്ങളുടെ യൌഗപദ്യാവസ്ഥയേയും അവയുടെ പരംപരാവസ്ഥയേയും ഒരുപോലെ കുറിയ്ക്കുന്നതിനാലാകുന്നു "അഹം ബ്രഹ്മാസ്മി" എന്നു വേദവും, "ആത്മനിചൈവം വിചിത്രാശ്ചഹി" എന്നു ബാദരായണനും, "താരകം സൎവ്വവിഷയം സൎവ്വഥാ വിഷയമക്രമം" എന്നു പതംജലിയും പറയുന്നതു് എന്നും ഓൎമ്മവെയ്ക്കേണ്ടതാണു്. പ്രലയമഹാസുഷുപ്തിയിൽനിന്നു് ഉത്ഥാനംചെയ്യുന്ന സംവിത്സ്ഫൂൎത്തിയാകുന്ന അവ്യാകൃതാഹന്തയെ "ജ്യോതിൎമ്മയീ" എന്നും, അതിൽപിന്നെ ആ അഹന്തയിൽ സംഭവിക്കുന്ന വിശ്വവിമൎശരൂപയാകുന്ന അന്തഃപ്രജ്ഞയെ "വിശ്വഗൎഭാ" എന്നും, അനന്തരം ഈ വിമൎശനത്തിന്റെ അനുഗാമിനിയായിരിക്കുന്ന വിശ്വജനനവ്യാപാരത്തിങ്കൽ ബഹിൎമ്മുഖ്യമായിത്തീരുന്ന ബഹിഃപ്രജ്ഞയെ "വാങ്മയീ" എന്നും ഗ്രഹിച്ചുകൊള്ളേണ്ടതാണു്.* "വിമൎശരൂപിണീവിദ്യാവിയദാദിജഗത്പ്രസൂഃ",

"വിശ്വാത്മികാംതദുത്തീൎണ്ണാം ഹൃദയംപരമേശിതുഃ
പരാദിശക്തിരൂപേണ സ്ഫുരന്തീം സംവിദംനമഃ"

എന്നീ വാക്യങ്ങൾ ഈ ശ്ലോകത്തിന്റെ പ്രതിധ്വനികളാകുന്നു.

* ഇവയെ പരാ, പശ്യന്തി, മദ്ധ്യമാ എന്നും പറയാറുണ്ടു്.

## ത്രിസ്രോതസ്.

7\. പ്രാജ്ഞീമാഹേശ്വരീശക്തി
രിച്ഛാജ്ഞാനക്രിയാമയീ।
ശാരീരീ വൈഷ്ണവീശക്തി
ർവ്യൂഹിനീപ്രാണരൂപിണീ॥

8\. ബ്രാഹ്മീചഭൌതികീശക്തി
ർവിദ്യുദുഷ്ണാദ്യുതിർധ്വനിഃ।
കൃഷ്ടിഃകുണ്ഡലിനീത്യാദി
വിവിധപ്രകടാകൃതിഃ॥

അൎത്ഥം—"മാഹേശ്വരീ"ശക്തി ഇച്ഛാജ്ഞാനക്രിയാസ്വഭാവങ്ങളോടുകൂടിയ പ്രജ്ഞയെ സംബന്ധിച്ചിരിയ്ക്കുന്നതും, "വൈഷ്ണവീ"ശക്തി (ഇന്ദ്രിയാദ്യവയവങ്ങളോടുകൂടി അനേകവിധങ്ങളായ) "കായവ്യൂഹ"ങ്ങളെ നിൎമ്മിച്ച് പ്രാണശക്തിയാലവയെ നിലനിൎത്തിവരികയാൽ ശരീരത്തെസംബന്ധിച്ചിരിക്കുന്നതും, "ബ്രാഹ്മീ" ശക്തി വിദ്യുത്, ഉഷ്ണം, ദ്യുതി, ശബ്ദം, ആകൎഷണം, കുണ്ഡലിനീ മുതലായ പല രൂപങ്ങളിലുമായി (പൃഥിവ്യാദി) മഹാഭൂതങ്ങളെസംബന്ധിച്ചിരിക്കുന്നതും ആകുന്നു.

വ്യാഖ്യാനം—ഈ ശ്ലോകങ്ങളിൽ മൂന്നാമത്തെ ശ്ലോകത്തിലേ "ത്രിസ്രോതസ്"എന്ന ശബ്ദത്താൽ നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ,ഈശ്വരചൈതന്യത്തിൻെറ ത്രിവിധങ്ങളായ പ്രവാഹങ്ങളെ പ്രത്യാനയനംചെയ്തു്, ഇവ "മാഹേശ്വരീ", "വൈഷ്ണവീ", "ബ്രാഹ്മീ" എന്ന ശക്തി

കളാകുന്നു എന്നും, ഇവയുടെ പ്രാപഞ്ചികങ്ങളായ പ്രവൃത്തികളും പ്രകാരഭേദങ്ങളും ഇന്നിന്നവയാണെന്നും ഉദാഹരിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ മുഖ്യമായറിയേണ്ടതു് "പ്രപഞ്ചം" അല്ലെങ്കിൽ "ജഗത്" എന്നുള്ളതു് ധർമ്മ—കർമ്മപാശത്താൽ ബന്ധിയ്ക്കപ്പെട്ട ജീവകോടികളുടെ സമാഹാരമാണെന്നും, ഈ ജീവകോടികളിൽ ഓരോ ജീവനും ഈശ്വരാഹന്തയുടെ പ്രകാരഭേദവും ഈശ്വരതാദാത്മ്യസിദ്ധിയ്ക്കു പാത്രമായ ഈശ്വരബീജവുമാണെന്നുമാകുന്നു. ഓരോ ജീവനും സ്വതന്ത്രനാണെങ്കിലും ഇതരജീവന്മാരുടെ സ്വാതന്ത്ര്യത്താൽ തടയപ്പെട്ടവനാകകൊണ്ടു് എല്ലാവർക്കും ഒരുപോലെ ശ്രേയസ്കരമായിരിയ്ക്കുന്ന കർമ്മം ചെയ്യുന്നതിൽ മാത്രമേ ഏതൊരു ജീവനും വാസ്തവത്തിൽ സ്വതന്ത്രനായ് ഭവിയ്ക്കുന്നുള്ളു. ഇങ്ങിനേയുള്ള "കർമ്മ"മാണ് "ധർമ്മം" അല്ലെങ്കിൽ "ഈശ്വരേച്ഛാ" എന്നു് പറയപ്പെടുന്നതു്.

ഇപ്രകാരമുള്ള പ്രപഞ്ചസൃഷ്ടിക്രമത്തിൽ ഒന്നാമതായി "ബ്രാഹ്മീ" എന്ന കുണ്ഡലിനീശക്തി ആകാശാദി "ഭൂതമാത്ര"കളെ സൃഷ്ടിയ്ക്കുകയും, അപ്രകാരം സൃഷ്ടങ്ങളായിരിയ്ക്കുന്ന ഏതാനും ഭൂതമാത്രകളിൽ "വൈഷ്ണവീ" എന്ന രൂപീകരണശക്തി പ്രവേശിച്ച് അവയെ വിശിഷ്ടചൈതന്യവ്യഞ്ജകങ്ങളാകുന്ന "രസാത്ഭുത"ങ്ങളാക്കി മാററിയതിൻെറശേഷം അവയെക്കൊണ്ടനേകവിധ ജീവോപാധികളെ നിർമ്മിയ്ക്കുകയും അവയെ പ്രാണശക്തിയാൽ നിലനിർത്തിവരികയും, അനന്തരം ഈ ഉപാധികളിൽ "മാഹേശ്വരീ" എന്ന പ്രജ്ഞാശക്തി പ്രവേശിച്ച് ഇച്ഛാജ്ഞാനക്രിയാസ്വഭാവങ്ങളോടുകൂടിയ ജീവ

നായുത്തിയ്ക്കുയും ചെയ്യുന്നു * ഇപ്രകാരം "ഭൌതികീ", "ശാരീരി", "പ്രാജ്ഞി" എന്ന് മൂന്നുവിധത്തിൽ പ്രവ ഹിയ്ക്കുന്ന ഈശ്വരചൈതന്യത്തെ ഇതിഹാസപുരാണ ങ്ങളിൽ "ത്രിപഥഗാ" എന്ന നാമധേയത്തോടുകൂടിയ "ഗംഗാ" എന്ന് വർണ്ണിച്ചിരിയ്ക്കുന്നു. "സപ്തസ്രോതാഃ" എന്നും ഗംഗയ്ക്ക് പേരുള്ളതായിക്കാണാം. ആയത് ഈ മൂന്നു പ്രവാഹങ്ങളിലും ഏഴേഴുപിരിവുകളുള്ളതി നാലാകുന്നു. ഈ സംഗതിയിൽ പ്രാജ്ഞിയാകുന്ന മാഹേ ശ്വരീശക്തിയുടെ ഏഴാവിർഭാവങ്ങളിൽ ഒരാവിർഭാവം "മനുഷ്യസർഗ്ഗ"മാണെന്നും മറ്റൊന്ന് "ദേവസർഗ്ഗ"മാ ണെന്നും മാത്രം സൂചിപ്പിച്ചുകൊള്ളുന്നു. ഇങ്ങിനേയുള്ള ഓരോ "സർഗ്ഗ"ത്തിലും ഏഴേഴ "വർഗ്ഗ"ങ്ങളും ഉണ്ട്. "മനു ഷ്യസർഗ്ഗ"ത്തിൽ ഇവ മഹസ്സുവർഭുവർലോകങ്ങളിലെ "രസാഭൂതങ്ങളും" മൂന്നും ഭൂലോകത്തിലെ ധാതുസസ്യതി ര്യങ്മാനുഷവർഗ്ഗങ്ങളുമാകുന്നു. "മാഹേശ്വരീ"ശക്തി മഹർലോക"രസാഭൂത"ത്തെ വിട്ട് സുവർലോകരസാഭൂ തത്തിലേയ്ക്കും, സുവർല്ലോക"രസാഭൂത"ത്തിൽനിന്ന് ഭുവർലോക"രസാഭൂതത്തിലേയ്ക്കും, ഭുവർലോക"രസാ ഭൂത"ത്തിൽനിന്ന് ഭൂലോക "ധാതു" വർഗ്ഗത്തിലേയ്ക്കും, "ധാതുവർഗ്ഗത്തിൽനിന്ന് "സസ്യ"വർഗ്ഗത്തിലേയ്ക്കും, "സസ്യ"വർഗ്ഗത്തിൽനിന്ന് "തിര്യഗ്വ"ർഗ്ഗത്തിലേയ്ക്കും, "തിര്യഗ്വ"ർഗ്ഗത്തിൽനിന്ന് "മനുഷ്യവർഗ്ഗത്തിലേയ്ക്കും ക്രമ ത്തിൽ സംക്രമിയ്ക്കുമ്പോൾ ഈശ്വരനിൽനിന്ന് ഈ

* "ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനാന്യാത്മനോലിംഗം" എന്നുള്ള ന്യായസൂത്രം ആത്മലക്ഷണങ്ങളെ പരിപൂർണ്ണമായി വെളി പ്പെടുത്തുന്നു.

ശക്തി തുടൎന്നു പ്രവഹിയ്ക്കുന്നതിനാൽ നിദാഘത്തിലെ നദീപ്രവാഹമെന്നപോലെ ഇടവാറിപ്പോകുന്നില്ല. ഈ സന്ദൎഭത്തിൽ വിശേഷിച്ചോൎമ്മവെയ്ക്കേണ്ടതു്, "മനുഷ്യവൎഗ്ഗത്തിലൊഴികെ മറെറല്ലാവൎഗ്ഗങ്ങളിലും "മനുഷ്യസൎഗ്ഗ"ത്തിൽ പെട്ടവയ്ക്കു പുറമെ ഇതരസൎഗ്ഗങ്ങളിൽ പെട്ട ജീവഗണങ്ങളുമുണ്ടെന്നുള്ളതാണു്. ഉദാഹരണമായി പക്ഷികൾ "മനുഷ്യസൎഗ്ഗത്തിൽ പെട്ടവയല്ലെന്നും "ദേവസൎഗ്ഗ"ത്തിൽ പെട്ടവയാണെന്നും "ദേവസൎഗ്ഗ"ത്തിലെ ഏഴാമത്തെ "വൎഗ്ഗം" ഭൂലോകത്തിലില്ലെന്നും ഭുവൎല്ലോകത്തിലാണെന്നും മാത്രം പ്രസ്താവിച്ചുകൊള്ളുന്നു. ഓരോ വൎഗ്ഗത്തിന്റേയും പിതൃപുത്രപരംപരയാൽ "വൎഗ്ഗസന്തതി"യെ നിലനിൎത്തിവരുന്നതു് "വ്യൂഹിനീ" എന്ന വൈഷ്ണവീശക്തിയാകുന്നു. ബ്രാഹ്മീ, വൈഷ്ണവീ, മാഹേശ്വരി എന്ന മൂന്നു ശക്തികളും എല്ലാ ലോകങ്ങളിലും, എല്ലാ സൎഗ്ഗങ്ങളിലും, എല്ലാ വൎഗ്ഗങ്ങളിലും പ്രവൎത്തിയ്ക്കുന്നുണ്ടു്. ഈ ശക്തികൾ അധോമുഖമായി പ്രവൎത്തിയ്ക്കുമ്പോൾ "അൎവ്വാക്സ്രോതസ്സ്"ന്നും, മദ്ധ്യദശയിൽ "തിൎയ്യക്സ്രോതസ്സ്"ന്നും, അനന്തരം ഈശ്വരാഭിമുഖമായി ഊൎദ്ധ്വമുഖികളായിഭവിയ്ക്കുമ്പോൾ "ഊൎദ്ധ്വസ്രോതസ്സ്"ന്നും പറയപ്പെടുന്നു.

## ഔൎവ്വീകുണ്ഡലിനീ.

9. ഔൎവ്വീബ്രാഹ്മീമഹാശക്തി
രനിരുദ്ധാഹ്യധോമുഖീ।
മഹീമണ്ഡലമദ്ധ്യസ്ഥ
ബഡവാഗ്നി സമാവൃതാ॥

10. വൎത്തതെ കുലകുണ്ഡാഖ്യ
വൎത്മന്യാം പരമേഷ്ഠിനഃ।
വിചിത്രധാതുവിന്യാസ
വിക്ഷേപകരണോദ്യമാ॥

അൎത്ഥം—ഉൎവ്വിയെസംബന്ധിച്ചിരിയ്ക്കുന്ന ബ്രാഹ്മിമഹാശക്തി അനിരുദ്ധയായി, അധോമുഖിയായി, ഭൂഗോളമദ്ധ്യത്തിങ്കൽ സ്ഥിതിചെയ്യുന്ന ബഡവാഗ്നിയാൽ ചൂഴപ്പെട്ട്, അനേകവിധ ധാതുക്കളുടെ രചനയിലും അവയുടെ വിതരണത്തിലും നിരതയായി, കുലകുണ്ഡമെന്നു വിളിച്ചുവരുന്ന സ്രഷ്ടാവിന്റെ മൂഷയിൽ വൎത്തിച്ചുവരുന്നു.

വ്യാഖ്യാനം—ഈ രണ്ടു ശ്ലോകങ്ങളാൽ ഭൂമിയുടെ അന്തൎഭാഗത്തിങ്കൽ വിവിധമായ ധാതുനിൎമ്മാണത്തെ ചെയ്യും, ആ ധാതുക്കളെ ഭൂമിയുടെ ഉപരിഭാഗങ്ങളിലേയ്ക്കു ഉത്ക്ഷേപണംചെയ്തുംവരുന്ന ബ്രാഹ്മീശക്തി കുണ്ഡലിനീശക്തിയാണെന്ന് സാധിപ്പിച്ചിരിയ്ക്കുന്നു. പരമാണുക്കളേയും ആധുനിക "മാത്രാണുവാദി"കൾ "ഭൂതാണു"ക്കളെന്നു കരുതിവരുന്ന "പരമാണുസംഹതി"കളേയും നിൎമ്മിയ്ക്കുന്നതു് ബ്രാഹ്മീശക്തിയാകുന്ന കുണ്ഡലിനിയാകുന്നു. ഈ കുണ്ഡലിനീശക്തിയുടെ രഹസ്യത്തെ "ലോകാദിമഗ്നിം തമുവാചതസ്മൈ യാ ഇഷ്ടകാ യാവതീൎവ്വാ യഥാവാ" എന്നു് തുടങ്ങിയുള്ള പദ്യങ്ങളാൽ അഗ്ന്യാപദേശരൂപേണ യമൻ നചികേതസ്സിനുപദേശിച്ചതായി നാം കഠോപനിഷത്തിൽനിന്നറിയുന്നു. മേലുദ്ധരിച്ച കഠോപനിഷദ്വാക്യത്തിലെ "അഗ്നി"യെ കുണ്ഡലിനീശക്തിയെന്നും, "ഇഷ്ടക"കളെ ലോകനിൎമ്മാണത്തിലേ

ഷ്ഠായുള്ള "അണു"ക്കളെന്നും ധരിക്കേണ്ടതാകുന്നു. ആരാല്യം തടുപ്പാൻ കഴിയാത്തതായ ഈ ശക്തി "പ്രവൃത്തി" മാർഗ്ഗത്തിൽ അധോമുഖിയായും "നിവൃത്തി"മാർഗ്ഗത്തിൽ "ഊർദ്ധ്വമുഖി"യായും പരിണമിക്കുന്നു. ഭൂലോകത്തിൽ ഈ ശക്തിയുടെ ഇരിപ്പ് അവഷ്ടിന്നതൈജസാത്മകമായ ഉർവ്യോദരത്തിങ്കലാകുന്നു. ഇവിടെയുള്ള അഗ്നിയെയാണ് "ഔർവ്വാഗ്നി"യെന്നും "ബഡവാഗ്നി"യെന്നും പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ അഗ്നിഗോളത്തെ സ്രഷ്ടാവിന്റെ "മൂഷാ" എന്ന് പറഞ്ഞിരിക്കുന്നതിന്റെ താല്പര്യം സ്രഷ്ടാവിന്റെ വിചിത്രമായിരിക്കുന്ന ധാതുരചന ഈ "ഔർവ്വാഗ്നി" മണ്ഡലത്തിൽ വെച്ചായതിനാലാകുന്നു. ഇവിടേയുള്ള ഉഷ്ണത്തിനും അമർച്ചക്കും അതിരും അളവുമില്ല. ഈ അഗ്നിഗോളത്തിന്റെ ബാഹ്യാവരണങ്ങളാകുന്ന ധാതുദ്രവങ്ങളെയാകുന്നു അഗ്നിപർവ്വതങ്ങൾ ചിലപ്പോൾ ഉദ്വമിക്കുന്നത്. ഭൂകമ്പത്തിന്റെ കാരണവും ഈ "ഔർവ്വാഗ്നി" തന്നെയാകുന്നു. സൂര്യമണ്ഡലത്തിൽനിന്നു ഔർവ്വാഗ്നിമണ്ഡലത്തിലേക്കും ഔർവ്വാഗ്നിമണ്ഡലത്തിൽനിന്ന് സൂര്യമണ്ഡലത്തിലേക്കും അനായാസേന ദ്രവ്യസംക്രമണം സംഭവിക്കുന്നു. എന്നാൽ ആ ദ്രവ്യസംക്രമണം സൂര്യനും ഭൂമിക്കും മദ്ധ്യേയുള്ള ദിങ്മാർഗ്ഗത്തിൽക്കൂടിയല്ല. സാമാന്യമനസ്സന്മാക്ക്വിഭാവ്യമായവിധത്തിൽ ഭൂരവിമണ്ഡലമദ്ധ്യങ്ങൾ അംഗാഗിഭാവത്തെ അവലംബിച്ചാണ് സ്ഥിതിചെയ്യുന്നത്. അതായത് ഭൂരവിഗോളമദ്ധ്യങ്ങൾ സദാ സംഹതങ്ങളാണെന്ന് താല്പര്യം. സ്വർണ്ണം തുടങ്ങിയുള്ള പല ഗുരുദ്രവ്യങ്ങളും ആകർഷണവശാൽ ഭൂഗോളമദ്ധ്യമാകുന്ന തൈജസാവർത്തനിയിലാണ് ബാഹുല്യേന

വർത്തിയ്ക്കുന്നത്. അഗ്നിയ്ക്ക് ഹിരണ്യരേതസ്സെന്നും ബ്രഹ്മാവിന്ന് ഹിരണ്യഗർഭനെന്നും പേര് പറയുന്നതിന്റെ താല്പര്യം ഈ സംഗതിയാലായിരിയ്ക്കാം.

## ശാരീരകുണ്ഡലിനീ.

11. സാദൈവോർദ്ധ്വമുഖീഭൂത്വാ
മൂലാധാരാന്തരാസ്ഥിതാ।
പിംഗലേഡാസുഷുമ്നാഭി
രുദേതിയുഗപത്സമം॥

12. മണ്ഡലീഭൂതസപ്താണു
പരിഭ്രമണരംഹസാ।
ഊർമ്മികാകാരസംപ്രാപ്ത
സ്ഫുലിംഗൌഘപരിച്ഛദാ॥

അർത്ഥം—ആ ശക്തിതന്നെ ഊർദ്ധ്വമുഖിയായ് ഭവിച്ച് മൂലാധാരചക്രത്തിന്റെ ഉള്ളിൽനിന്ന് വൃത്താകാരത്തിൽ വിധാനംചെയ്യപ്പെട്ട ഏഴ പരമാണുക്കളുടെ പരിഭ്രമണവേഗത്താൽ അംഗുലീയാകൃതിയെ പ്രാപിച്ച സ്ഫുലിംഗഗണങ്ങളാലാവൃതയായി, ഒരേ സമയത്തൊരുമിച്ച്, പിംഗലാ, ഇഡാ, സുഷുമ്നാ എന്നിവയിൽകൂടി നിർഗ്ഗമിയ്ക്കുന്നു.

വ്യാഖ്യാനം—അധോമുഖിയായി, വിവിധധാതുരചനാരതയായി, ഭൂഗോളമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ആ കുണ്ഡലിനീശക്തിതന്നെ ഊർദ്ധ്വമുഖിയായി ഊർമ്മികാസ്ഫുലിംഗപരിച്ഛദയായി മൂലാധാരചക്രാന്തർഭാഗത്തിൽനിന്ന് നിർഗ്ഗമിയ്ക്കുന്നുവെന്ന് പറഞ്ഞതിൽനിന്ന്

ബിന്ദുബന്ധവാഗ്നിമണ്ഡലങ്ങൾ അംഗാംഗിഭാവത്തിൽ വർത്തിയ്ക്കുന്നുണ്ടെന്നു ഗ്രഹിയ്ക്കേണ്ടതാകുന്നു. ഈ സംബന്ധാനിമിത്തമാണ് "കുലകുണ്ഡ"മെന്ന ശബ്ദം പൃഷ്ഠവംശാധാരരന്ധ്രത്തിന്റേയും ഭൂഗോളമദ്ധ്യത്തിന്റേയും സമാനവാചകമായി നാലാമത്തെ ശ്ലോകത്തിൽ പാഠകപ്പെട്ടത്. ഇവിടെ മുഖ്യമായിഗ്രഹിയ്ക്കേണ്ടതു് അധോമുഖിയായ കുണ്ഡലിനീശക്തി അണുരചനയേയും ഊൎദ്ധ്വമുഖിയായ അതേ ശക്തി അണുക്കളിലന്തൎഹിതങ്ങളായ സ്പന്ദനശക്തികളുടെ ഉണൎച്ചയേയും ചെയ്യുന്നുവെന്നുള്ളതാണ്. കായവ്യൂഹഘടകങ്ങളാകുന്ന അണുക്കളുടെ സ്പന്ദനശക്തികൾ, കുണ്ഡലിനിയാലുണൎത്തപ്പെടുമ്പോൾ ഇന്ദ്രിയങ്ങളുടെ ഗ്രഹണശക്തി വൎദ്ധിയ്ക്കുന്നതിനാലാണ് കുണ്ഡലിനീശക്തി സൎവ്വസിദ്ധികൾക്കും കാരണമായി ഭവിയ്ക്കുന്നതു്. യാതൊരു ശക്തിയും ഉപാധിയിൽ കൂടിയല്ലാതെ പ്രവൎത്തിയ്ക്കുന്നതല്ല. ഏതൊരു ശക്തിയും സ്വായത്തമായ "മാത്രാവരണ"ത്തിൽ കൂടി പ്രവൎത്തിയ്ക്കുന്നതായ്മാത്രമേ നമുക്കനുഭവപ്പെടുകയുള്ളു. ആ കുണ്ഡലിനീശക്തിയുടെ ഏററവും സ്ഥൂലമായ "ആവരണം" യോഗിയുടെ ദൃഷ്ടിയ്ക്കു് അതിസൂക്ഷ്മമായ മോതിരത്തിന്റെ ആകൃതിയോടുകൂടിയ അനേകം അഗ്നികണങ്ങൾപോലെ ഗോചരമായിഭവിയ്ക്കുന്നു. ഓരോ മോതിരവും വൃത്താകാരത്തിൽ വിന്യസിയ്ക്കപ്പെട്ട ഏഴ് പാൎത്ഥിവപരമാണുക്കളാൽ സംകലിതമാണ്. ഈ അണുക്കൾ പരസ്പരം സ്പൎശിക്കാതെ വിട്ടുവിട്ടു നില്ക്കുന്നുണ്ടെങ്കിലും ഇവ നില്ക്കുന്ന പരിധിയിൽകൂടി അതിവേഗത്തിൽ ചുററുന്നതിനാൽ

"അലാതചക്ര"രീത്യാ അംഗുലീയംപോലെ കാണപ്പെടുന്നു. വിദ്യുച്ഛക്തിയ്ക്കു് ("ഇലക്‌ട്രൺസ്") "വിദ്യുത്കണ"ങ്ങൾ വാഹനങ്ങളാകുന്നതുപോലെ കുണ്ഡലിനീശക്തിയ്ക്കു് ഈ "ഊൎമ്മികാസ്പലിംഗ"ങ്ങൾ വാഹനങ്ങളായിഭവിയ്ക്കുന്നു.

13. പിംഗലായാം തു ഹേമാഭാ
ഇഡായാമരുണാരുണാ।
നീലവൎണ്ണാസുഷുമ്നായാം
പുംസ്ത്രീചോഭയലക്ഷണാ॥

അൎത്ഥം—(കുണ്ഡലിനീശക്തി) പിംഗലയിൽ സ്വൎണ്ണവൎണ്ണത്തോടും, ഇഡയിൽ അരുണവൎണ്ണത്തോടും, സുഷുമ്നയിൽ നീലവൎണ്ണത്തോടുംകൂടി പ്രവഹിക്കുന്നു. (ഈ ശക്തിയ്ക്കു്) പിംഗലയിൽ പുരുഷലക്ഷണവും, ഇഡയിൽ സ്ത്രീലക്ഷണവും, സുഷുമ്നയിൽ ഉഭയലക്ഷണങ്ങളുമാകുന്നു.

വ്യാഖ്യാനം—അഞ്ചാമത്തെ ശ്ലോകത്തിൽ "ശൌക്ലീം" എന്ന പദപ്രയോഗത്താൽ കുണ്ഡലിനീശക്തിയുടെ വൎണ്ണം വെളുപ്പാണെന്നു് പറഞ്ഞിരിയ്ക്കുന്നതിന്നു് വിരുദ്ധമായി ഈ ശ്ലോകത്തിൽ അതിന്നു് വൎണ്ണവിശേഷങ്ങളെ പറഞ്ഞതു് ഔപചാരികമാണു്. വാസ്തവത്തിൽ പിംഗലാ, ഇഡാ, സുഷുമ്നാ എന്ന മാൎഗ്ഗങ്ങളിൽകൂടി സ്വൎണ്ണാരുണനീലവൎണ്ണങ്ങളോടുകൂടിയ പ്രാണങ്ങളെ വഹിച്ചുംകൊണ്ടു കുണ്ഡലിനീശക്തി മൂലാധാരചക്രത്തിൽനിന്നു ശിരസ്സിലേയ്ക്കുൽഗമിയ്ക്കുന്നതിനാൽ ഈ വൎണ്ണങ്ങളാലുപരംജിതയായിഭവിയ്ക്കുന്നതേ

യുള്ള. "വിദ്യുത് കണ"ങ്ങളിൽ പുംസ്ത്രീഭേദങ്ങളുള്ളതുപോലെ കുണ്ഡലിനീകണങ്ങളിലും ഈ വക ഭേദങ്ങളുണ്ട്. എങ്കിലും സാകല്യേന കുണ്ഡലിനീശക്തിയ്ക്ക് സ്ത്രീലക്ഷണാതിരേകത്വമുണ്ടെന്നുള്ളതിന്നു സംശയമില്ല.

14. നാളൈരാപത്യചക്രാന്തഃ
സുഷുമ്നായാസ്തതസ്തതഃ।
സ്രവന്ത്യാതേഷുവൈഷ്ണവ്യാ
ശക്ത്യാ സംഭ്രമിതാഭൃശം॥

15. മിഥഃസംഘർഷസംശ്ലേഷ
ലബ്ധനിർഭരപൌരുഷാ।
ചക്രാരപ്രസൃതാവിഷ്വങ്
നാഡ്യന്തഃ സ്യന്ദതെസദാ॥

16. പുഷ്യന്തീധമനിഗ്രന്ഥീൻ
വഹന്തീ പ്രാണവിപ്രുഷഃ।
ജ്വലന്തീ സർവ്വഗാത്രേഷു
മിളന്തീ ജീവരോചിഷാ॥

അർത്ഥം—സുഷുമ്നയിലവിടവിടേനിന്ന് "നാള"ങ്ങളിൽക്കൂടി ചക്രങ്ങളുടെയുള്ളിൽ പ്രവേശിച്ച്, അവയിലൊഴുകുന്ന വൈഷ്ണവീശക്തിയാൽ ഏററവും സംഭ്രമിപ്പിയ്ക്കപ്പെട്ട്, പരസ്പരം ഉരയുന്നതിനാലുണ്ടാകുന്ന സങ്കലനത്താൽ സിദ്ധിച്ച ശക്ത്യാതിശയത്തോടുകൂടി, ചക്രാരങ്ങളിൽക്കൂടി ചുററും പ്രസരിപ്പിയ്ക്കപ്പെട്ട്, നാഡിഗ്രന്ഥികളെ പോഷിപ്പിച്ചും, എല്ലാ അവയവങ്ങളിലും ജ്വലിച്ചും, ജീവതേജസ്സിനോടു കൂടിക്കലൎന്നുംകൊണ്ട്, നാഡികളുടെയുള്ളിൽക്കൂടി എപ്പോഴുമൊഴുകിക്കൊണ്ടിരിയ്ക്കുന്നു.

വ്യാഖ്യാനം—സുഷുമ്നയിൽനിന്ന് ഓരോ ചക്രത്തിലേയ്ക്കും സ്രവിയ്ക്കുന്ന കുണ്ഡലിനീശക്തിയുടെ മാൎഗ്ഗങ്ങളെ ഇവിടെ "നാള"ങ്ങളെന്നുദാഹരിച്ചിരിയ്ക്കുന്നു. ചക്രങ്ങളെ പത്മങ്ങളോടുപമിച്ചപോലെ സുഷുമ്നയിൽനിന്നു ചക്രങ്ങളിലേയ്ക്കുള്ള കുണ്ഡലിനീമാൎഗ്ഗങ്ങളെ പത്മനാളങ്ങളോടുപമിച്ചതൊട്ടുമയുക്തമല്ല. ഈ "ചക്രങ്ങൾ", ശരീരങ്ങളിൽ പ്രവേശിയ്ക്കുന്ന "വ്യൂഹിനീ" എന്ന വൈഷ്ണവീശക്തിയുടെ "ഭ്രമങ്ങ"ളാകുന്നു. ഇങ്ങിനേയുള്ള ഭ്രമവേഗങ്ങളെക്കൊണ്ടല്ലാതെ ശിഥിലങ്ങളായിരിയ്ക്കുന്ന "ഭൂതതന്മാത്ര"ങ്ങളെ ശരീരാകൃതിയിൽ നിലനിൎത്തിവരുവാൻ സാധിയ്ക്കുന്നതല്ല. ഈ "ആവൎത്ത"ങ്ങൾ ഓരോ ശരീരത്തേയും നിലനിൎത്തിവരുന്നു; എന്നുമാത്രമല്ല ഒരു ശരീരത്തിൽനിന്ന് മറ്റൊരു ശരീരത്തിലേയ്ക്ക് "വ്യൂഹിനീ"ശക്തി പ്രവേശിയ്ക്കുന്നതും ഇവയിൽക്കൂടിയാകുന്നു. അതുകൂടാതെ സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളെ അന്യോന്യം സംഘടിപ്പിയ്ക്കുന്നതും ഈ ആവൎത്തങ്ങളാണ്.

ഈ ചക്രങ്ങളെല്ലാശരീരങ്ങളിലുമുണ്ടെന്നു മുൻ പ്രസ്താവിച്ചതിൽനിന്ന് ഒരു ശരീരത്തിലുള്ള ഓരോ ചക്രത്തിന്നും അതിന്നനുരൂപമായ മറ്റൊരു ശരീരത്തിലെ ചക്രത്തോട് യാതൊരു സംബന്ധവുമില്ലെന്ന് ധരിയ്ക്കരുത്. ഉദാഹരണമായി (വിജ്ഞാനമയകോശത്തിലെ) കാരണശരീരത്തിലെ മൂലാധാരചക്രത്തിൽ ചുററുന്ന ശക്തി മനോമയകോശത്തിലെ മൂലാധാരചക്രത്തിലും, അതിൽ കൂടി കാമമയകോശത്തിലെ മൂലാധാരചക്രത്തിലും, അതിൻവഴിയായി പ്രാണമയകോശത്തിലെ മൂലാധാരചക്രത്തിലും ചുററുന്നു. എന്നാൽ പ്രാണമയ

കോശത്തിലെ "ചക്രങ്ങൾ" എപ്പോഴും അതിൻെറ ഉപരിതലത്തിലും, ഉത്തരശരീരങ്ങളിലെ ചക്രങ്ങൾ പലപ്പോഴും ആ ശരീരങ്ങളുടെ ഉള്ളിലും ചിലപ്പോളവയുടെ ഉപരിഭാഗത്തിലും വൎത്തിയ്ക്കുന്നതായി കാണാം. വൈഷ്ണവീശക്തി ചക്രങ്ങളിൽ പ്രവേശിച്ച്, അവയുടെ "അര"ങ്ങളെന്ന് തോന്നുംവിധത്തിൽ ഓരോ ചക്രമദ്ധ്യത്തിൽനിന്നും, അതാത് ചക്രത്തിന് എത്രയെത്ര "അര"ങ്ങളുണ്ടെന്നു പറയപ്പെട്ടനുവോ അത്രയത്ര ശാഖകളായി, പ്രസരിയ്ക്കുന്നു. ഈ "അര"ങ്ങളുടെ മുകളിലും താഴെയുമായി "വൈദള"രീത്യാ * വൈഷ്ണവീശക്തിയാൽ ഉപസൂക്ഷ്മശക്തികൾ ചുററുന്നതിനാൽ "അര"ങ്ങളുടെ എണ്ണത്തിനു തുല്യങ്ങളായ ഭംഗതരംഗങ്ങളാൽ നിമ്നോന്നതമായ "ആവൎത്തം", അത്രമാത്രം ദളങ്ങളോടുകൂടിയ പത്മംപോലെ, കാഴ്ചയ്ക്കു തോന്നുന്നു. കുണ്ഡലിനീശക്തിവാഹനങ്ങളാകുന്ന "ഊൎമ്മികാസ്ഫുലിംഗങ്ങൾ" സുഷുമ്നയിൽനിന്ന് "നാള"ങ്ങളിൽകൂടി ചക്രങ്ങളിൽ പ്രവേശിയ്ക്കുമ്പോൾ ആ ചക്രങ്ങളിൽ ചുററുന്ന വൈഷ്ണവീശക്തികണങ്ങളോടുകൂടി ചുററുന്നതുനിമിത്തം അവയുമായുരയുന്നതിനാലുണ്ടാകുന്ന സമ്മേളനത്താൽ അതിതീവ്രതേജസ്സിനെ ലഭിച്ചശേഷം "ചക്രാര"ങ്ങളിൽകൂടി നിൎഗ്ഗമിച്ച് നാഡികൾ വഴിയായി ശരീരം മുഴുവനും വ്യാപിയ്ക്കുന്നു.

സംസ്കൃതഭാഷയിൽ നാഡി (നാഡീ), ധമനി (ധമനീ), സിരാ (ശിരാ) എന്നീ ശബ്ദങ്ങളെ ചോരക്കുഴലുകൾക്കും, ഞരമ്പുകൾക്കും, പ്രജ്ഞാതന്തുക്കൾക്കും

* കൊട്ടമെടയുംവിധത്തിൽ.

പകരമായി യഥേഷ്ടം പ്രയോഗിച്ചു കാണുന്നതുകൊണ്ടു് ഇവയ്ക്കു് സന്ദർഭോചിതമായ അർത്ഥത്തെ കല്പിയ്ക്കേണ്ടിയിരിക്കുന്നതിനാൽ പതിനഞ്ചും പതിനാറും ശ്ലോകങ്ങളിലെ നാഡീധമനിശബ്ദങ്ങൾ രണ്ടിനും പാശ്ചാത്യരാജ്യങ്ങളിലെ "ശരീരവ്യവച്ഛേദകന്മാർ" നേർവ് (Nerve) എന്നു വ്യക്തമായി പറയുന്ന "ജ്ഞാനതന്തു" അല്ലെങ്കിൽ "പ്രജ്ഞാതന്തു" എന്ന അർത്ഥത്തെയാണു് കല്പിയ്ക്കേണ്ടതു്. "സ്നസാ" എന്ന ശബ്ദത്തെയും ഇതേ അർത്ഥത്തിൽ തന്നെയാണു് ഈ ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളതു്. "സുഷുമ്നാനാഡീ" എന്നതിലെ നാഡീശബ്ദത്തിന്നു്, സുഷുമ്ന ഒരു ചോരക്കുഴലല്ലാത്തതിനാൽ, "ചോരക്കുഴൽ" എന്നു് ഒരിക്കലും അർത്ഥം കല്പിപ്പാൻ പാടുള്ളതല്ല.

"ജ്വലന്തി സർവ്വഗാത്രേഷു" എന്നതിലെ "ജ്വല്" ധാതുവിന്റെ സാഹചര്യംകൊണ്ടു് ശരീരോഷ്ണത്തെ നിലനിർത്തിവരുന്നതു് പ്രധാനമായി കുണ്ഡലിനീശക്തിയാണെന്നുംകൂടി ഗ്രഹിയ്ക്കേണ്ടതാകുന്നു.

"മിളന്തി ജീവരോചിഷാ" എന്നതിന്റെ താല്പര്യം, കുണ്ഡലിനീശക്തി മൂലാധാരചക്രത്തിൽനിന്നു പുറപ്പെട്ടു്, സുഷുമ്നയിൽകൂടി കയറി, ചക്രങ്ങളിൽ പ്രവേശിച്ചു, ചക്രാരങ്ങൾ വഴിയായി സ്നസകളിൽ പ്രവേശിയ്ക്കുന്നതോടുകൂടി ജീവാത്മാവിന്റെ ഇച്ഛാജ്ഞാനക്രിയാസ്വഭാവങ്ങളുമായുണ്ടാകുന്ന സമ്മേളനത്താൽ കഷായിതയായ്ത്തീരുന്നു എന്നാകുന്നു. കുണ്ഡലിനീ ശക്തിയോടുകൂടികലർന്ന ജീവരോചിസ്സിനെ "ഊർജ്ജഃ" എന്നു് പറയാറുണ്ടു്.

## മസ്തിഷ്കം.

17. കരോട്യന്തർഭവം ഗോർദ്ദം
കരണം മനസോന്നൃണാം।
ത്രിചതുർദ്ധമനീയുഗ്മ
പ്രഭവം യമളാത്മകം॥

അർത്ഥം—ഇഹലോകത്തിൽ മനുഷ്യരുടെ മനോവൃത്തികൾക്കുപ"കരണ"മായിരിയ്ക്കുന്ന "ഗോർദ്ദം" (തലച്ചോറ്) എന്ന് പറയപ്പെടുന്നത്, "കരോടി" എന്ന പേരുള്ള ശിരോസ്ഥിയുടെ ഉള്ളിലുളവായിരിയ്ക്കുന്നതും തുല്യാകൃതിയിലുള്ള വാമദക്ഷിണഖണ്ഡങ്ങളെ കൂട്ടിച്ചേർത്തിട്ടുള്ളതും, (വാമഭാഗത്തിൽനിന്നു പന്ത്രണ്ടും ദക്ഷിണഭാഗത്തിൽനിന്ന് പന്ത്രണ്ടുമായി) പന്ത്രണ്ടു ജ്ഞാനതന്തുയുഗ്മങ്ങളുടെ ഉത്പത്തിസ്ഥാനമായിരിയ്ക്കുന്നതുമായ ഒരവയവമാകുന്നു.

വ്യാഖ്യാനം—ജീവാത്മാവിൻെറ മനശ്ശക്തി ഭൂലോകത്തിൽ പ്രവർത്തിയ്ക്കുന്നത് ഗോർദ്ദത്തിൽ കൂടിയാകുന്നു. അതിൽനിന്ന് പുറപ്പെടുന്ന പന്ത്രണ്ട് സ്നസായുഗ്മങ്ങളിൽ ഒന്നാമത്തേത് നാസികവും, രണ്ടാമത്തേത് ചാക്ഷുഷവും, മൂന്നാമത്തേതും നാലാമത്തേതും ആറാമത്തേതും അക്ഷിഗോളചാലകങ്ങളും, അഞ്ചാമത്തേത് അശ്രുജനകങ്ങൾ, ലാലാജനകങ്ങൾ, ചവ്വണകൃത്തുകൾ, ദന്ത്യങ്ങൾ മുതലായ ശാഖകളോടുകൂടിയതും, ഏഴാമത്തേത് മുഖഭാവങ്ങളെയുണ്ടാക്കുന്ന മാംസപേശികളെ ചലിപ്പിയ്ക്കുന്നതും, എട്ടാമത്തേത് ശ്രാവണവും, ഒമ്പതാമത്തേത് രസജ്ഞവും, പത്താമത്തേത് കണ്ഠ—ശ്വാസകോശ—

12493



ജാരസംബന്ധിയും, പതിനൊന്നാമത്തേതു് ഉപകശേരുകവും, പന്ത്രണ്ടാമത്തേതു് ജിഹ്വാചാലകവും, ആകുന്നു. ഇവിടെ വിശേഷിച്ചോൎമ്മവെയ്ക്കേണ്ടതു് ഗോൎദ്ദത്തിന്റെ വലത്തെ ഖണ്ഡത്തിൽനിന്നു് പുറപ്പെടുന്ന സ്നസകൾ ശരീരത്തിന്റെ ഇടത്തുഭാഗങ്ങളിലേയ്ക്കും, ഇടത്തെ ഖണ്ഡത്തിൽനിന്നു് പുറപ്പെടുന്നവ വലത്തുഭാഗങ്ങളിലേയ്ക്കുമെത്തിച്ചേരുന്നുവെന്നുള്ളതാണ്. ഗോൎദ്ദമസ്തിഷ്കശബ്ദങ്ങൾ പൎയ്യായപദങ്ങളാകുന്നു.

## കശേരുകാ.

18. കശേരുകാത്രയസ്ത്രിംശ
ത്കുല്യസംബദ്ധയഷ്ടികാ।
കരോടിസന്തതാപാൎശ്വ
രന്ധ്രിണീ വിവരാന്തരാ॥

അൎത്ഥം—ശിരോസ്ഥിയോടുകൂടി സംഘടിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്ന കശേരുകാ എന്ന പേരോടുകൂടിയ മുതുകെല്ലു് മുപ്പത്തുമൂന്നെല്ലുകളാൽ കൂട്ടിച്ചേൎക്കപ്പെട്ട ഒരു ദണ്ഡംപോലെയുള്ളതും, വാമദക്ഷിണപാൎശ്വങ്ങളിൽ തുളകളോടുകൂടിയതും, ഒഴിഞ്ഞ ഉള്ളോടുകൂടിയതുമാകുന്നു.

വ്യാഖ്യാനം—കശേരുകാദണ്ഡം ഉത്തരാഗ്രത്താൽ കരോടിയോടും, അധരപാൎശ്വങ്ങളാൽ "ശ്രോണിഫലക"ങ്ങളോടും, യോജിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇതിന്റെ ദക്ഷിണപാൎശ്വത്തിൽ മുപ്പത്തൊന്നു ദ്വാരങ്ങളും അവയ്ക്കു സമമായി വാമപാൎശ്വത്തിൽ മുപ്പത്തൊന്നു് ദ്വാരങ്ങളുമുണ്ടു്. ഈ ദ്വാരങ്ങൾ മേലേയ്ക്കുമേലെ വെച്ചിട്ടുള്ള

അസ്ഥികളുടെ സന്ധികളിലാണ്. കശേരുകയുടെ ഓരോ അസ്ഥിയും മുമ്മൂന്ന് "ഉത്സേധ"ങ്ങളോടുകൂടിയ അംഗുലീയാകൃതിയെ കൈക്കൊണ്ടിരിയ്ക്കുന്നു. ഈ "അംഗുലീയ"ത്തിന്റെ വാമദക്ഷിണപാർശ്വങ്ങളിൽ മുകളിലും താഴേയുമായി ഈ രണ്ട് "ഭംഗ"ങ്ങൾ ഉള്ളതിനാൽ ഇങ്ങനേയുള്ള അസ്ഥികളെ മേലെയ്ക്കുമേലെ വെച്ച് ബന്ധിയ്ക്കപ്പെട്ട കശേരുക "പാർശ്വരന്ധ്രിണി"യായും "വിവരാന്തര"യായും ഭവിയ്ക്കുന്നു. കശേരുകയുടെ വിവരാന്തരത്തിലാകുന്നു സുഷുമ്നാനാഡിയുടെ സ്ഥിതി. കശേരുവിന്റെ പാർശ്വങ്ങളിലെ മുപ്പത്തൊന്ന് രന്ധ്രയുഗ്മങ്ങളിൽക്കൂടി സുഷുമ്നാനാഡിയുടെ മുപ്പത്തൊന്ന് ശാഖായുഗ്മങ്ങളും ബഹിർഗ്ഗമിയ്ക്കുന്നു.

കശേരുകയുടെ മുപ്പത്തുമൂന്നസ്ഥികളിൽ അഗ്രഭാഗത്തുള്ള ഏഴസ്ഥികൾ "കൃകാടികാ" * പ്രദേശത്തിലും, അവയ്ക്ക് താഴേയുള്ള പന്ത്രണ്ടസ്ഥികൾ "പാർശ്വാസ്ഥി"‡ സംഘടിതങ്ങളായി മുതുകിന്റെ മദ്ധ്യത്തിലും, അവയ്ക്ക് താഴെ അഞ്ചസ്ഥികൾ "കടി"പ്രദേശത്തിലും, അവയ്ക്ക് താഴെ "സംലഗ്ന"ങ്ങളായ (തമ്മിലൊട്ടിച്ചേർന്ന) അഞ്ചസ്ഥികളും, അവയ്ക്ക് താഴെ അപ്രകാരം തമ്മിലൊട്ടിയ നാലസ്ഥികളും കൂടിചേർന്ന് ത്രികോണാകൃതിയിലുള്ള "പൃഷ്ഠാസ്ഥി"യായും സ്ഥിതിചെയ്യുന്നു.

---

* പിരടി. ‡ വാരിയെല്ല്.

## സുഷുമ്നാ.

19. ഗോർദ്ധാവലംബിനീനാഡീ
കശേരുവന്തരവത്തിനീ।
ഏകത്രിംശദ്ദ്വിമൂലാഢ്യ
സ്നസായുഗ്മ വിശാഖിനീ॥
20. യദന്തർവ്വിദ്യതേവർത്മാ
കുണ്ഡലിന്യാ വിനിർഗ്ഗമഃ।
സാ സുഷുമ്നേതി വിഖ്യാതാ
മൂലാധാരാനുഷംഗിണീ॥

അർത്ഥം—ഗോർദ്ധത്തിൽനിന്ന് കീഴ്പോട്ട് തൂങ്ങിയതായി കശേരുകയുടെ ഉള്ളിലായി, ദ്വിമൂലങ്ങളായ മുപ്പത്തൊന്ന് സ്നസായുഗ്മങ്ങളാകുന്ന ശാഖകളുള്ളതായി, മൂലാധാരംവരെ നീണ്ടുകിടക്കുന്ന യാതൊരു നാഡിയുടെ അന്തർഭാഗത്തിൽക്കൂടി കുണ്ഡലിനീശക്തിയുടെ മേല്പോട്ടു പോകുന്ന വഴി ഉണ്ടോ ആ നാഡി സുഷുമ്നാ എന്ന നാമധേയത്താൽ വിഖ്യാതിയെ പ്രാപിച്ചതാകുന്നു.

വ്യാഖ്യാനം—ഗോർദ്ധത്തിൻെറ "പുച്ഛ"മാകുന്ന സുഷുമ്നാനാഡിയുടെ സ്ഥിതി "വിവരാന്തര"യായിരിക്കുന്ന കശേരുകയുടെ അന്തർഭാഗത്തിങ്കലാകുന്നു. അതിൻെറ ആയാമം പ്രൌഢരിൽ പതിനഞ്ചു മുതൽ പതിനെട്ടംഗുലംവരേയുണ്ടാവാം. അതു കശേരുവിൻെറ ഇരുപതാമത്തെ അസ്ഥിവരെ നീണ്ടുകിടക്കുന്നു. എന്നാൽ ഇതിൻെറ അധരാഗ്രത്തിൽനിന്ന് പുറപ്പെടുന്ന "സ്നസാകേസര"ങ്ങൾ മൂലാധാരപത്മനാളം പുറപ്പെടുന്ന കശേ

രുകയുടെ ഇരുപത്തൊമ്പതാമത്തെ അസ്ഥിയിങ്കലോളം നീണ്ടുചെല്ലുന്നു. സുഷുമ്നാനാഡിയുടെ ആകൃതി "ഗോപുച്ഛ"സദൃശമാണെന്ന് പ്രാചീനന്മാർ പറഞ്ഞിട്ടുള്ളതിനെ അതിശയിപ്പാൻ പ്രയാസം. കശേരുസ്ഥികളുടെ സന്ധികളിലുള്ള പാൎശ്വരന്ധ്രങ്ങളിൽക്കൂടി സുഷുമ്നയിൽനിന്ന് വലത്തോട്ട് മുപ്പത്തൊന്ന് ശാഖകളും അവയ്ക്ക് സദൃശങ്ങളായി ഇടത്തോട്ട് മുപ്പത്തൊന്നു ശാഖകളും പുറപ്പെടുന്നു. "കൃകാടികാ"പ്രദേശത്തിൽനിന്ന് എട്ടും, ശ്വാസകോശങ്ങൾക്ക് പിന്നിലായി പന്ത്രണ്ടും, കടിപ്രദേശത്തിൽ അഞ്ചും, ജഘനപ്രദേശത്തിൽ അഞ്ചും, പൃഷ്ഠവംശാധരപ്രദേശത്തിൽ ഒന്നും കൂടി സുഷുമ്നയുടെ ഓരോ പാൎശ്വത്തിൽനിന്നും മുപ്പത്തൊന്ന് ശാഖകൾ പുറപ്പെടുന്നുണ്ട്. ഇവയിൽ ഓരോ ശാഖയും സുഷുമ്നാനാഡിയിൽനിന്ന് മുൻപിന്നായി രണ്ടു വേരുകളായി പുറപ്പെട്ട് കശേരുകയുടെ പാൎശ്വസുഷിരത്തിൽ കൂടി പുറത്ത് വന്ന ഉടനെ ഒരുമിയ്ക്കുന്നു. ഓരോ ശാഖയുടേയും "പ്രത്യങ്മൂല"aത്തിൽ ഓരോ ഗ്രന്ഥിയുണ്ട്. ഈ ഗ്രന്ഥിയുടെ സ്ഥിതി കശേരുകാപാൎശ്വസുഷിരത്തിലാണ്. എന്നാൽ ഇരുപത്തഞ്ച് മുതൽ ഇരുപത്തൊമ്പതു കൂടിയുള്ള ശാഖായുഗ്മങ്ങളുടെ "മൂലഗ്രന്ഥി"കൾ കശേരുകയുടെ ഉള്ളിൽത്തന്നെയാണ്. സുഷുമ്നാശാഖകളുടെ "പ്രാങ്മൂല"bങ്ങൾ "വിഗ്രന്ഥി"കളും c "പ്രേരക"തന്തുമയങ്ങളും, "പ്രത്യങ്മൂല"ങ്ങൾ

a പിൻഭാഗത്തെ വേര്.

b മുൻഭാഗത്തെ വേര്. c ഗ്രന്ഥിയില്ലാത്തവ.

"സഗ്രന്ഥി"കളും "പ്രജ്ഞാ"തന്തുമയങ്ങളുമാകുന്നു. "പ്രജ്ഞാ"തന്തുക്കൾ വഴിയായി ജീവൻ ബാഹ്യവിഷയങ്ങളെയറികയും "പ്രേരക"തന്തുക്കൾവഴിയായി അവയവങ്ങളെ ചേഷ്ടിപ്പിയ്ക്കുയും ചെയ്യുന്നു. ഗോർദ്ദത്തിൽനിന്നും സുഷുമ്നയിൽനിന്നുമായ് പുറപ്പെടുന്ന നാല്പത്തുമൂന്നു സ്നസായുഗ്മങ്ങൾ ശാഖോപശാഖകളായിപിരിഞ്ഞു് ശരീരം മുഴുവനുമായി വ്യാപിയ്ക്കുന്നു. ഈ സ്നസകളിൽ കൂടിയാകുന്നു പതിനാറാമത്തെ ശ്ലോകത്തിൽ പറഞ്ഞ പ്രകാരം കുണ്ഡലിനീശക്തി സംചരിയ്ക്കുന്നതു്. സുഷുമ്നാനാഡിയുടെ ഉള്ളിലുള്ള ഛിദ്രത്തിൽക്കൂടിയാകുന്നു കുണ്ഡലിനീശക്തി പൃഷ്ഠവംശാധരത്തിങ്കലെ ബിന്ദുമണ്ഡലത്തിൽനിന്നു് ശിരസ്സിലേയ്ക്കു കയറിച്ചെല്ലുന്നതു്.

## പത്മനാളോത്ഭവസ്ഥാനങ്ങൾ.

21. നവവിംശൈകവിംശീയ
ഷോഡശാഷ്ടതൃതീയഗാഃ।
ആധാരപ്രഭൃതീനാം തു
പ്രണാളപ്രഭവാഃ ക്രമാത്॥

അൎത്ഥം—(വഴിയേ വിവരിയ്ക്കപ്പെടുന്ന) മൂലാധാരം തുടങ്ങിയുള്ള (അഞ്ചു്) "പത്മ"ങ്ങളുടെ പ്രണാളോത്ഭവങ്ങൾ ക്രമത്തിൽ (മുപ്പത്തുമൂന്നസ്ഥികൾ ചേൎന്നിട്ടുള്ള കശേരുകയുടെ) ഇരുപത്തൊമ്പതാമത്തേയും, ഇരുപത്തൊന്നാമത്തേയും, പതിനാറാമത്തേയും, എട്ടാമത്തേയും, മൂന്നാമത്തേയും അസ്ഥികളുടെ സ്ഥാനങ്ങളിലാകുന്നു.

വ്യാഖ്യാനം—ഓരോ ചക്രസ്ഥാനത്തേയും കശേരുവിൽനിന്നുള്ള അതിന്റെ നാളോത്ഭവസ്ഥാനത്തേയും അനുസന്ധാനംചെയ്യുന്നതായാൽ ഈ "നാള"ങ്ങൾ ഏതാണ്ട് അവാനമിതങ്ങളായിരിപ്പാനേ വഴിയുള്ളൂ. അവയ്ക്ക് ഉലവുകളുള്ളതായും തന്നിമിത്തം അവ ഈ ഷൻമ്ലാനങ്ങളായ പത്മനാളസദൃശങ്ങളായും യോഗിയുടെ ദൃഷ്ടിയ്ക്കു വിഷയീഭവിയ്ക്കുന്നു. ഈ "നാള"ങ്ങൾ സുഷുമ്നയിൽനിന്ന് ചക്രങ്ങളിലേയ്ക്കുള്ള "കണ്ഡലിനീമാർഗ്ഗ"ങ്ങളാകുന്നു. ആനുകമ്പസ്നസാഗ്രന്ഥികളിൽനിന്ന് പ്രാങ്മുഖമായി പുറപ്പെട്ട് "പ്ലക്ഷക"ങ്ങളിലേയ്ക്ക് ചെന്നുചേരുന്ന സ്നസാശാഖകളും ഈ നാളങ്ങളെ ഏതാനും കണ്ടനുകരിയ്ക്കുന്നുണ്ട്.

22. പത്മയോഃ പരയോർനാളൌ
സന്ധാനകലികോത്ഭവൌ।
കേചിത്സ്വീഷദ്വിശേഷോസ്തി
തയോർനാളോത്ഥിതിക്രമെ॥

അർത്ഥം—അന്ത്യങ്ങളായ (രണ്ട്) പത്മങ്ങളുടെ നാളങ്ങൾ രണ്ടും (മസ്തിഷ്കത്തിലെ) സന്ധാനകലികയിൽനിന്നുത്ഭവിയ്ക്കുന്നതുകളാണ്. ആ രണ്ടു നാളങ്ങളുടെ ഉത്ഭവക്രമത്തിൽ അല്പമായ വിശേഷം ചിലരിൽ ഉണ്ട്.

വ്യാഖ്യാനം—ക്രൂച്ശീർഷോപലക്ഷിതങ്ങളാകുന്ന "പത്മ"ങ്ങൾ രണ്ടിന്റേയും നാളോത്ഭവം മിയ്ക്കവരിലും മസ്തിഷ്കാന്തർഗ്ഗതമായിരിയ്ക്കുന്ന "സന്ധാനകലികാ" എന്നു പേർ പറയപ്പെടുന്ന അവയവത്തിൽനിന്നാകുന്നു. എന്നാൽ ചില ഉത്തുംഗമനസ്കന്മാരിൽ "സഹ

സ്രദള"പത്മത്തിൻെറ പ്രണാളം മസ്തിഷ്കത്തിൽ മുൻ പറഞ്ഞ അവയവത്തിൻെറ പിന്നിലല്പം മുകളിലായ്ക്കാണപ്പെടുന്ന "നേത്രകലികാ" എന്ന പേരായ അവയവത്തിൽ നിന്നായിരിയ്ക്കും. ഈ അവയവങ്ങൾ മസ്തിഷ്കാന്തർഭാഗത്തിങ്കൽ സുഷുമ്നാനാഡിയുടെ ഉത്തരാഗ്രത്തിന്ന് മുമ്പിലും പിന്നിലുമായിട്ടാണ് സ്ഥിതിചെയ്യുന്നത്.

മാനുഷപരിണാമസരണിയിലെ ആദിമഘട്ടങ്ങളിൽ മനുഷ്യന്ന് ഒരേ ഒരു കണ്ണുമാത്രമുണ്ടായിരുന്നതായും, ആയത് ലലാടമദ്ധ്യത്തിങ്കലായിരുന്നുവെന്നും, അതിന് ഇഹലോകവസ്തുക്കളെ ദർശിയ്ക്കുന്നതിൽ സംപൂർണ്ണമായ സ്പഷ്ടതയില്ലായിരുന്നുവെങ്കിലും പരലോകവിഷയങ്ങളെ ഗ്രഹിയ്ക്കുന്നതിൽ പരിപൂർണ്ണവൈശാരദ്യമുണ്ടായിരുന്നതായും, അനന്തരം കാലക്രമത്തിൽ വർത്തമാനങ്ങളായിരിയ്ക്കുന്ന നേത്രങ്ങളുണ്ടായതായും, ലലാടമദ്ധ്യത്തിങ്കലുണ്ടായിരുന്ന നേത്രം ക്രമത്തിൽ അപനയിയ്ക്കപ്പെട്ട് മസ്തിഷ്കാന്തർഭാഗത്തിങ്കൽ"നേത്രകലികാ"എന്ന അവയവമായ്പരിണമിച്ചതായും. "സഹസ്രദള"പത്മത്തിൻെറ നാളോത്ഥിതി ഉദഗ്രമനശ്ശക്തിയോടുകൂടിയ ചിലരിൽ ഈ അവയവത്തിൽനിന്നാണെന്നും, ഈ അവയവത്തിൻെറ ഉത്തേജനത്താൽ "പരചിത്തജ്ഞാനം" സിദ്ധിയ്ക്കുന്നതാണെന്നും യോഗിവര്യന്മാർ പറയുന്നുണ്ട്. ഈ അവയവം ചിന്തൈകാഗ്ര്യാതിശയത്താൽ പ്രസ്ഫുരിതമായിഭവിയ്ക്കുമ്പോൾ മസ്തിഷ്കത്തിൻെറ ഉള്ളിൽ ഒരു ഉറുമ്പരിയ്ക്കുമ്പോലെയുള്ള "സംവേദന"യുണ്ടാകുന്നതാണ്.

ഒരു മസ്തിഷ്കത്തിലെ നേത്രകലികാകമ്പനങ്ങളാൽ മനോലോകമാത്രകളിൽ ഉത്പാദിതങ്ങളാകുന്ന "വിമ

ശ്വീചികൾ" അന്യ മസ്തിഷ്കത്തിലെ സംയമസംസ്കൃതമായ "നേത്രകലിക"യെ സ്പർശിക്കുമ്പോൾ ആയതിലുണ്ടാകുന്ന "അനുകമ്പന"ങ്ങൾ ആ മസ്തിഷ്കത്തിലും പൂർവ്വമസ്തിഷ്കാന്തർഗ്ഗതമായ വിചാരത്തെ ജനിപ്പിയ്ക്കുന്നു. ഇങ്ങിനേയുള്ള "വിമർശപ്രചാരം" ഇഹലോകത്തിലെ "വിതന്ത്രീസന്ദേശ"പ്രേഷണരീതിയെ ഏതാണ്ടനുകരിയ്ക്കുന്നുണ്ട്.

## ആനുകമ്പവസ്നസാഗ്രണങ്ങൾ.

23. കശേരുഭയപാർശ്വസ്ഥ
ഗ്രന്ഥിമദ്ഗ്രണസന്നിഭെ
മസ്തിഷ്കാധാരപര്യന്തെ
സ്നസെ സംഗ്രന്ഥിതാധരെ॥

24. ശാഖാഭിശ്ച സുഷുമ്നായാഃ
സംശ്ലിഷ്ടെജ്ഞാനതന്തുഭിഃ।
സപ്ത"പ്ലക്ഷക"സംലഗ്നെ
ദേഹയാത്രാ നിയന്ത്രകെ॥

അർത്ഥം—കശേരുകയുടെ ഇരുവശത്തുമായി കെട്ടിട്ട ഞാണുകൾക്ക് സദൃശങ്ങളായി, മസ്തിഷ്കത്തിൽനിന്ന് മൂലാധാരംവരെ നീണ്ടുകിടക്കുന്നവയായി, അടിയിൽ (മൂലാധാരസമീപത്തിങ്കൽ) ഒരേ ഗ്രന്ഥിയാൽ സംയോജിപ്പിയ്ക്കപ്പെട്ടവയായി, (അവയുടെ ഗ്രന്ഥികളിൽനിന്നു പുറപ്പെടുന്നതുകളായ) സ്നസാശാഖകളാൽ സുഷുമ്നയുടെ ശാഖകളോടുകൂടി സംബന്ധിയ്ക്കപ്പെട്ടവയായി, (ശരീരത്തിലെ) ഏഴു "സ്നസാസംകേത"ങ്ങളോട് സംസക്തങ്ങളായി, ശരീരവ്യാപാരനിർവ്വാഹകങ്ങളായി വർത്തിയ്ക്കുന്ന രണ്ടു സ്നസകൾ ഉണ്ട്.

വ്യാഖ്യാനം—ഈ സ്നസകൾ ഓരോന്നിലും ഗളപ്രദേശത്തിൽ മൂന്നു ഗ്രന്ഥികളും, ശ്വാസകോശങ്ങൾക്കു പിൻഭാഗത്തായി പന്ത്രണ്ട് ഗ്രന്ഥികളും, ജഠരോത്തരപ്രദേശത്തിൽ അഞ്ച് ഗ്രന്ഥികളും ജഠരാധരപ്രദേശത്തിൽ അഞ്ച് ഗ്രന്ഥികളുംകൂടി ഇരുപത്തഞ്ച് ഗ്രന്ഥികളും, പൃഷ്ഠവംശാധരത്തിങ്കൽ ഈ സ്നസകൾ രണ്ടും കൂടി യോജിയ്ക്കുന്ന ദിക്കിലേ ഒററ ഗ്രന്ഥിയുംകൂടി ഒട്ടാകെ ഇവയിൽ അമ്പത്തൊന്ന് ഗ്രന്ഥികളുണ്ട്. ഈ ഗ്രന്ഥികളിൽനിന്ന് പിൻഭാഗത്തേയ്ക്ക് പോകുന്ന ശാഖായുഗ്മങ്ങൾ സുഷുമ്നാശാഖകളോട് യോജിയ്ക്കുകയും, മുൻ ഭാഗത്തേയ്ക്ക് പോകുന്ന ഒററ ശാഖകളിൽ ചിലവ ഇരുപത്തുനാലാമത്തെ ശ്ലോകത്തിൽ "പ്ലക്ഷക"ങ്ങൾ എന്ന സാങ്കല്പികശബ്ദത്താൽ കുറിയ്ക്കപ്പെട്ടിട്ടുള്ള "സ്നസാസംകേത"ങ്ങളായി പരിണമിയ്ക്കുകയും, ചിലവ ശാഖോപശാഖകളായി പിരിഞ്ഞ് ശരീരാവയവങ്ങളിൽ പ്രവേശിയ്ക്കുകയും ചെയ്യുന്നു.

മേല്പറഞ്ഞ "സ്നസാസംകേതങ്ങൾ" ആനുകമ്പസ്നസകളുടെ "ഗുല്മങ്ങൾ" * ആകുന്നു. ഇവയിൽ സുഷുമ്നയിൽനിന്ന് പുറപ്പെടുന്ന ശാഖകളും, അല്പം കലൎന്നിട്ടുണ്ടായിരിയ്ക്കും. സുഷുമ്നാശാഖകളിൽ മിയ്ക്കവയും "പ്ലക്ഷക"ങ്ങളായ്പരിണമിയ്ക്കുന്നുണ്ട്. അവയിൽ ആനുകമ്പസ്നസകളും അല്പം കലൎന്നിട്ടുണ്ടായിരിയ്ക്കും. ഈ "സ്നസാസംകേത"ങ്ങളിൽനിന്നും അനേകം സ്നസകൾ പുറപ്പെട്ട് ശാഖോപശാഖകളായ്പ്പിരിഞ്ഞ് പല അവയവങ്ങളിലും വ്യാപിയ്ക്കുന്നു.

* മുടിലുകം.

“ആനുകമ്പസ്നസാസംകേത”ങ്ങളിൽ മുഖ്യങ്ങളാകുന്ന ഏഴെണ്ണത്തിൽ രണ്ടെണ്ണം മസ്തിഷ്കാന്തർവൃത്തികളും, മൂന്നാമത്തേതു് ഗ്രൈവേയവും, നാലാമത്തേതു് ഫൌപ്ഫുസവും, അഞ്ചാമത്തേതു് ഹാർദ്ദവും, ആറാമത്തേതു് ഉത്തരജാഠരവും, ഏഴാമത്തേതു് അധരജാഠരവുമാകുന്നു.

ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥാത്രയത്തിലും നിരന്തരമായി ജീവാത്മാവിന്റെ അറിവോ പ്രേരണയോ കൂടാതെതന്നെ വ്യൂഹിനി എന്ന വൈഷ്ണവീശക്തി ശരീരാന്തർവ്യാപാരങ്ങളെ ആജീവനാന്തം നിയന്ത്രണംചെയ്തു വരുന്നതു് ഈ “ആനുകമ്പസ്നസാവ്യൂഹം” വഴിയായിട്ടാകുന്നു. എന്നാൽ “യോഗാഭ്യാസ”ത്താൽ മനുഷ്യനു് ഈ “അനൈച്ഛിക”വ്യാപാരങ്ങളുടെ നിയന്തൃത്വത്തെ ലഭിയ്ക്കാവുന്നതാണു്.

പ്രാണികളുടെ ശരീരപരിണാമവ്യവസ്ഥയിൽ വ്യൂഹിനീശക്തി ഈ “ആനുകമ്പ”സ്നസകളെയാണു് ഒന്നാമതായി നിർമ്മിയ്ക്കുന്നതു്. കാലക്രമത്തിൽ പ്രാണികൾക്കു് മനോവികാസം വർദ്ധിച്ചുവരുന്നതിനോടുകൂടി “മസ്തിഷ്കസുഷുമ്നാ”വ്യൂഹവും അവയുടെ ശരീരത്തിലുണ്ടായിത്തീരുന്നു. ജീവാത്മാവിന്റെ മനശ്ശക്തികൾ മസ്തിഷ്കസുഷുമ്നകളിൽ കൂടിയും അവയുടെ ശാഖകളിൽ കൂടിയും പ്രവർത്തിയ്ക്കുന്നതിനാലാണു് പതിനേഴാമത്തെ ശ്ലോകത്തിൽ “ഗോർദ്ദ്രംകരണം മനസോസ്ത്രാണാം” എന്നു പറഞ്ഞിരിയ്ക്കുന്നതു്. ഓരോ പ്രാണിയുടേയും മസ്തിഷ്കരചനാവൈചിത്ര്യം ആ പ്രാണിയുടെ മനോവൃത്തിവൈഭവത്തിന്നനുരൂപമായിരിയ്ക്കും.

## ഇഡാപിംഗലകൾ.

25. പിംഗലേഡെ ന നാഡ്യൌ തെ
കുണ്ഡലിന്യാഃ സ്രുതീ ഉഭെ।
സവ്യാപസവ്യപാൎശ്വാത്ഥെ
സുഷുമ്നായാഹ്യധഃസ്ത്രിയാം॥

26. പ്രസവ്യേ വല്ല തേ പുംസി
സൎപ്പന്ത്യൌ ജിഹ്മഗേപ്രതി।
സുഷുമ്നാം പരിരോഹന്ത്യൌ
വല്ല്യാവിവമഹീരുഹം॥

അൎത്ഥം — പിംഗലാ, ഇഡാ എന്നവ രണ്ടും നാഡികളല്ല. അവ രണ്ടും കുണ്ഡലിനിയുടെ ഒഴുക്കുകളാകുന്നു. അവ സ്ത്രീയിൽ സുഷുമ്നയുടെ അടിയിൽ ഇടത്തുഭാഗത്തുനിന്നും വലത്തുഭാഗത്തു നിന്നുമായി പുറപ്പെടുന്നവയും, പുരുഷനിൽ വിപരീതങ്ങളായവയും, അന്യോന്യം വിപൎയ്യയമായി കുടിലങ്ങളായി ഗമിക്കുന്നവയും, രണ്ടു ലതകൾ ഒരു വൃക്ഷത്തെയെന്നപോലെ സുഷുമ്നയെ ചുററിക്കയറുന്നവയുമാകുന്നു.

വ്യാഖ്യാനം — പിംഗലാ, ഇഡാ, എന്നു് പേർ പറയപ്പെടുന്ന രണ്ടും നാഡികളോ, ഞരമ്പുകളോ, സിരകളോ, സ്നായുക്കളോ അല്ല. വാസ്തവത്തിൽ സുഷുമ്നാശബ്ദവും സൂക്ഷ്മമായ സുഷുമ്നാനാഡ്യന്തഃച്ഛിദ്രത്തേയാണു് കുറിക്കുന്നതു്. പിംഗലേഡാസുഷുമ്നാകൾ സൂക്ഷ്മദൃഷ്ട്യാ കുണ്ഡലിനീശക്തിയുടെ "പ്രവാഹധാര"കൾ മാത്രമാണു്. ഇവയിൽ സുഷുമ്ന "ഋജുസരണി"യും പിംഗലേഡകൾ "കുടിലസരണി"കളുമാകുന്നു. ഇവ മൂലാ

ധാരപത്മനാളത്തിൻെറ പ്രഭവസ്ഥാനത്തിൽനിന്ന് പുറപ്പെടുന്നു. ഇവ മൂന്നും കശേരുകാന്തർഭാഗത്തിങ്കൽ തന്നേയാകുന്നു വർത്തിയ്ക്കുന്നത്. എന്നാൽ സുഷുമ്ന സുഷുമ്നാനാഡിയുടെ അന്തർഭാഗത്തിൽ ക്കൂടിയും, പിംഗലേഡകൾ സുഷുമ്നാനാഡിയുടെ ബഹിർഭാഗത്തിൽ ക്കൂടിയുമാണ് പോകുന്നത്. സ്ത്രീകളിൽ "പിംഗല" സുഷുമ്നാനാഡിയുടെ അടിയിൽ ഇടത്തുഭാഗത്തുനിന്നും "ഇഡ" വലത്തുഭാഗത്തുനിന്നും, പുരുഷന്മാരിൽ "പിംഗല" സുഷുമ്നാനാഡിയുടെ അധരാഗ്രത്തിൻെറ വലത്തുഭാഗത്ത് നിന്നും "ഇഡ" ഇടത്തുഭാഗത്തുനിന്നുമാണ് പുറപ്പെടുന്നത്. രണ്ടു വള്ളികൾ ഒരു വൃക്ഷത്തെ ചുററിക്കയറുംവിധം ഇഡാപിംഗലകൾ "ഇടമ്പിരിവലമ്പിരി"യായി പുരുഷനിലും "വലമ്പിരിയിടമ്പിരി"യായി സ്ത്രീയിലും സുഷുമ്നാനാഡിയെ ചുററിക്കയറുന്നു.

ഈ ഗൂഢമായ തത്വത്തെ നിവേദനംചെയ്യുന്നതായ ഒരു "പ്രതീക"ത്തെ പൂർവ്വികന്മാർ ശിലകളിലും ആരാധനാഗാരമുഖങ്ങളിലും ഉല്ലേഖനംചെയ്തു വെച്ചിട്ടുണ്ട്. ഈ "പ്രതീക"ത്തിൽ ഒരു യഷ്ടിയും, അതിൻെറ ഉത്തരാഗ്രകന്ദത്തിൻെറ ഇരുപുറത്തുമായി വിസ്തൃതങ്ങളായിരിയ്ക്കുന്ന രണ്ട് പത്രങ്ങളും, ഈ യഷ്ടിയെ സവ്യാപസവ്യമായി ചുററിപ്പിണഞ്ഞുംകൊണ്ടിരിയ്ക്കുന്ന ഊർദ്ധ്വമുഖങ്ങളായ രണ്ടു സർപ്പങ്ങളും ഉല്ലേഖനംചെയ്യപ്പെട്ടിട്ടുള്ളതായിക്കാണാം. ഈ "പ്രതീക"ത്തിലെ യഷ്ടിസുഷുമ്നയേയും, സർപ്പങ്ങൾ ഇഡാപിംഗലകളേയും, യഷ്ടിയുടെ ഉത്തരാഗ്രത്തിലെ "കന്ദം" സുഷുമ്നാനാഡി

യുടെ ഉത്തരാഗ്രത്തിലെ "അവട്ടഗ്രന്ഥി"യേയും, തദ്ഘടിതങ്ങളായ വിസ്തൃതപത്രങ്ങൾ* രാജയോഗത്താലുണത്തപ്പെട്ട് കുണ്ഡലിനീശക്തി ബ്രഹ്മരന്ധ്രസ്ഥമാകുന്ന സഹസ്രാരചക്രത്തെ പ്രവേശിയ്ക്കുമ്പോൾ യോഗികൾക്ക് സിദ്ധിയ്ക്കുന്ന ബ്രഹ്മലോകപര്യന്തമുള്ള സ്വേച്ഛാസംചരണശക്തിയേയും സൂചിപ്പിയ്ക്കുന്നു. ഇതിൽനിന്ന് "സർപ്പന്ത്യൗ ജിഹ്മഗെപ്രതി" എന്ന പ്രയോഗത്തിന്റെ ആശയമിന്നതാണെന്ന് സ്പഷ്ടമാകുന്നു.

## കുണ്ഡലിനീപ്രബോധനം.

27. അസൌ കുണ്ഡലിനീശക്തി
ശ്ചക്രമൂലേ തു ദേഹിനാം।
സപ്താവരണസംച്ഛന്നാ
ശേതേ നിവൃഥനേത്രികെ॥

അത്ഥം—ഈ കുണ്ഡലിനീശക്തി ദേഹികളുടെ മൂലാധാരചക്രനാളം പുറപ്പെടുന്ന പൃഷ്ഠവംശാധരത്തിങ്കലെ രന്ധ്രത്തിൽ ഏഴാവരണങ്ങളാൽ മൂടപ്പെട്ടുറങ്ങിക്കിടക്കുന്നു.

വ്യാഖ്യാനം—ഉൽഗീഗർഭത്തിങ്കൽ ധാതുരചനോൽമ്യമയായിരിയ്ക്കുന്ന കുണ്ഡലിനീശക്തി ദേഹത്തിൽ പ്രവേശിയ്ക്കുന്നത് മൂലാധാരചക്രത്തിൽ കൂടിയാകുന്നു. എന്നാൽ സാമാന്യമനുഷ്യശരീരത്തിൽ 11 മുതൽ 16 കൂടിയുള്ള ശ്ലോകങ്ങളിൽ വിവരിച്ചപോലെ പ്രാണപ്രവഹണാദികമ്മങ്ങളെ നിവ്വഹിച്ചുവരുന്ന ശക്തി അതിന്റെ

* വിരിയ്ക്കപ്പെട്ട ചിറകുകൾ.

ഏററവും സ്ഥൂലവും ബാഹ്യവുമായിരിയ്ക്കുന്ന ഏഴാമത്തേയാവരണത്തിൽക്കൂടി മാത്രം പ്രവൎത്തിയ്ക്കുന്ന കുണ്ഡലിനിയാകുന്നു. ഈ ഏഴാമത്തേയാവരണത്തിൽ ഏതാനംമാത്രമേ കുണ്ഡലിനീശക്തി സാമാന്യ മനുഷ്യരിൽ "പ്രബുദ്ധ"മായിട്ടുള്ളൂ. ഈ ആവരണത്തിൽ പരിപൂൎണ്ണമായുണരുമ്പോൾ ഭൂലോകത്തിലെ സൎവ്വവസ്തുക്കളും ഇന്ദ്രിയഗോചരങ്ങളാവുന്നതാണ്. മററാവരണങ്ങളിൽ ഈ ശക്തിയുറങ്ങിക്കിടക്കയാണ്. കാലക്രമത്തിൽ, അതായത് ഓരോ മന്വന്തരത്തിൽ ഓരോ ആവരണത്തിലായി, മറെറല്ലാ ആവരണങ്ങളിലും ആനുപൂൎവ്യമായി കുണ്ഡലിനീശക്തി ഉണരുന്നതാണ്.

ഓരോ ജീവനും ഈശ്വരബീജമായതിനാൽ സൎവ്വൈശ്വൎയ്യങ്ങളും ഓരോ ജീവനിലും അന്തൎഭവിച്ചുകിടക്കുന്നു. അവയിൽ ചിലതുകൾ "ശാന്ത" ങ്ങളായും, ചിലവ "ഉദിത"ങ്ങളായും, മററ് ചിലവ "അവ്യപദേശ്യ"ങ്ങളായും അതാതു കാലങ്ങളിൽ വൎത്തിയ്ക്കുന്ന തത്വത്തെ പതഞ്ജലിമഹൎഷി "ശാന്തോദിതാവ്യപദേശ്യധൎമ്മാനുപാതീ ധൎമ്മീ" എന്ന സൂത്രത്താൽ വെളിപ്പെടുത്തിയിരിയ്ക്കുന്നു. ആയതിനാൽ ഉറങ്ങിക്കിടക്കുന്ന ഈ കുണ്ഡലിനീശക്തിയേ "യോഗാഭ്യാസ"ത്താൽ ആൎക്കും ഉണൎത്താവുന്നതാണ്. എന്നാൽ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനീശക്തി ഉണരുമ്പോൾ പൃഷ്ഠവംശാധരത്തിങ്കലെ ഈ സ്ഥാനം സംയമികൾക്ക് വ്യഥകളെ നീക്കുന്നതായിട്ടും അസംയമികൾക്ക് വ്യഥകളെ ഉണ്ടാക്കുന്നതായിട്ടും പരിണമിയ്ക്കാവുന്ന തത്വത്തെ "നിൎവ്യഥനെ" എന്ന പദപ്രയോഗത്താൽ വെളിവാക്കിയിരിയ്ക്കുന്നു.

28. യമാദ്യഷ്ടാംഗയോഗേന
ബീജമന്ത്രജപേനവാ।
ഗുരുകാരുണ്യലേശേന
വ്യുത്ഥിതാ ഭവതിധ്രുവം॥

അൎത്ഥം—യമം തുടങ്ങിയുള്ള എട്ടംഗങ്ങളോടുകൂടിയ "യോഗം"കൊണ്ടോ, ബീജമന്ത്രങ്ങളെ ജപിക്കുന്നതുകൊണ്ടോ, ഗുരുവിൻെറ കാരുണ്യലേശത്താൽ (ഈ കുണ്ഡലിനീശക്തി) നിശ്ചയമായും ഉണൎത്തപ്പെടുന്നു.

വ്യാഖ്യാനം—യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണാ, ധ്യാനം, സമാധി എന്നിവയാകുന്നു യോഗത്തിൻെറ എട്ടംഗങ്ങൾ. ഇവയുടെ വിവരണങ്ങളെ പാതംജലസൂത്രങ്ങളിൽ നിന്നറിയാവുന്നതാണ്. "ബീജമന്ത്രങ്ങൾ", "ഓം" എന്ന താരബീജം, "ഐം"എന്ന വാഗ്ഭവബീജം, "ക്ലീം" എന്ന കാമരാജബീജം, "ഔഃ" എന്ന ശക്തിബീജം, "ഹ്രീം" എന്ന മായാബീജം, "ശ്രീം" എന്ന ശ്രീബീജം മുതലായവയാകുന്നു. യോഗവും മന്ത്രവും ഗുരൂപദേശത്താലല്ലാതെ സുഫലങ്ങളായി ഭവിക്കയില്ലെന്നു മാത്രമല്ല ദുരിതങ്ങളായി പരിണമിപ്പാനുമിടയുണ്ട്.

29. തടില്ലതേവകുടിലാ
പ്രതിചക്രം പ്രരോഹതി।
പ്രജ്ഞാൎഃലോകപ്രദാപുംസാം
സൎവ്വസംഭ്രമി വിജൃംഭിണീ॥

അൎത്ഥം—മിന്നൽക്കൊടിപോലെ പ്രകാശകൌടില്യങ്ങളോടുകൂടി (ഈ കുണ്ഡലിനീശക്തി) ഓരോ ചക്രത്തിലും കയറിച്ചെന്നു് ജനങ്ങൾക്കു് സമ്യഗ്ഗ്രഹണശ

ക്തിയെക്കൊട്ടത്തു് (അവരിൽ) സവ്വൈശ്വൎയ്യങ്ങളേയും ആവിഷ്കരണംചെയ്യുന്നു.

വ്യാഖ്യാനം—തടില്ലതാശബ്ദത്താൽ കുണ്ഡലിനീശക്തിയുടെ പ്രകാശാതിശയത്തേയും, തീക്ഷ്ണതതേയും, വേഗത്തേയും, ചക്രാരോഹണപ്രകാരത്തേയും, അശിക്ഷിതന്മാൎക്കതിനാലുണ്ടാകുന്ന അപായത്തേയും സൂചിപ്പിച്ചിരിയ്ക്കുന്നു.

കുണ്ഡലിനീശക്ത്യാകുഞ്ചനത്താൽ യോഗിയ്ക്ക് സിദ്ധിയ്ക്കുന്ന "പ്രജ്ഞാffലോക"ത്തെപ്പററി ഈ സന്ദൎഭത്തിൽ അല്പം പറയേണ്ടിയിരിയ്ക്കുന്നു. മനുഷ്യൻ സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളിലും ജീവിച്ചുവരുന്നുണ്ടെങ്കിലും സാമാന്യമായി സ്ഥൂലശരീരത്തിൽ മാത്രമേ അവൻ പ്രജ്ഞയോടുകൂടി പ്രവൎത്തിയ്ക്കുന്നുള്ളു. അതായതു് സാമാന്യ മനുഷ്യൻ ബാഹ്യവിഷയങ്ങളെ ഗ്രഹിയ്ക്കുന്നതു് സ്ഥൂലശരീരത്തിലുള്ള ഇന്ദ്രിയങ്ങൾവഴിയായിട്ട് മാത്രമാണ്. ഈ ഇന്ദ്രിയങ്ങൾ ഇനിയും പൂൎണ്ണശക്തിയെ പ്രാപിച്ചിട്ടില്ല. കാലക്രമത്തിൽ ഇവയ്ക്ക് പൂൎണ്ണശക്തിയുണ്ടാകുന്നതാണെങ്കിലും വൎത്തമാനദശയിൽ ഇവയുടെ ശക്തിയും വ്യക്തിയും എത്രയും സംകുചിതമായിട്ടാണിരിയ്ക്കുന്നതു്. ഉദാഹരണമായി വായുചക്ഷുരിന്ദ്രിയത്തിന്നു് ഗോചരമല്ല. പിപീലികകൾ സഞ്ചരിയ്ക്കുമ്പോളുണ്ടാകുന്ന ശബ്ദം സാമാന്യ ശ്രോത്രങ്ങളാൽ ഗ്രാഹ്യമല്ല. അതിസൂക്ഷ്മവസ്തുക്കൾ ദൃഷ്ടിയിൽ പെടുന്നില്ല. വസ്തുക്കൾ ദൂരത്തിലാകുംതോറും അവയ്ക്ക് സ്പഷ്ടത കുറഞ്ഞുവരുന്നു. ഇതിന്നുപുറമേ ഇന്ദ്രിയങ്ങൾക്ക് തീരെ

ഗോചരങ്ങളല്ലാത്തവയായ പല വസ്തുക്കളും ഭൂലോകത്തിൽ തന്നെയുണ്ട്. എന്നാൽ അവ യോഗിയ്ക്കു് അഗോചരങ്ങളല്ല. ഈ സംഗതികളിൽനിന്നു് നാം അറിയേണ്ടതു്, "യോഗ"ത്തിൻെറ ഉദ്ദേശം ഇന്ദ്രിയശക്തികളുടെ ഉന്മൂലനമല്ലെന്നും അവയുടെ ഗോചരമര്യാദയെ വൎദ്ധിപ്പിയ്ക്കുന്നതാണെന്നുമാണ്. "ഇന്ദ്രിയാണി ഹയാനാഹുഃ" എന്ന വേദവാക്യത്തിൽനിന്നു് യോഗാഭ്യാസം "ഇന്ദ്രിയവശീകരണ"മാണെന്നും "ഇന്ദ്രിയനിഷൂദന"മല്ലെന്നും അറിയാവുന്നതാണ്.

യോഗി ഇന്ദ്രിയങ്ങളെ വശീകരണംചെയ്യുന്നതോടുകൂടി അവയുടെ തീക്ഷ്ണതയേയും വൎദ്ധിപ്പിയ്ക്കുന്നതിനാൽ യോഗിയുടെ പ്രജ്ഞയ്ക്കു് വിശാലതയുണ്ടായിരുന്നു ഇതിനെയാണ് ഈ ശ്ലോകത്തിൽ "പ്രജ്ഞാലോകഃ" എന്നു് പറഞ്ഞിരിയ്ക്കുന്നതു്.

മനുഷ്യൻെറ സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾ "പരസ്പരാന്തഃപ്രവിഷ്ട"ങ്ങളായി ഒരേ ദിക്കിലിരിയ്ക്കുംവിധത്തിൽ ഭൂാദിലോകങ്ങളും പരസ്പരാന്തഃപ്രവിഷ്ടങ്ങളായി ഒരേ ദിക്കിൽതന്നെ സ്ഥിതിചെയ്യുന്നു. എന്നാൽ സൂക്ഷ്മശരീരലോകങ്ങൾക്കു് സ്ഥൂലശരീരലോകങ്ങളെക്കാൾ "വിസ്താരം" ഉണ്ടായിരിയ്ക്കും. ഭൂലോകത്തിൽനിന്നു് സ്വൎഗ്ഗലോകത്തിലേയ്ക്കു് കടപ്പാൻ ദൂരസംചാരമാവശ്യമല്ല. സ്ഥൂലശരീരത്തെ സ്വൎഗ്ഗത്തിലേയ്ക്കു് കൊണ്ടുപോവാൻ സാധിയ്ക്കുന്നതുമല്ല. ഓരോ ലോകത്തിന്നും അനുരൂപമായ ശരീരം മനുഷ്യനുണ്ട്., അതായതു് അതാതു ലോകത്തിലെ ഭൂതതന്മാത്രങ്ങളെക്കൊണ്ടാണ് ആ ലോകത്തിലെ ശരീരങ്ങൾ നിൎമ്മിയ്ക്കപ്പെട്ടിട്ടുള്ളതു്. സ്ഥൂലശ

രീരം പൃഥ്വീതന്മാത്രനിർമ്മിതമാകയാൽ തേജസ്തന്മാത്ര നിർമ്മിതമായ സ്വർഗ്ഗലോകത്തിൽ സ്ഥൂലശരീരത്തിന്ന് സ്ഥിതിയില്ല. മനുഷ്യന്റെ സ്വർഗ്ഗലോകശരീരം തേജസ്തത്വനിർമ്മിതമായ മനോമയകോശമാകുന്നു.

ലോകയാത്രാവിധാനക്രമത്തിൽ മനുഷ്യന്റെ പ്രജ്ഞ ആദ്യമായി സ്ഥൂലശരീരത്തിൽ കേന്ദ്രീഭവിയ്ക്കുന്നു. കാലക്രമത്തിൽ സൂക്ഷ്മശരീരങ്ങളോരോന്നിലും കേന്ദ്രീഭവിയ്ക്കുന്നതുമാണ്. യാതൊരു ലോകത്തിന്നുപയുക്തമായ ശരീരത്തിൽ ജീവന്റെ പ്രജ്ഞ കേന്ദ്രീഭവിയ്ക്കുന്നുവോ ആ ലോകത്തിലെ വസ്തുക്കൾ അവന്ന് വിഷയീഭവിയ്ക്കുന്നു.

സ്ഥൂലശരീരം നിദ്രയെ പ്രാപിയ്ക്കുമ്പോൾ മനുഷ്യന്റെ പ്രജ്ഞ സ്ഥൂലശരീരത്തിൽനിന്ന് സൂക്ഷ്മശരീരത്തിലേയ്ക്കു പകരുന്നു. വാസ്തവത്തിൽ സ്ഥൂലശരീരം ശ്രമക്ലാന്തമായ് ഭവിയ്ക്കുമ്പോൾ ജീവൻ ഉത്തരശരീരങ്ങളോടുകൂടി സ്ഥൂലശരീരത്തിൽനിന്ന് നിർഗ്ഗമിയ്ക്കുന്നതിനാൽ സ്ഥൂലശരീരം നിദ്രയെ പ്രാപിയ്ക്കുന്നു. സ്ഥൂലശരീരത്തിന്റെ നിദ്രാകാലത്ത് പ്രാണമയകോശം അതിൽനിന്ന് വേർവിടുന്നില്ല. പ്രാണമയകോശം വേർവിടുന്നതായാൽ സ്ഥൂലശരീരത്തിന്ന് മരണം സംഭവിയ്ക്കും. സ്ഥൂലശരീരത്തിന്റെ നിദ്രാകാലത്തിൽ ജീവന്റെ പ്രജ്ഞ സൂക്ഷ്മശരീരത്തിൽ കേന്ദ്രീഭവിയ്ക്കുന്നുണ്ടെങ്കിലും സ്ഥൂലശരീരവുമായുള്ള ബന്ധം തീരെ വേർപെട്ടുപോകുന്നില്ല. ഈ ബന്ധം വേർപെട്ടുപോകുന്നതായാലും സ്ഥൂലശരീരം മൃതമായിഭവിയ്ക്കുന്നു. ഈ ബന്ധം യോഗിയുടെ ദൃഷ്ടിയ്ക്കു ജീവന്റെ സൂക്ഷ്മശരീരത്തിൽനിന്ന് നിദ്രിതമായ

സ്ഥൂലശരീരത്തിലേയ്ക്ക് ചെല്ലുന്നതായ "ഒരുതേജസ്സൂത്രം"പോലെ കാണപ്പെട്ടും. നിദ്രാകാലത്തിൽ തൻെറ "പക്വത"യ്ക്കനുസരിച്ച് ജീവനു നിദ്രാശയിതമായ സ്ഥൂലശരീരത്തിൽനിന്ന് അകലെ സംചരിപ്പാനും ഭുവർലോകവിഷയങ്ങളെ ഗ്രഹിപ്പാനും കഴിയുന്നതാണ്. "അപരിഷ്കൃത"ന്മാരായ ജീവന്മാർ നിദ്രിതമായ സ്ഥൂലശരീരത്തിൻെറ അരികെ നേരെ മുകളിലായി "അന്തഃപ്രജ്ഞ"യോടുകൂടി സൂക്ഷ്മശരീരത്തിൽ സ്ഥിതിചെയ്യുന്നു. അവക്ക് സ്ഥൂലശരീരത്തിൽനിന്ന് അധികം അകന്നു പോവാനോ ഭുവർലോകവിഷയങ്ങളെ ഗ്രഹിപ്പാനോ ശക്തിയില്ല. അവരെ സൂക്ഷ്മശരീരത്തിലും നിദ്രിതന്മാരായിട്ടുതന്നെ വിചാരിയ്ക്കേണ്ടതാണ്.

എന്നാൽ സാമാന്യ മനുഷ്യക്ക് സ്ഥൂലശരീരത്തിൻെറ നിദ്രാവസ്ഥയിൽ ഭുവർലോകത്തിൽ യഥേഷ്ടം സംചരിയ്ക്കുന്നതിനും ലോകഹിതങ്ങളാകുന്ന കർമ്മങ്ങളിലേപ്പെട്ടുന്നതിനും കഴിയാവുന്നതാണെങ്കിലും അവരിൽ മിയ്ക്കവരും സ്വകീയചിന്താക്രാന്തന്മാരായി "ബഹിഃപ്രജ്ഞ"യില്ലാതെ ഭുവർലോകശക്തികളാൽ, തുഴകളില്ലാത്ത തോണികളെന്നപോലെ, അങ്ങുമിങ്ങും സംചാലിതന്മാരായിട്ടുതന്നെ രാത്രിയേ കഴിച്ചുകൂട്ടുന്നു. മാനുഷവർഗ്ഗത്തിലുത്കൃഷ്ടപദവിയേ ലഭിച്ചവരിൽ മിയ്ക്കവരും സ്ഥൂലശരീരത്തിൻെറ നിദ്രാവസ്ഥയിൽ പൂർണ്ണമായ പ്രജ്ഞയോടുകൂടി ഭുവർലോകത്തിൽ യഥേഷ്ടം സംചരിച്ചു പ്രവർത്തിയ്ക്കുന്നതിനാൽ അവക്ക് ഭുവർലോകത്തിൽ ജാഗ്രദവസ്ഥതന്നെയാണ്. ഈ സന്ദർഭത്തിൽ 'പ്രാണേനരക്ഷന്നവരംകുലായം ബഹിഷ്കുലായാദമൃതശ്ചരിത്വാ' ഈ

യതെf്മൃതൊയത്രകാമം ഹിരണ്മയഃപുരുഷ ഏകഹംസഃ' എന്നുള്ള ബൃഹദാരണ്യകോപനിഷദ്വാക്യം സ്മൎത്തവ്യമാണ്.

അവർ സൂക്ഷ്മശരീരത്തിൽ പൂൎണ്ണമായ പ്രജ്ഞയോടുകൂടി ഭുവർലോകത്തിൽ പ്രവൎത്തിയ്ക്കുന്നുണ്ടെങ്കിലും അവർ തിരിയെ സ്ഥൂലദേഹത്തെ പ്രവേശിക്കുമ്പോൾ അവൎക്കു ഭുവർലോകാനുഭൂതവിഷയങ്ങളെ മസ്തിഷ്ക്കത്തിൽ പതിപ്പിപ്പാൻ കഴിയാത്തതിനാൽ അവർ തങ്ങൾക്കുണ്ടായ ഭുവർലോകാനുഭവങ്ങളുടെ സ്മരണയില്ലാതെ ഭൂലോകത്തിലുണരുന്നു. എന്നാലവൎക്കങ്ങിനെയുള്ള വല്ല സൂക്ഷ്മലോകാനുഭവങ്ങളേയും ന്യൂനാതിരേകദോഷങ്ങൾ കൂടാതെ മസ്തിഷ്കദ്വാരാ സ്ഥൂലപ്രജ്ഞയിൽ കൊണ്ടുവരുവാൻ സാധിയ്ക്കുമ്പോൾ അവ "യഥാൎത്ഥ സ്വപ്ന"മെന്ന് പറയപ്പെടുന്നു. മനുഷ്യരുടെ എല്ലാ സ്വപ്നങ്ങളും യഥാൎത്ഥങ്ങളല്ല. നൂറിൽ തൊണ്ണൂറെറാമ്പതും "മിഥ്യാസ്വപ്ന"ങ്ങളാണ്. വിസ്തരഭയത്താൽ സ്വപ്നവിഷയത്തിൽ പ്രവേശിയ്ക്കുന്നില്ല. സൂക്ഷ്മലോകങ്ങളിൽ ജീവാത്മാവിൻെറ ജാഗ്രദവസ്ഥയിൽ അവനുണ്ടായ അനുഭവങ്ങൾ സ്ഥൂലപ്രജ്ഞയിൽ സ്മൃതിരൂപേണ വൎത്തിയ്ക്കുന്നതാണ് "യഥാൎത്ഥസ്വപ്നം". മററുവിധത്തിലുള്ള സ്വപ്നങ്ങൾ മസ്തിഷ്കത്തിൻെറ "കൃതികളും വികൃതികളു"മാണ്.

സൂക്ഷ്മലോകാനുഭവങ്ങളെ യാതൊരുവിധത്തിലുമുള്ള വൈരൂപ്യവും കൂടാതെ സ്ഥൂലപ്രജ്ഞയിൽ കൊണ്ടുവരുവാൻ, അതായത് ഒരു ശരീരത്തിൽനിന്ന് പ്രജ്ഞയെ മറെറാരു ശരീരത്തിൽ സ്മൃതിവിച്ഛേദം

കൂടാതെ കേന്ദ്രീഭവിപ്പിപ്പാൻ, ശരീരങ്ങളെ പരസ്പരം സംഘടിപ്പിയ്ക്കുന്ന മൂലാധാരാദി ചക്രങ്ങളിൽകൂടി രാജയോഗത്താലുണർത്തപ്പെട്ട കുണ്ഡലിനീശക്തിയെ യഥാക്രമം പ്രവേശിപ്പിച്ച് അവയെ ഉജ്ജൃംഭണംചെയ്താലല്ലാതെ സാധിയ്ക്കുന്നതല്ല. കുണ്ഡലിനീശക്തിയെ ഉണൎത്തുന്നതിന്നുള്ള ഉത്തമമാൎഗ്ഗം യമാദ്യഷ്ടാംഗങ്ങളോടുകൂടിയ "രാജയോഗ"മായതിനാൽ ഈ അവസരത്തിൽ യോഗത്തിന്റെ തത്വത്തെപ്പററിയുള്ള ചില സിദ്ധാന്തങ്ങളെ വെളിപ്പെടുത്തുന്നത് അയുക്തമായി തോന്നുന്നില്ല.

ജീവാത്മാവിന്നു ഭൂർഭുവസ്സ്വൎഗ്ഗാദി ലോകങ്ങൾക്കനുരൂപങ്ങളായ ശരീരങ്ങളും അവ ഓരോന്നിലും ആത്മാവ് പ്രവൎത്തിയ്ക്കുന്നതിനാൽ ഓരോന്നിലും ഓരോ "അഹംകൃതി"യും ഉണ്ട്. ഈ അഹംകൃതികൾ ക്രമത്തിൽ സ്ഥൂലശരീരം മുതല്ക്ക് ഓരോ ശരീരത്തിലും കൎത്തൃജ്ഞാതൃഭോക്തൃരൂപത്തിൽ ദൃഢതയെ പ്രാപിച്ചുവരികയാണ്. പ്രായേണ ഈ അഹംകൃതികൾപരസ്പരം പരിച്ഛിന്നങ്ങളാണെന്നുവരികിലും ചിലപ്പോൾ ഇവയിൽ അന്യോന്യസ്മൃതിസംകരം സംഭവിയ്ക്കുമ്പോൾ സ്വപ്നപ്രതീതിയുണ്ടാകുന്നു. ഇങ്ങിനെ പല ശരീരങ്ങളിലും വൎത്തിയ്ക്കുന്ന വിച്ഛിന്നാഹംകൃതികളെ ഏകീകരണംചെയ്ത് ഒരേ ഒരു പ്രജ്ഞയുടെ (അഹംകൃതിയുടെ) ജാഗ്രദവസ്ഥയിൽ കൊണ്ടുവരുന്നതാകുന്നു "യോഗം".

മനുഷ്യന്നു സ്ഥൂലശരീരത്തിൽ ഭൂലോകവിഷയസംബന്ധിനിയായ ഒരഹംകൃതിയും, കാമമയകോശത്തിൽ ഭുവർലോകസംബന്ധിനിയായ ഒരഹംകൃതിയും, മനോ

മയകോശത്തിൽ സുവർലോകസംബന്ധിനിയായ ഒരു അഹംകൃതിയും ഉണ്ട്. ഇവ മൂന്നും ജന്മംപ്രതി ഉത്പാദിപ്പിയ്ക്കപ്പെടുന്നതിനാലും അല്പകാലംകൊണ്ടു് നശിച്ചുപോകുന്നതിനാലും ഇവയിൽ അതാതു ജന്മത്തിലെ അനുഭവങ്ങൾ മാത്രമേ (ആ ജന്മാവസാനംവരെ) സ്മൃതിരൂപേണ വർത്തിയ്ക്കുന്നുള്ളൂ. അതീതജന്മാനുഭവങ്ങൾ ഈ അഹംകൃതികളിൽ വ്യക്തങ്ങളല്ല. അനശ്വരമായ വിജ്ഞാനമയകോശത്തിലെ അഹംകൃതിയിൽ മാത്രമേ അതീതജന്മാനുഭവങ്ങൾ സാകല്യേന വർത്തിയ്ക്കുന്നുള്ളൂ. ഈ വിജ്ഞാനമയകോശം "കാരണ"ശരീരമെന്നു പറയപ്പെടുന്നു. മുൻ പറഞ്ഞ മൂന്നഹംകൃതികളും ഈ കാരണശരീരാഹംകൃതിയുടെ താല്ക്കാലികാവിർഭാവങ്ങളാകുന്നു. ഇവയിൽ പൂർവ്വജന്മാനുഭവങ്ങളുടെ "വാസനകൾ" മാത്രമേയുള്ളൂ. സ്ഥൂലശരീരാഹംകൃതിയെ കാരണശരീരാഹംകൃതിയോടു "യോജി"പ്പിപ്പാൻ കഴിയുന്നതായാൽ അവനവന്റെ പൂർവ്വജന്മങ്ങളേയെന്നുതന്നേയല്ല ഇതരന്മാരുടെ പൂർവ്വജന്മങ്ങളേയും നിശ്ശേഷം ഗ്രഹിപ്പാൻ സാധിയ്ക്കുന്നതാണ്. യോഗികൾക്ക് സ്ഥൂലകാരണശരീരാഹംകൃതികളുടെ "യോഗ"ത്താൽ പ്രാകൃതമാനുഷന്മാർക്കെന്നപൊലെ നിദ്രകൊണ്ടോ മരണംകൊണ്ടോ "പ്രജ്ഞാവിച്ഛേദം" സംഭവിയ്ക്കുന്നില്ല. സാമാന്യ മനുഷ്യരുടെ പലേ ശരീരങ്ങളിലുമുള്ള അഹംകൃതികൾക്ക് സാന്തത്യമില്ലാത്തതിനാൽ നിദ്രാ, മരണം എന്നീ സംഭവങ്ങളാൽ "പ്രജ്ഞാവിച്ഛേദ"വും തന്നിമിത്തം ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥാഭേദങ്ങളും ജന്മാന്തരാനുഭൂതവിഷയങ്ങളുടെ വിസ്മൃതിയും ഉണ്ടായിത്തീരുന്നു.

ഏതു് ലോകത്തിലെ "ഭൂതമാത്രാസ്പന്ദന"ങ്ങളുടെ "അനുസ്ഫുരണം", ആ സ്പന്ദനങ്ങളെ പ്രത്യുത്പാദനം ചെയ്യാൻ കഴിയുന്നവയായി തന്റെ ശരീരത്തിൽ വത്തിയ്ക്കുന്ന "പ്രജ്ഞാമാത്ര"കൾ വഴിയായി, ജീവാത്മാവിന്റെ പ്രജ്ഞയിലുണ്ടാകുന്നില്ലയോ ആ ലോകത്തിൽ അവന്നു് സുഷുപ്ത്യവസ്ഥയാണു്. ശരീരങ്ങളിലുള്ള "പ്രജ്ഞാമാത്ര"കൾക്കു് "ഭൂതമാത്രാസ്പന്ദനങ്ങളെ പ്രത്യുത്പാദനം ചെയ്യാൻ സാദ്ധ്യമാവുന്നതു് ഊൎദ്ധ്വമുഖിയാകുന്ന കുണ്ഡലിനീശക്തി ശരീരങ്ങളിലെ "ചക്ര"ങ്ങളിൽ പ്രവത്തിയ്ക്കുന്നതിനാലാണു്. ശരീരത്തിലെ പ്രജ്ഞാമാത്രകൾക്കു് "ഭൂതമാത്ര"കളുടെ സ്പന്ദനങ്ങളെ തങ്ങളിൽ പ്രത്യുത്പാദനംചെയ്യാൻ സാമത്ഥ്യമുണ്ടായാലും "നിദ്ര" കൊണ്ടോ "സമാധി"കൊണ്ടോ പ്രജ്ഞ ഉത്തരശരീരങ്ങളിൽ കേന്ദ്രീഭവിയ്ക്കുമ്പോഴും, സുഷുപ്ത്യവസ്ഥ സംഭാവ്യമാണു്.

പ്രത്യാഹാരധാരണാദ്ധ്യാനസമാധികളാൽ "ചിത്ത"ത്തെ നിർവ്വിഷയമാക്കിത്തീക്കുമ്പോൾ, അതായതു് "ചിത്ത"ത്തിന്റെ ബാഹ്യവസ്തുകൃതങ്ങളും സ്വസംസ്കാരകൃതങ്ങളുമായിരിയ്ക്കുന്ന "വൃത്തി"കളെ നിരോധനംചെയ്യുമ്പോൾ "ചിത്തം"നിഷ്പ്രത്യയമായിഭവിയ്ക്കുന്നതിനാൽ പ്രജ്ഞയ്ക്കാലംബനമില്ലായ്കനിമിത്തം അതു് അധര ശരീരത്തെവിട്ടു് ഉത്തരശരീരത്തിൽ കേന്ദ്രീഭവിയ്ക്കുന്നു. ഇപ്രകാരം പ്രജ്ഞ ഉത്തരശരീരത്തിൽ കേന്ദ്രീഭവിയ്ക്കുമ്പോൾ അധരശരീരം "സമാധി"യെ പ്രാപിയ്ക്കുകയും അതിലേ അഹംകൃതി ഉത്തരശരീരാഹംകൃതിയോടുകൂടി യോജിയ്ക്കുകയും ചെയ്യുന്നു. ഈ സമാധികാലത്തിൽ ഉത്തരശരീ

രത്തിലെ പ്രജ്ഞാമാത്രകൾക്ക് ഉത്തരലോകത്തിലെ ഭൂതമാത്രകളുടെ സ്പന്ദനങ്ങളെ തങ്ങളിലുത്പാദനംചെയ്യാൻ സാധിയ്ക്കുന്നപക്ഷം ആ ലോകത്തിൻ ജീവന് ജാഗ്രദവസ്ഥയും അല്ലാത്തപക്ഷം സുഷുപ്തിയ്ക്കാകുന്ന "മൂഢസമാധി"യുമായിരിയ്ക്കും. മിയ്ക്ക "യോഗി"കളുടെ സമാധിയും "മൂഢസമാധി"യാണ്. ഈ "മൂഢസമാധി"യിൽനിന്ന് അവർ ഉത്ഥാനംചെയ്യുമ്പോൾ പറയത്തക്ക യാതൊരു വിശേഷജ്ഞാനവും അവക്കുണ്ടായിരിക്കയില്ല.

അധരശരീരത്തിൻെറ സമാധികാലത്തിൽ ഉത്തരശരീരത്തിൽ ജാഗ്രദവസ്ഥയോടു കൂടിയിരിയ്ക്കുന്നവക്ക് ഉത്തരശരീരത്തിലെ പ്രജ്ഞാമാത്രകൾവഴിയായി ആ ഉത്തരലോകത്തിലെ വിഷയഗ്രഹണമുണ്ടാവാമെങ്കിലും അവർ പിന്നീട് അധരശരീരത്തെ പ്രവേശിച്ച് സമാധിയിൽ നിന്നുണരുമ്പോൾ ഉത്തരലോകത്തിൽ അവക്കുണ്ടായ അനുഭവങ്ങളെ അധരശരീരത്തിൽ സംസ്കരിപ്പാൻ കഴിയാതിരിയ്ക്കും വിഷയത്തിൽ അവർ അവയെ തീരെ വിസ്മരിച്ചുകളയുന്നു. അപ്രകാരം വിസ്മരണ സംഭവിയ്ക്കാതിരിയ്ക്കേണമെങ്കിൽ കുണ്ഡലിനീശക്തിയെ ഉണൎത്തി ചക്രങ്ങളെ ഉത്തേജനംചെയ്യേണ്ടതാണ്.

സമാധിഗതനായ യോഗിയുടെ പ്രജ്ഞ "ഋതംഭര"യും, ആ സമാധിയുടെ ഫലം "തത്വസാക്ഷാത്കാര"വുമാകുന്നു. അതല്ലാതെ, "സമാധി", പ്രജ്ഞാശൂന്യതയല്ലെന്നു പ്രത്യേകം അറിഞ്ഞിരിയ്ക്കേണ്ടതാണ്.

ആനന്ദമയകോശത്തിലെ അഹംകൃതി സൎവ്വജീവസാമാന്യയാകുന്നു. അതായത് യോഗിയുടെ പ്രജ്ഞ ആനന്ദമയകോശത്തിൽ കേന്ദ്രീഭവിയ്ക്കുമ്പോൾ സൎവ്വജീ

വികളുടേയും സർവ്വശരീരങ്ങളിൽക്കൂടിയും "സംവേദനം" സിദ്ധിയ്ക്കുന്നതോടുകൂടി യോഗിയ്ക്ക് ബ്രഹ്മാണ്ഡത്തിൽ സർവ്വത്ര സഞ്ചരിപ്പാനുള്ള ശക്തിയുമുണ്ടായിത്തീരുന്നു. യോഗി ആത്മസംസ്ഥാനാകുമ്പോൾ സർവ്വാത്മകനായി "മുക്തി"യെ ലഭിയ്ക്കുന്നു.

ഓരോ ശരീരത്തിലും ആത്മാവിന്റെ ത്രിവിധശക്തികളും പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ഓരോ ശരീരത്തിലും ഓരോ ശക്തി മുന്നിട്ട് മററ് രണ്ടു ശക്തികളെ അതിശയിയ്ക്കുന്നുണ്ട്. സ്ഥൂലശരീരത്തിൽ ക്രിയാശക്തിയും, കാമമയകോശത്തിൽ ഇച്ഛാശക്തിയും, മനോമയകോശത്തിൽ ജ്ഞാനശക്തിയും ഉദഗ്രമായ്പ്രവർത്തിയ്ക്കുന്നുണ്ട്. ഈ മൂന്നുപാധികളിൽക്കൂടി പ്രവർത്തിയ്ക്കുന്ന ആത്മചൈതന്യത്തെ "വ്യാവഹാരിക"നെന്നും, "ഛായാപുരുഷ"നെന്നും, "ക്ഷരപുരുഷ"നെന്നും പറയാറുണ്ട്. വിജ്ഞാനമയകോശത്തിൽ ജ്ഞാനശക്തിയും, ആനന്ദമയകോശത്തിൽ ഇച്ഛാശക്തിയും, "ആത്മമയകോശ"ത്തിൽ ക്രിയാശക്തിയും പ്രാബല്യത്തെ പ്രാപിയ്ക്കുന്നു. ഇവയിൽക്കൂടി പ്രകാശിയ്ക്കുന്ന ആത്മചൈതന്യത്തെ "പ്രാതിഭാസിക"നെന്നും, "ആതപപുരുഷ"നെന്നും, "അക്ഷരപുരുഷനെന്നും പറഞ്ഞുവരുന്നു. തദുപരി സദാനന്ദചിത്സ്വരൂപനെന്നു മാത്രം നമുക്ക് പറവാൻ കഴിയുന്ന "പാരമാർത്ഥിക"നായ "ഉത്തമപുരുഷ"ൻ "പരമാത്മ" ശബ്ദവാച്യനായി, ഈശ്വരഹൃദയാന്തർഗ്ഗതനായി, പ്രപഞ്ചാതീതനായി, ശാശ്വതനായി, ഈശ്വരബീജഭൂതനായി, അതീതകല്പാനുഭവസ്മൃതിസന്തതിയോടുകൂടി വർത്തിയ്ക്കുന്നുണ്ടെന്നു യോഗിവര്യന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ക്ഷരാക്ഷരോത്തമപുരുഷന്മാരുടെ യോഗമാണ് "യോഗം".

## കുണ്ഡലിനിയുടെ ആകാലിക പ്രബോധനത്താലുണ്ടാകുന്ന അപകടങ്ങൾ.

30. ഹഠാദ്യദ്യേനകേനാപി
മൂഢേനാऽസംയതാത്മനാ।
വിനാഗുരൂപദേശേന
ക്ഷുഭിതാഽഹന്ത ചണ്ഡികാ॥

31. വിദാരയതിധാതൂൻഹാ
കുരുതേവാനിബർഹണം।
ദുനോത്യതിതരാംദേഹാൻ
സൂക്ഷ്മാനപിചകർക്കശാ॥

അർത്ഥം—ഗുരൂപദേശം കൂടാതെ സാഹസത്താൽ അത്യുഗ്രയായിരിയ്ക്കുന്ന ഈ ശക്തി ആത്മസംയമശൂന്യനായ മൂഢനാൽ ക്ഷോഭിപ്പിയ്ക്കപ്പെട്ടാൽ (ആയത് സ്ഥൂലശരീരത്തിലെ)ധാതുക്കളെ ഛിന്നിപ്പിളക്കയോ മരണത്തെ സംഭവിപ്പിയ്ക്കുകയോ ചെയ്യുന്നതിന്നു പുറമെ സൂക്ഷ്മദേഹങ്ങൾക്കുംകൂടി അത്യന്തഹാനിയെ വരുത്തുകയും ചെയ്യുന്നു.

വ്യാഖ്യാനം—വിദ്യുച്ഛക്തിയെന്നപോലെ കുണ്ഡലിനീശക്തിയും ഒരു അത്യുഗ്രശക്തിയാകുന്നു. എന്നാൽ വിദ്യുച്ഛക്തി ഭൂതമാത്രകൾക്ക് പുറമേയും കുണ്ഡലിനീശക്തി ഭൂതമാത്രകളുടെ ഉള്ളിലുമാണ് പ്രവർത്തിയ്ക്കുന്നത്. കുണ്ഡലിനി ആധാരശക്തിയും വിദ്യുത് അതിന്റെ

"ഉപസർഗ്ഗ"വും ആകുന്നു. വേറെ വിധത്തിൽ പറയുന്നതായാൽ കുണ്ഡലിനീശക്തിയാൽ സൃഷ്ടിയ്ക്കപ്പെട്ട പൃഥ്വീഭൂതമാത്രകളുടെ "പരസ്പരാചരണം" വിദ്യുച്ഛക്തിയായി പരിണമിയ്ക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലെ പ്രകൃതിശാസ്ത്രജ്ഞന്മാർ "റേഡിയം" എന്നു് വിളിച്ചുവരുന്ന ലോഹത്തിൽ ഊർദ്ധ്വമുഖിയായ കുണ്ഡലിനീശക്തി പ്രവർത്തിയ്ക്കുന്നതിനാലാണു് ആ ലോഹം ഇതരലോഹസാധാരണമല്ലാത്ത തേജസ്സോടുംകൂടി അനവരതം "വിദ്യുത്കണ"ങ്ങളെനിർമ്മോചനംചെയ്യുന്നതു്. അത്യുഗ്രയായ ഈ അപാരശക്തി വല്ലവിധത്തിലും മൂലാധാരചക്രത്തിലുണർത്തപ്പെട്ടമ്പോൾ ആ ശക്തിയെ അശിക്ഷിതന്മാർക്കു് സംയമനംചെയ്തു് ചക്രങ്ങളിൽക്കൂടി വേണ്ടുംവിധത്തിൽ നടത്തുവാൻ സാധിയ്ക്കാതെവരുന്നതിനാൽ ആയതു് മേൽവിവരിച്ച അപകടങ്ങളെ ഉണ്ടാക്കുന്നതിലാശ്ചര്യപ്പെട്ടവാനില്ല. ഈ അപകടങ്ങളെപ്പററി പറഞ്ഞതു് അതിശയോക്തിയാണെന്നു് ആരും വിചാരിച്ചുപോകരുതു്. ഗുരൂപദേശം കൂടാതെ കുണ്ഡലിനീശക്തിയെ ഉണർത്തുവാൻ ആരും ശ്രമിയ്ക്കരുതു്. ഈ ശക്തി ഉണരുമ്പോൾ മനുഷ്യനിലുള്ള എല്ലാ ഗുണങ്ങളും ഒരുപോലെ പ്രബലീഭവിയ്ക്കുന്നതിനാൽ ദുർഗ്ഗുണങ്ങളെ അകററിയനന്തരമല്ലാതെ കുണ്ഡലിനീശക്തിയെ ഉണർത്തുവാൻ ശ്രമിയ്ക്കുന്നതു് ഒരിയ്ക്കലും ശ്രേയസ്കരമായി ഭവിയ്ക്കുന്നതല്ല. ഇതിനാലാണു് യോഗത്തിൻെറ "അന്തരംഗ"ങ്ങളാകുന്ന "ധാരണാധ്യാനസമാധി"കളെ അഭ്യസിയ്ക്കുന്നതിന്നു മുമ്പായി "ബഹിരംഗ"ങ്ങളാകുന്ന "യമാ"ദികളെ അഭ്യസിപ്പാനായി യോഗികൾ നിഷ്കൎഷിയ്ക്കുന്നതു്.

യമാദികളെക്കൊണ്ട് ശുദ്ധിയേയും ശാന്തിയേയും വൈരാഗ്യത്തേയും സമ്പാദിയ്ക്കുന്നതിന്നു മുമ്പായി സാഹസത്താൽ കുണ്ഡലിനിയെ ക്ഷോഭിപ്പിച്ചാൽ ആയത് സ്ഥൂലശരീരത്തെ നശിപ്പിക്കുന്നതിന്നു പുറമെ സൂക്ഷ്മശരീരങ്ങൾക്കും കൂടി ശാശ്വതഹാനിയെ വരുത്തുന്നതുകൊണ്ടും, സൂക്ഷ്മശരീരങ്ങളിലെ ഈ ന്യൂനതൾ വിലയിഭവിപ്പാൻ അനേകജന്മങ്ങൾ വേണ്ടിവരുന്നതിനാലും, മനുഷ്യൻ ചിരകാലം യോഗമാൎഗ്ഗവിഭ്രഷ്ടനായിത്തീരുന്നു എന്നുതന്നെയല്ല "വാമമാൎഗ്ഗ"ത്തിൽ പ്രവേശിപ്പാനും എളുപ്പമാണ്. ഈ സംഗതിയിൽ "നാഽവിരതൊദുശ്ചരിതാന്നാഽശാന്തൊനാഽസമാഹിതഃ നാഽശാന്തമനസൊവാഽപി പ്രജ്ഞാനേനൈനമാപ്നുയാത്" എന്നുള്ള വേദവാക്യത്തെ ദൃഢമായി ഓൎമ്മവെയ്ക്കേണ്ടതാണ്.

32. അഥവാഽവാങ്മുഖിഭൂത്വാ
കാമാഗ്നിം ചലതീഭൃശം।
കരോതിവൃജിനംഘോരം
മനുജം കാമകിംകരം॥

അൎത്ഥം—മേല്പറഞ്ഞപ്രകാരത്തിൽ സംഭവിയ്ക്കാത്തപക്ഷം ഈ ശക്തി അധോമുഖിയായി ഭവിച്ച് "കാമാഗ്നി"യെ അത്യന്തം ഇളക്കി മനുഷ്യനെ ഭയങ്കരനായും നൃശംസനായും കാമകിങ്കരനായുമാക്കിത്തീൎക്കുന്നു.

വ്യാഖ്യാനം—ഗുരൂപദേശം കൂടാതെ ഹഠത്താലുണൎത്തപ്പെട്ട കണ്ഡലിനീശക്തി, നിയമശൂന്യന്മാരിൽ, അധോമുഖിയായ് ഭവിച്ച്, കാമാഗ്നിയെ ഏററവും ജ്വലിപ്പിച്ച്, അവരെ ഇന്ദ്രിയാരാമന്മാരായും ലോകകണ്ടകന്മാരായുമാകുന്നത്, മുൻ വിവരിച്ച അപായങ്ങളെ

ക്കാളെത്രയോ അധികം ഗൌരവമേറിയതാകുന്നു. ഇതു നിമിത്തം മനുഷ്യർ മോക്ഷമാർഗ്ഗത്തിൽനിന്നു് പരിഭ്രഷ്ട ന്മാരായി അധോഗതിയെ പ്രാപിപ്പാനിടവരുന്നതുകൊണ്ടു് ഇതിനെ "സവ്യമാർഗ്ഗ"മെന്നു് പൂർവ്വികന്മാർ പറയുന്നു. ചില ആധുനിക "കൌളമാർഗ്ഗ"തല്പരന്മാരും ഈ അധമഗതിയെ പ്രാപിയ്ക്കുമെന്നുള്ളതു് നിർവ്വിവാദമാണു്.

ഈ ശോചനീയാവസ്ഥ മനുഷ്യനു് നേരിടുന്നതു് മൂലാധാരനാഭിചക്രങ്ങൾക്കു മദ്ധ്യേയുള്ള "സ്വാധിഷ്ഠാന" ചക്രത്തിൽ കുണ്ഡലിനീശക്തി പ്രവേശിയ്ക്കുന്നതിനാലാണു്. "സ്വാധിഷ്ഠാന" ചക്രത്തിന്റെ ഉത്തേജനം സദ്ധർമ്മാനുചാരികളും "അപസവ്യ"മാർഗ്ഗസ്ഥന്മാരുമായ മഹർഷികളാൽ നിഷിദ്ധമാകയാൽ ആ ചക്രം പ്രസ്താപയോഗ്യമല്ലാത്തതുകൊണ്ടു് അതിനെപ്പററി യാതൊന്നും ഈ ഗ്രന്ഥത്തിൽ പറഞ്ഞിട്ടില്ല. ഈ ശ്ലോകത്തിലെ "ചലതി" എന്നതിന്റെ സകർമ്മകപ്രയോഗം ക്ഷന്തവ്യമാണു്.

## കുണ്ഡലിനിയുടെ യാദൃച്ഛികപ്രജാഗരണം.

33. അകസ്മാദ്ഘടിതാസാപി
പ്രായോയച്ഛതി ദുർഗ്ഗതിം।
പ്രണീതാശിക്ഷിതൈശ്ചക്രൈഃ
സമ്യഗ്ഭവതി സിദ്ധിദാ॥

അർത്ഥം—ആ ശക്തി യദൃച്ഛയായി ഉണർത്തപ്പെട്ടാലും പ്രായേണ ദുർഗ്ഗതിയെക്കൊടുക്കുന്നു എങ്കിലും

വിനീതന്മാരാൽ വേണ്ടുംവിധത്തിൽ ചക്രങ്ങളിൽക്കൂടി നടത്തപ്പെട്ട് സിദ്ധികളെ കൊടുക്കുകയും ചെയ്യുന്നു.

വ്യാഖ്യാനം—പൂൎവ്വജന്മസംസ്കാരം ഹേതുവായി ട്ടോ, യാദൃച്ഛികമായ പദഭ്രംശംകൊണ്ടുണ്ടായ നിപാതത്താലോ മറേറാ ശരീരത്തിന്ന് സംഭവിയ്ക്കാവുന്ന "നിൎഘാതം" ഹേതുവായിട്ടോ, ചിലരിൽ കുണ്ഡലിനീശക്തി ഉണരാവുന്നതാണ്. അങ്ങിനെ ഉണരുമ്പോൾ ആദ്യമായി മൂലാധാരപ്രദേശത്തിൽ അസ്ഫുടമായ ഒരു ജ്വലനമുണ്ടാകുന്നു. പിന്നീട്, ചക്രങ്ങളിൽക്കൂടിയുള്ള ഈ ശക്തിയുടെ കുടിലമാൎഗ്ഗങ്ങൾ അശിക്ഷിതന്മാരിൽ വേണ്ടപോലെ സജ്ജീകൃതങ്ങളല്ലാത്തതിനാൽ, ഈ ശക്തി, സാധാരണമായി, ബാഹ്യാവരണത്തിൽ കൂടി പ്രാണപ്രവഹണാദി വ്യാപാരങ്ങളെ നിൎവ്വഹിച്ചുവരുന്ന ശാരീരകുണ്ഡലിനിയുടെ സാംസിദ്ധികമാൎഗ്ഗമാകുന്ന കശേരുകാന്തൎഭാഗത്തിൽക്കൂടി ഉൽഗമിയ്ക്കുന്നു. തന്നിമിത്തം സുഷുമ്നാനാഡിയുടെ സൂക്ഷ്മഭാഗങ്ങൾ ദഹിച്ചുപോകുന്നതിനാൽ രൂക്ഷമായ വേദനയും മോഹാലസ്യവുമുണ്ടാകുന്നതാണ്. ചിലപ്പോൾ ഈ ശക്തി അധികമായ അപകടം വരുത്താതെ ബ്രഹ്മരന്ധ്രത്തിൽക്കൂടി നിൎഗ്ഗമിച്ചുവെന്നും വരാം. എങ്കിലും ബോധക്ഷയവും ശരീരത്തിന്നു ക്ഷീണവും സംഭവിയ്ക്കുന്നതായിരിയ്ക്കും. ഇങ്ങിനെ ആകസ്മികമായി കുണ്ഡലിനീശക്തി ഉണരുമ്പോൾ ആയതിനെ "ഇച്ഛാശക്തി"കൊണ്ട് നിയമനംചെയ്താൽ അത്യന്തോപദ്രവകരമായ് ഭവിക്കുന്നതല്ല. എന്നാൽ യമനിയമങ്ങളാൽ ഇച്ഛാശക്തിയെ വൎദ്ധിപ്പിച്ചിട്ടല്ലാത്തവൎക്ക് ഇതു് ദുസ്സാദ്ധ്യമാണ്. ഈ ശക്തിയുടെ നിയ

ന്തുണത്തേയും ഇതിനെ ചക്രങ്ങളിൽക്കൂടി കൊണ്ടുനടത്തേണ്ടും ക്രമങ്ങളേയും ഗുരുമുഖത്തിൽനിന്നല്ലാതെ അറിവാനായ്ക്കൊണ്ട് യാതൊരു മാൎഗ്ഗവുമില്ലാത്തതിനാൽ ഗുരൂപദേശം കൂടാതെ ഈ ശക്തിയെ ഉണൎത്തുന്നതു് ഒരിയ്ക്കലും ശ്രേയസ്കരമായി ഭവിയ്ക്കുന്നതല്ല എന്നു് വീണ്ടും പറയേണ്ടിയിരിയ്ക്കുന്നു.

ഈ ശക്തിയെ ചക്രങ്ങളിൽക്കൂടി കൊണ്ടുനടത്തേണ്ടും ക്രമം എല്ലാവരിലും ഒരുപോലെയല്ലാത്തതിനാൽ സൎവ്വസാമാന്യമായ ഒരു വിധി കല്പിപ്പാൻ പാടുള്ളതല്ല. ദുൎല്ലഭം ചിലരിൽ ഈ ശക്തി ആകസ്മികമായുണൎന്നു് ദിവ്യദൃഷ്ടി മുതലായ സിദ്ധികളെ അവരിലുത്പാദനം ചെയ്തതായി കേട്ടിട്ടുണ്ട്. "ഏതദ്ധിദുൎല്ലഭതരംലോകേ ജന്മയദീദൃശം". പൂൎവ്വജന്മങ്ങളിലെ അഭ്യാസാതിശയത്താൽ ഈ ജന്മത്തിൽ അവൎക്കിതിനെയനായാസേന സാദ്ധ്യമായി എന്നേ പറവാനുള്ളു.

## 2. പ്ലീഹാചക്രം.

34. രക്തപിംഗഹരിദ്രാഭ
ഹരിന്നീലമയൂരകൈഃ।
പദ്മായേനപരിസ്പൃത
ഊൎക്കതിസംപുടബന്ധുരം॥

35. ഷഡൂൎമ്മിഘടിതംചക്രം
മേദസ്ഥംഭ്യമണിപ്രഭം।
പ്ലീഹോപലക്ഷിതംദേഹേ
പ്രചാരകരണംദിവി॥

36. ഗ്രസത് പ്രാണകണാംശ്ശുഭ്രാൻ
വിസൃഷ്ടാൻ രവിണാദിവാ।
പഞ്ചധാപ്രവിഭജ്യൈതാൻ
പ്രത്യംഗംപ്രതിയച്ഛതി॥

അത്ഥം—ചുകപ്പ്, ചെമ്മഞ്ഞാം, മഞ്ഞാം, പച്ച, നീലം, ചെന്നീലം എന്നീ ക്രമത്തിലുള്ള നിറങ്ങളാൽ പരിപ്രോതമായ ശുക്തിസംപുടംപോലെ ബന്ധുരമായിരിയ്ക്കുന്നതും, ആദിത്യനെപ്പോലെ പ്രകാശത്തോടുകൂടിയിരിക്കുന്നതും, ദേഹത്തിൽ "പ്ലീഹാ" എന്ന അവയവത്താലുപലക്ഷിതമായിരിയ്ക്കുന്നതും, സൂക്ഷ്മലോകങ്ങളിൽ യഥേഷ്ടസംചാരോപകരണമായിരിയ്ക്കുന്നതുമായ ചക്രം, പകൽ സമയത്ത് ആദിത്യനാൽ വിസൃഷ്ടങ്ങളായ ശുഭ്രപ്രാണകണങ്ങളെ ഗ്രസിച്ച്, അവയെ അഞ്ചുപ്രകാരത്തിൽ വേർതിരിച്ച്, ശരീരത്തിലെ ഓരോ അവയവത്തിലേയ്ക്കും ഉപാനയനംചെയ്യുന്നു.

വ്യാഖ്യാനം—ഈ ചക്രമെന്നുതന്നെയല്ല മറെറല്ലാ ചക്രങ്ങളും യോഗിയുടെ ദൃഷ്ടിയ്ക്ക് ഉത്താനശുക്തിസംപുടങ്ങൾപോലെ, അതായത് അധികമായ കുഴിവില്ലാതെ മുത്തുച്ചിപ്പികൊണ്ടുണ്ടാക്കിയ ശരാവങ്ങൾപോലെ, കാണപ്പെടുന്നു. എന്നാൽ ഈശരാവങ്ങളുടെ ഉള്ള് സമസ്ഥമായിരിയ്ക്കാതെ തരംഗിതമായിരിയ്ക്കും. ഇവ, അലകളോടുകൂടിയ ചുഴികളാകയാൽ, ഭംഗതരംഗങ്ങളെക്കൊണ്ടുന്നതാനതങ്ങളായിത്തീരുന്ന തത്വത്തെ "ബന്ധുര" ശബ്ദം വെളിവാക്കുന്നു. ചക്രങ്ങളുടെ വർണ്ണശോഭകൾ മയിൽപ്പീലികളിലും ശുക്തിയിലുമെന്നപോലെയാണ്. സാമാന്യന്മാരിൽ ഈ ചക്രങ്ങൾക്ക് രണ്ടംഗുലംമുതൽ

മൂന്നംഗുലംവരെ വ്യാസമുണ്ടായിരിയ്ക്കും. എന്നാലിവ "യോഗ" ശക്തിയാലുജ്ജൃംഭിതങ്ങളായ് ഭവിയ്ക്കുമ്പോൾ വിസ്താരവും വൎണ്ണശോഭയും വൎദ്ധിച്ച് ആദിത്യനെപോലെ ദേദീപ്യമാനങ്ങളായ്ത്തിളങ്ങുന്നു. ഈ ശ്ലോകത്തിലെ "മയൂരക"ശബ്ദം സാമാന്യമായി ചക്രങ്ങളുടെ വൎണ്ണസാദൃശ്യത്തേയും, പ്രത്യേകമായി മയിൽപ്പീലിയിൽ വിക്ഷിപ്തമായി കാണപ്പെടുന്ന നീലലോഹിതവൎണ്ണത്തേയും കുറിയ്ക്കുന്നു. മുത്തുച്ചിപ്പി കാഴ്ചയ്ക്കു വൎണ്ണങ്ങളെക്കൊണ്ട് "നെയ്ത്ത"പോലെ തോന്നപ്പെടുന്നതിനേയും, "ചക്രാര"ങ്ങളുടെ മുകളിലും താഴെയുമായി "വൈദള"രീത്യാ"വൈൎണ്ണവീശകൎസൂത്ര"ങ്ങളാൽ ചുററും "നെയ്ത്ത" പ്രകാരത്തിൽ ഈ ആവൎത്തങ്ങൾ തോന്നപ്പെടുന്നതിനേയും, "പരിസ്സൃത"മെന്ന വിശേഷണത്താൽ സൂചിപ്പിച്ചിരിയ്ക്കുന്നു. ഈ ആവൎത്തത്തിൽ ആറലകുൾ കാണപ്പെടുന്നു. ഇവയുടെ വൎണ്ണങ്ങൾ ക്രമത്തിൽ രക്തം, പിംഗളം മുതലായവയാകുന്നു. എന്നാൽ ഈ ആവൎത്തം താന്ത്രികഗ്രന്ഥങ്ങളിൽ വിവരിയ്ക്കപ്പെടുന്ന മേഢ്രോപലക്ഷിതമാകുന്ന സ്വാധിഷ്ഠാനചക്രമല്ല. ഇതിൻെറ സ്ഥിതി പ്രാണമയകോശത്തിൽ സ്ഥൂലശരീരത്തിലെ "പ്ലീഹാ" എന്ന അവയവത്തിന്ന് നേരെ മുമ്പിലാകുന്നു. ഈ ചക്രത്തിൻെറ പ്രധാനമായ പ്രവൃത്തി സൂൎയ്യദേവൻെറ പ്രാണശക്തിയാൽ പരിപൂരിതങ്ങളാകുന്ന "പ്രാണകണ"ങ്ങളെ ഗ്രസിച്ച് ഇവയെ ആവൎത്തഭ്രമണത്താൽ വേൎവിടുത്തി പ്രധാനമായി അഞ്ചുപ്രകാരത്തിൽ ശരീരത്തിൽ അതാതവയവത്തിലേയ്ക്കയച്ച് ശരീരത്തെ പോഷിപ്പിയ്ക്കുന്നതാകുന്നു. ഈ "പ്രാണകണ"ങ്ങളെപ്പററി "പ്രാണപ്രകരണ"ത്തിൽ സവിസ്തരം പറയുന്നതാണ്".

"പ്രചാരകരണംഭിവി" എന്ന പ്രയോഗം, യോഗാംഗാനുഷ്ഠാനത്താൽ ഉണർത്തപ്പെട്ട കുണ്ഡലിനീശക്തി കൊണ്ടു് ഈ "പ്ലീഹാ" ചക്രം പ്രൌഢമായിത്തീരുമ്പോൾ യോഗിയ്ക്കു് സ്ഥൂലശരീരത്തിൻെറ സുഷുപ്തി സമാധികാലങ്ങളിൽ ഭുവർല്ലോകത്തിൽ കൂടി യഥേഷ്ടം സംചരിപ്പാൻ കഴിവുണ്ടാക്കിത്തീക്കുന്ന സംഗതിയേ സൂചിപ്പിയ്ക്കുന്നു. സാമാന്യമനുഷ്യരിൽ വല്ല സംഗതിയാലും ഈ "പ്ലീഹാ"ചക്രം അല്പമായി പ്രചോദനംചെയ്യപ്പെട്ടാൽ ഉറക്കത്തിൽ വായുമണ്ഡലത്തിൽകൂടി പാറക്കുന്നപോലെ അവക്ക് തോന്നുന്നതായിരിക്കും.

## 3. നാഭീചക്രം.

37. ഹരില്ലോഹിതവർണ്ണാഭ്യാം
വ്യത്യയേനാന്തരംജിതം।
തരംഗദശകൈർവ്യൂഢം
ചക്രംനാഭ്യുപലക്ഷിതം॥

38. ദ്വേഷോദ്വേഗസമാക്രാന്തം
ഗർവ്വാമർഷഭയാഞ്ചിതം।
അവ്യക്താകൃതികൃത് ക്രാവ്യം
സദാഹാരവിഹാരയോഃ॥

അത്ഥം—പച്ച, ചുകപ്പ് ഈ രണ്ടു വർണ്ണങ്ങളാൽ ഇടഞ്ഞു ശോഭിയ്ക്കുന്നതും, പത്തു് തരംഗങ്ങളാൽ രചിയ്ക്കപ്പെട്ടതും, പൊക്കിളിനാലുപലക്ഷിതവുമാകുന്ന ചക്രം, "ദ്വേഷ"സംബന്ധികളാകുന്ന ഉദ്വേഗങ്ങളാലാക്രമിയ്ക്കപ്പെട്ടതും, ഗർവ്വം, കോപം, ഭയം എന്നിവകളാലിളക്കപ്പെട്ടതും, അവ്യക്തങ്ങളായ ആകൃതികളെ പ്രജ്ഞയിൽ

ജനിപ്പിയ്ക്കുന്നതും, മാംസധാതുവിനെ സംബന്ധിച്ചതും, ആഹാരവിസൎജ്ജനങ്ങളാകുന്ന ജാഠരകൎമ്മങ്ങളിൽ വൎത്തിയ്ക്കുന്നതുമാകുന്നു.

വ്യാഖ്യാനം—ഈ ചക്രത്തിലെ പത്തു തരംഗങ്ങളിൽ പച്ചനിറമായ തരംഗത്തിൻെറ ഇരുപുറത്തുമുള്ള തരംഗങ്ങൾ ചുകപ്പുനിറത്തോടും, അപ്രകാരം ചുകന്ന നിറത്തോടുകൂടിയ തരംഗത്തിൻെറ ഇരുപുറത്തുമുള്ള തരംഗങ്ങൾ പച്ചനിറത്തോടുകൂടിയവയുമായിരിയ്ക്കുന്നതിനാൽ ഈ ചക്രത്തിൽ പച്ചനിറത്തോടുകൂടിയ തരംഗങ്ങളും ചുകപ്പ് നിറത്തോടുകൂടിയ തരംഗങ്ങളും ഇടഞ്ഞിട്ടാണ് കാണപ്പെടുന്നത്. ഈ ചക്രത്തിൻെറ സ്ഥിതി പ്രാണമയകോശത്തിൽ പൊക്കിളിന്നു നേരെ മുമ്പിലാകുന്നു.

ജീവാത്മാവിൻെറ രണ്ട് ഉദ്വേഗങ്ങളുള്ളവയിൽ ഒന്ന് "ദ്വേഷോദ്വേഗ"വും മററൊന്ന് "ഇച്ഛോദ്വേഗ"വുമാകുന്നു. ഇവയിൽ ദ്വേഷോദ്വേഗത്തിൻെറ പ്രധാനാവിഭാവങ്ങൾ ഗൎവ്വം, കോപം, ഭയം എന്നിവയാകുന്നു. എളിയവരോടുള്ള ദ്വേഷം "ഗൎവ്വ"മായും, സമന്മാരോടുള്ള ദ്വേഷം "കോപ"മായും, വലിയവരോടുള്ള ദ്വേഷം "ഭയ"മായും പരിണമിയ്ക്കുന്നു. ഇങ്ങിനെയുള്ള "ദ്വേഷോദ്വേഗ"ങ്ങളെല്ലാം ഈ നാഭീചക്രത്തിൽ കൂടിയാകുന്നു ജീവാത്മാവിൽനിന്ന് പുറത്തേയ്ക്കും പുറത്തുനിന്ന് ജീവാത്മാവിലേയ്ക്കും കടക്കുന്നത്.

ഈ ചക്രം കുണ്ഡലിനീശക്തിയാലുജ്ജൃംഭിതമായി ഭവിയ്ക്കുമ്പോൾ ഭുവൎല്ലോകവിഷയങ്ങളുടെ "അവ്യക്ത

പ്രതീതി" ഈ ചക്രംവഴിയായിട്ടാണ് സ്ഥൂലപ്രജ്ഞയി ലുണ്ടാകുന്നത്.

"പ്ലീഹാ"ചക്രത്തിൽനിന്ന് ഹരിതവൎണ്ണത്തോടുകൂടിയ "സമാന"പ്രാണൻ "നാഭീ"ചക്രത്തിൽക്കൂടി ജാഠരത്തിൽ പ്രവേശിച്ച് അന്നരസത്തെ ഗ്രസിച്ച് മലമൂത്രവിസൎജ്ജനാദി കൎമ്മങ്ങളെ നിൎവ്വഹിച്ചുവരുന്നു. പ്രാണമയകോശത്തിലെ മൂലാധാരചക്രവും, പ്ലീഹാചക്രവും, നാഭീചക്രവും പ്രധാനമായി, സാമാന്യ മനുഷ്യരിൽ, ശാരീരകൎമ്മങ്ങളിൽ വ്യവസ്ഥിതങ്ങളാണ്.

പത്തു തരംഗങ്ങളാൽ മാത്രം രചിക്കപ്പെട്ട ഈ ചക്രത്തിന്റെ "തരംഗദശകൈൎവ്യൂഢം" എന്നുള്ള വിശേഷണത്തിലെ "ദശകൈഃ" (പംക്തികളാൽ) എന്ന ബഹുവചനപ്രയോഗം എല്ലാ ചക്രങ്ങളിലുമുള്ള തരംഗങ്ങളുടെ സൂക്ഷ്മരചനാരീതിയെ വെളിപ്പെടുത്തുവാനായിട്ടാണ്. അതായത് ഓരോ ചക്രത്തിലെ ഓരോ തരംഗവും ആ ചക്രത്തിൽ എത്ര തരംഗങ്ങൾ ഉണ്ടെന്നു പറയപ്പെട്ടിരിക്കുന്നുവോ അത്ര "ഉപതരംഗ"ങ്ങളാൽ സംഘടിതമാണെന്നു താല്പൎയ്യം. ഇതിൻവണ്ണം ഓരോ "ഉപതരംഗ"വും അവയെക്കാൾ സൂക്ഷ്മതരങ്ങളാകുന്ന "ഉപതരംഗ"ങ്ങളാൽ രചിതമാണ്. ഇപ്രകാരം ഓരോ ചക്രത്തിലേയും ഓരോ തരംഗത്തിലും ആ ചക്രത്തിന്റെ തരംഗ സംഖ്യാവ്യവസ്ഥയോടുകൂടി സംസ്കൃതങ്ങളായിരിക്കുന്ന അനന്തവീചിപരംപരകളുടെ തത്വത്തെ "തരംഗദശകൈഃ" എന്ന ബഹുവചനപ്രയോഗത്താൽ വെളിപ്പെടുത്തിയിരിക്കുന്നു.

## 4. ഹൃച്ചക്രം.

39. ഹൃദോപലക്ഷിതം ചക്രം
ദ്വാദശോൎമ്മിമദാസൃജം।
ബ്രാധ്നം കനകസംകാശം
സാമരസ്യകരം "ഭുവഃ"॥

40. ഇച്ഛാവേഗസമാകീൎണ്ണം
ഭക്തിപ്രേമദയാസ്പദം।
ഹൃത്സംകോചവികോചാഭ്യാം
സിരാഭിദ്രുതശോണിതം॥

അൎത്ഥം—ഹൃദയത്താലുപലക്ഷിതവും, പന്ത്രണ്ടലകളുള്ളതും, രുധിരസംബന്ധിയും, സൌരവും, സ്വൎണ്ണവൎണ്ണശോഭിതവുമായ ചക്രം, സമരസത്തെയുണ്ടാക്കുന്നതും, ഭുവർല്ലോകത്തെസംബന്ധിച്ചതും, ഇച്ഛാവേഗസംകുലവും, ഭക്തി, പ്രേമം, ദയാ എന്നിവയുടെ ഇരിപ്പിടവും, ഹൃദയത്തിൻെറ സംകോചവികോചങ്ങളാൽ സിരകളിൽക്കൂടി രക്തത്തെ ഓടിയ്ക്കുന്നതുമാകുന്നു.

വ്യാഖ്യാനം:—ഈ ശ്ലോകങ്ങളാൽ വിവരിയ്ക്കപ്പെട്ട ചക്രം ഹൃദയത്തിന്നു നേരെ മുമ്പിലായി പ്രാണമയകോശത്തിൽ കാണപ്പെടുന്നു. ഈ ചക്രത്തിലെ തരംഗങ്ങൾ അന്യ ചക്രങ്ങളിലെന്നപോലെ വൎണ്ണവ്യത്യസ്തങ്ങളല്ല. അവദിൎണ്ണകനകകാന്തിയെക്കോലുന്ന ഈ "ഹൃച്ചക്രം" ബ്രഹ്മാണ്ഡഹൃദയാത്മകനായിരിയ്ക്കുന്ന മാൎത്താണ്ഡദേവൻെറ "പ്രതികൃതി"യാകകൊണ്ടും, ഈ ഹൃച്ചക്രത്തിൻെറ "മൂലം" (വേര്) ആദിത്യമണ്ഡലത്തിലാകകൊണ്ടും

"ബ്രാധ്നം" എന്ന വിശേഷണം ലക്ഷ്യലക്ഷണാത്മകമായിഭവിയ്ക്കുന്നു.

യോഗത്താലുണർത്തപ്പെട്ട കുണ്ഡലിനീശക്തി ഹൃച്ചക്രത്തിൽ പ്രവേശിയ്ക്കുമ്പോൾ യോഗിയ്ക്ക് ഇതരന്മാരുടെ സുഖദുഃഖങ്ങളെ തൻെറ സുഖദുഃഖങ്ങളെപ്പോലെ അനുഭവിപ്പാൻ കഴിയാറാകുന്നതിനാലാകുന്നു "സാമരസ്യകരം" എന്ന് പ്രയോഗിച്ചിരിയ്ക്കുന്നത്.

"ദേഷോദ്വേഗ"ങ്ങൾ "നാഭീചക്ര"ത്തിൽക്കൂടി പ്രവർത്തിയ്ക്കുംവിധത്തിൽ "ഇച്ഛാവേഗ"ങ്ങൾ "ഹൃച്ചക്ര"ത്തിൽക്കൂടി പ്രവർത്തിയ്ക്കുന്നു. "ദേഷോദ്വേഗങ്ങൾ ഗർവ്വാമർഷഭയങ്ങളായി പരിണമിയ്ക്കുന്നപോലെ "ഇച്ഛാവേഗ"ങ്ങൾ ഭക്തിപ്രേമദയാത്മകങ്ങളായിത്തീരുന്നു.

"പ്ലീഹാചക്ര"ത്തിൽനിന്ന് പീതവർണ്ണത്തോടുകൂടിയ "പ്രാണൻ" ഹൃച്ചക്രത്തിൽക്കൂടി ഹൃദയത്തെ പ്രവേശിച്ച്, അതിൻെറ സങ്കോചവികോചങ്ങളാൽ വാമപാൎശ്വത്തിൽനിന്ന് രക്തത്തെ രുധിരനാളങ്ങളിൽക്കൂടി ശരീരത്തിൻെറ എല്ലാ ഭാഗങ്ങളിലേയ്ക്കും എത്തിച്ച് ശരീരത്തെ പോഷിപ്പിച്ചും, ദക്ഷിണപാൎശ്വത്തിൽനിന്ന് അംഗാരാമ്ലമലീമസമായ രക്തത്തെ ശ്വാസകോശങ്ങളിലേയ്ക്കയച്ച് അവയിൽ ശ്വസിതമായിരിയ്ക്കുന്ന "പ്രാണവായു"സമ്പൎക്കത്താൽ ശുദ്ധീകരണംചെയ്യുംവരുന്നു. നാം ശ്വസിയ്ക്കുന്ന "പ്രാണവായു"വിലെ ഓരോ "അപകൎഷപൎയ്യന്തലേശ"ത്തിലും പ്രത്യക്ഷമായി പത്തു് "പ്രാണകണ"ങ്ങൾ യോഗിയുടെ ദിവ്യദൃഷ്ടിയിൽ കാണപ്പെടുന്നു. "റേഡിയം" എന്ന ലോഹത്തിൻെറ ലവങ്ങളിലെ മദ്ധ്യബിന്ദുക്കളും "പ്രാണകണ"ങ്ങളാകുന്നു.

## 5. ഗ്രീവാചക്രം.

41. ഷോഡശോമ്മിപരിവ്യാപ്തം
ചക്രം കണ്ഠോപലക്ഷിതം।
ശാരദേന്ദുകരാമൃഷ്ട
ചലാചല സരോനിഭം॥

42. ത്വാചം ധവളമാനീലം
ദിവ്യശ്രവണകൃൽ "സുവഃ"
പ്രായശോ വ്യാഹൃതിശ്വാസ
നിശ്വാസാദിനിയന്ത്രകം॥

അത്ഥം—പുറമമാസ്സതിനാറലകളാൽ വ്യാപിയ്ക്കപ്പെട്ടതും, കണ്ഠത്താലുപലക്ഷിതവും, ശരച്ചന്ദ്രകിരണങ്ങളാൽ പരിമാജ്ജനം ചെയ്യപ്പെട്ട തരംഗിതമാകുന്ന തടാകംപോലെ ശോഭിയ്ക്കുന്നതും, ത്വക്ധാതുവിനെസംബന്ധിച്ചതും, വെളുപ്പ്, ഇളന്നീലം എന്നീ നിറങ്ങളോടുകൂടിയതും, ദിവ്യശ്രവണത്തെയുണ്ടാക്കുന്നതും, സുവർലോകസംബന്ധിയുമായിരിയ്ക്കുന്ന ചക്രം പ്രായേണ വചനം, ശ്വസനം, നിശ്വസനം, മുതലായ വ്യാപാരങ്ങളെ നിയന്ത്രണം ചെയ്യുന്നതുമാകുന്നു.

വ്യാഖ്യാനം—"ധവളമാനീലം" എന്നുള്ള വിശേഷണത്താൽ ധവളങ്ങളാകുന്ന തരംഗങ്ങളും ഈഷന്നീലങ്ങളാകുന്ന തരംഗങ്ങളും ഈ ചക്രത്തിൽ ഇടകലൎന്ന് വിളങ്ങുന്നുണ്ടെന്നറിഞ്ഞുകൊള്ളേണ്ടതാകുന്നു. ഈ ചക്രം കുണ്ഡലിനീശക്തിയാൽ പ്രചോദിതമാകുമ്പോൾ യോഗിയ്ക്ക് ദിവ്യശ്രവണസിദ്ധിയുണ്ടാകുന്നു. സാമാന്യമായി

ഗ്രീവാചക്രം വാഗ്യന്ത്രത്തേയും ശ്വാസയന്ത്രത്തേയും നിയന്ത്രണംചെയ്യുവരുന്നു. യോഗികളുടെ അധീശനായ പരമശിവന്റെ കണ്ഠം നീലനിറമായിരിയ്ക്കുന്നതു് വിഷപാനത്താലല്ലെന്നാണ് തോന്നുന്നതു്.

## 6. ലലാടചക്രം.

43. ഷണ്ണവത്യൂർമ്മിസംക്ലൃപ്തം
മജ്ജാസംസ്ഥം ത്രികൂർച്ചഗം।
അർദ്ധാരുണം ചാർദ്ധനീലം
ദിവ്യദൃഷ്ടികരം "മഹഃ"

44. പ്രയുക്തേ പ്രേക്ഷണേഽസ്മാത്।
തന്തന്തു തനീയസീ॥
നിർഗ്ഗച്ഛേൽ പൃർഗീവക്ത്രാ
വിന്യസ്താണുവിലോചനാ॥

45. സ്ഥൂലസൂക്ഷ്മസമാലോക
പശ്യന്തീ കരണോല്ബണാ।
സർവ്വേന്ദ്രിയ കലാകീർണ്ണാ
പ്രാതിഭഗ്രഹണേ പടുഃ॥

അർത്ഥം—തൊണ്ണൂററാറലകളാൽ വിരചിതവും, മജ്ജാധാതുവിന്നധിഷ്ഠാനവും, പകുതി പാടലവർണ്ണവും, പകുതി നീലവർണ്ണവും, ദിവ്യദൃഷ്ടിയെയുണ്ടാക്കുന്നതും, മഹർല്ലോകസംബന്ധിയുമായിരിയ്ക്കുന്ന (ചക്രം) പുരികങ്ങളുടെ മദ്ധ്യത്തിൽ വർത്തിയ്ക്കുന്നതാകുന്നു. (ഈ ചക്രം) ഉൽകൃഷ്ടമാകുന്ന ഈക്ഷണകർമ്മത്തിൽ പ്രയോഗിയ്ക്കപ്പെടുമ്പോൾ അതിൽനിന്നൊത്രയും നേരിയ നൂലിന്റെ

ആകൃതിയോടുകൂടിയതും (അതിൻെറ) മുഖത്തിൽ വിന്യ സിയ്ക്കപ്പെട്ട അണുവാകുന്ന കണ്ണോടുകൂടിയതുമായ ഒരു പാമ്പ് പുറപ്പെടുന്നു. (ഈ പാമ്പ്) സ്ഥൂലങ്ങളും സൂക്ഷ്മങ്ങളും ആയ വസ്തുക്കളെ ദശിയ്ക്കുന്നതിൽ തികഞ്ഞ കരണസ്വസ്ഥതയോടുകൂടിയതും സമസ്തേന്ദ്രിയശക്തികളും കലന്ന "പ്രാതിഭ"ഗ്രഹണത്തിൽ വൈദഗ്ദ്ധ്യത്തോടുകൂടിയതുമാകുന്നു.

വ്യാഖ്യാനം—ഭ്രൂമദ്ധ്യത്തിൽ ചുററിത്തിരിയുന്ന ഈ ആവത്തത്തിൽ യോഗിയുടെ സമ്യഗ്ദൃഷ്ടിയ്ക്ക് എത്രയും സൂക്ഷ്മങ്ങളാകുന്ന തൊണ്ണൂററാറു തരംഗങ്ങൾ കാണപ്പെടുന്നു. ഈ ആവത്തത്തിൻെറ ഒരഥത്തിലുള്ള നാല്പത്തെട്ടലകൾ പാടലവണ്ണമായും മറെറ അദ്ധത്തിലുള്ള നാല്പത്തെട്ടലകൾ നീലവണ്ണമായും കാണപ്പെടുന്നതിനാൽ നിരവധാനദൃഷ്ടിയ്ക്ക് രണ്ടു ദളങ്ങളോടുകൂടിയ പത്മം പോലെ ഈ ആവത്തം തോന്നപ്പെടുന്നതുകൊണ്ട് പഴയ ഗ്രന്ഥങ്ങളിൽ ആജ്ഞാചക്രത്തെ ദ്വിദളപത്മത്തോടുപമിച്ചുകാണുന്നു.

കുണ്ഡലിനീശക്തിയാൽ ഈ ലലാടപത്മം പ്രഫുല്ലമായി ഭവിയ്ക്കുമ്പോൾ യോഗിയ്ക്ക് ദിവ്യദൃഷ്ടിയുണ്ടായിത്തീരുന്നു. യോഗി ഈ ചക്രത്തെ തൻെറ ദിവ്യദശനത്തിൽ പ്രയോഗിയ്ക്കുമ്പോൾ ഈ ചക്രത്തിൻെറ മദ്ധ്യത്തിൽനിന്നു് അതിസൂക്ഷ്മമായ പാമ്പിൻെറ ആകൃതിയിൽ ഒരു "തന്തുസ്ഥിതി" ഉണ്ടാകുന്നു. ഈ തന്തുനാളാഗ്രത്തിലെ "വക്ത്ര"ത്തിൽ, യോഗി, തന്നാൽ സംസ്കരിയ്ക്കപ്പെട്ട ഒരു പരമാണുവിനെ സംഘടിപ്പിയ്ക്കുമ്പോൾ

ഈ പരമാണു നേത്രത്തിൻെറ സ്ഥാനത്തെ വഹിച്ച് തന്തുനാളത്തിൻെറ വൃദ്ധിഹ്രാസങ്ങളാൽ അതിസൂക്ഷ്മമായ വസ്തുവെ പെരുപ്പിച്ചും വൻപിച്ച വസ്തുവെ ചുരുക്കിയും യഥേഷ്ടവ്യകതിയോടുകൂടി പരിക്ഷിയ്ക്കുന്നതിനുള്ള ഉപകരണമായിത്തീരുന്നു. അതായത് ഈ ഉപകരണത്താൽ യോഗിയ്ക്ക് അണുവിനെ മഹത്തായും മഹത്തിനെ അണുവായും കാണ്മാൻ സാധിയ്ക്കുന്നു. വാസ്തവത്തിൽ "അണിമാ", "മഹിമാ" എന്ന സിദ്ധികൾ ലലാടചക്രത്തിൻെറ ദർശനശക്തികളാകുന്നതല്ലാതെ യോഗിയുടെ ശരീരം അണുരൂപത്തെയൊ മഹദ്രൂപത്തെയൊ കൈക്കൊള്ളുന്നതല്ല.

"ദിവ്യദൃഷ്ടികരം മഹഃ" എന്നതിലെ "മഹഃ" എന്ന വ്യാഹൃതിയുടെ പ്രയോഗത്താൽ ലലാടചക്രം മഹർലോകസംബന്ധിയാണെന്നും, അതായത് മഹർലോകശരീരമാകുന്ന കാരണശരീരത്തിൽ ഭ്രൂമദ്ധ്യോപലക്ഷിതമായ സ്ഥാനത്തിൽ വർത്തിയ്ക്കുന്നതായ ഒരേ ഒരു ഇന്ദ്രിയത്തിൽ എല്ലാ ഇന്ദ്രിയങ്ങളുടെ ശക്തികളും അടങ്ങിയിരിയ്ക്കുന്നതിനാൽ "സർവ്വേന്ദ്രിയകലാകീർണ്ണ"മായിരിയ്ക്കുന്ന "പ്രാതിഭഗ്രഹണം" ഭ്രൂമദ്ധ്യോപലക്ഷിതമായി പ്രാണമയകോശത്തിൽ വർത്തിയ്ക്കുന്ന ചക്രത്തിൻെറ ശക്തിയല്ലെന്നും, സൂചിപ്പിച്ചിരിയ്ക്കുന്നു. പ്രാണമയകോശത്തിലെ ഭ്രൂമദ്ധ്യചക്രത്തിന്ന് ഭൂലോകത്തിലെ "സ്ഥൂലസൂക്ഷ്മസമാലോകന"ശക്തി മാത്രമേയുള്ളു. "പ്രാതിഭഗ്രഹണ"ശക്തി കാരണശരീരത്തിലെ "ഭ്രൂമദ്ധ്യചക്ര"ത്തിന്നാണ്.

"പ്രാതിഭഗ്രഹണ"മെന്ന് പറയുന്നതു് യോഗിയ്ക്ക് കാരണശരീരത്തിലെ ഭ്രൂമദ്ധ്യചക്രദ്വാരാ സിദ്ധിയ്ക്കുന്നതായ

"സൂക്ഷ്മവ്യവഹിതവിപ്രകൃഷ്ടജ്ഞാന"മാകുന്നു. അതായത് സ്ഥൂലവസ്തുക്കളേയും സൂക്ഷ്മവസ്തുക്കളേയും, അടുത്തുള്ള വസ്തുക്കളേയും അകലേയുള്ള വസ്തുക്കളേയും, അതീതസംഭവങ്ങളേയും അനാഗതസംഭവങ്ങളേയും, ഒരുപോലെ ഒരേസമയത്തു് താനിരിയ്ക്കുന്ന ദിക്കിൽ നിന്നുതന്നേ ഗ്രഹിപ്പാൻ കഴിയുന്ന ശക്തിയെന്നു് താല്പര്യം. ഈ സിദ്ധിയെപ്പററി പറയുന്ന പാതംജലസൂത്രങ്ങളെ ഉദ്ധരിയ്ക്കുമാത്രംചെയ്തു് വിസ്തരഭയത്താൽ പ്രസ്തുത വിഷയത്തെ സമാപനംചെയ്തുകൊള്ളുന്നു. "പ്രവൃത്ത്യാ*ff*ലോകന്യാസാത് സൂക്ഷ്മവ്യവഹിതപ്രകൃഷ്ടജ്ഞാനം" (III—27), "തതഃ പ്രാതിഭശ്രാവണവേദനാ*ff*ദർശാ*ff*സ്വാദവാർത്താ ജായന്തെ" (III—38).

"മഹർ"ലോകത്തിൽ "ഭൂർഭുവസ്സുവർ" ലോകങ്ങളിലെ എല്ലാ "അതീത"സംഭവങ്ങളും സദാ"വർത്തമാന"ങ്ങളായ്വർത്തിയ്ക്കുന്നുണ്ടു്. "സത്യ"ലോകത്തിലെ "വൈശ്വീപ്രജ്ഞ"യിലുള്ള അതീതസംഭവങ്ങൾ "മഹർലോക"ത്തിൽ അവിതഥമായി പ്രതിബിംബിയ്ക്കുന്നു. ഈ പ്രതിബിംബത്തെ "ഐശ്വരസംസ്മൃതി"യെന്നു് പറയാവുന്നതാണ്. സ്വർഭുവർലോകങ്ങളിലുള്ള അതീതസംഭവങ്ങളുടെ പ്രതിബിംബങ്ങൾക്കു് സ്ഥിരതയും പൂർണ്ണതയും ഇല്ല. യോഗിയുടെ പ്രജ്ഞ കാരണശരീരത്തിൽ കേന്ദ്രീഭവിയ്ക്കുമ്പോൾ അതിലേ ഭ്രൂമദ്ധ്യചക്രംവഴിയായി യോഗിയ്ക്കു് "അതീത"സംഭവങ്ങളെ യഥാകാമം പരീക്ഷിയ്ക്കാവുന്നതാണ്. "ആസന്നാനാഗത" സംഭവങ്ങളേയും ലലാടചക്രംവഴിയായി അറിയാം.

എന്നാൽ ഭവിഷ്യദ്ജ്ഞാനം പരിപൂർണ്ണതയെ പ്രാപിയ്ക്കുന്നതു് സത്യലോകത്തിലാണ്. സത്യലോകപ്രജ്ഞയിൽ സർവ്വസംഭവങ്ങളും "ശശ്വദ്വർത്തമാന"ങ്ങളായ്വർത്തിയ്ക്കുന്നു.

## 7. ശിരശ്ചക്രം.

46. ഷഷ്ടിഭിഃഷോഡശൈർഭംഗൈ
ർഭംഗിതഭ്രമമണ്ഡലം।
സമസ്തവർണ്ണഭൂയിഷ്ഠ
നീലലോഹിതരംജിതം॥

47. ഹൃച്ചക്രസദൃശാവർത്ത
രഹസാ ഭ്രമിതോദരം।
മൂർദ്ധോപരിലസച്ഛുക്ലം
ചക്രമാസേചനം "ജനഃ"॥

48. ദേഹാന്നിഷ്ക്രമണംയോഗാത്
സ്വച്ഛന്ദം തേനലഭ്യതേ।
ദേഹസംക്രമണംചൈവ
സംവിദാച്ഛേദനംവിനാ॥

അർത്ഥം—തൊള്ളായിരത്തറുപതു ഭംഗങ്ങളാൽ തരംഗിതമായി, സർവ്വവർണ്ണഭൂയിഷ്ഠമായിരിയ്ക്കുന്ന നീലലോഹിതവർണ്ണാൽ രംജിതമായ ഭ്രമമണ്ഡലത്തോടുകൂടിയതും, ഹൃച്ചക്രസദൃശമായിരിയ്ക്കുന്ന ആവർത്തത്തിന്റെ വേഗത്താൽ "ചുഴി"യ്ക്കപ്പെട്ട മദ്ധ്യത്തോടുകൂടിയതും; ശിരസ്സിന്റെ ഉപരിഭാഗത്തിൽ വിളങ്ങുന്നതും, ശുക്ലധാതുവിനെ സംബന്ധിച്ചിരിയ്ക്കുന്നതും, ജനോലോക

സംഗതവും, കണ്ടാൽ കണ്ണിന്ന് തൃപ്തിവരാത്തതുമായ ചക്രം, യോഗത്താൽ, പ്രജ്ഞാവിച്ഛേദംകൂടാതെ യഥേഷ്ടം ശരീരത്തിൽനിന്ന് നിർഗ്ഗമിപ്പാനും, ശരീരത്തിൽ പ്രവേശിപ്പാനും കഴിവുണ്ടാക്കിത്തീക്കുന്നു.

വ്യാഖ്യാനം—പ്രാചീനഗ്രന്ഥങ്ങളിൽ ഈ ചക്രം "സഹസ്രാര"മെന്ന് പറഞ്ഞിരിയ്ക്കുന്നതു് സ്ഥൂലദൃഷ്ട്യാ ആയിരിയ്ക്കണം. സൂക്ഷ്മദൃഷ്ടിയ്ക്ക് ഇതിൽ തൊള്ളായിരത്തരുപതു് അതിസൂക്ഷ്മതരംഗങ്ങൾ വ്യക്തമായി കാണപ്പെടുന്നു. ഇതരചക്രങ്ങളിലില്ലാത്ത ഒരു വിശേഷം ഈ ചക്രത്തിന്നുള്ളതു്, ഈ ആവർത്തത്തിന്റെ മദ്ധ്യത്തിൽ പന്ത്രണ്ട് തരംഗങ്ങളോടുകൂടിയ ഒരു "ഉപാവർത്ത"മുള്ള സംഗതിയാണ്. ഈ "ഉപാവർത്തം" അത്യവദാതകാന്തിയോടുകൂടിയതും, മദ്ധ്യത്തിൽ സ്വർണ്ണച്ഛായയോടുകൂടിയതുമായിരിയ്ക്കുന്നതിനാൽ അതിന്ന് "ഛത്രക"സാദൃശ്യമുള്ളതുകൊണ്ട് "ഛത്രകസദൃശാവർത്തഹംസാഭ്രമിതോദരം" എന്ന് പറകപ്പെട്ടിരിയ്ക്കുന്നു. തൊള്ളായിരത്തരുപതലകളോടുകൂടിയ ഇതിന്റെ മണ്ഡലാവർത്തം സർവ്വവർണ്ണോപശോഭിതമാണെങ്കിലും അതിൽ നീലലോഹിതവർണ്ണം മികച്ചുകാണുന്നു. "ജനഃ" എന്നുള്ള വ്യാഹൃതി മാത്രമേ ഇവിടെ പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളു എങ്കിലും ഈ ചക്രം "ജനസ്തപസ്സത്യ" ലോകങ്ങളേയും സംബന്ധിച്ചതാണ്.

പ്രാണമയകോശം തുടങ്ങി ഓരോ കോശത്തിലും മൂലാധാരചക്രത്തിൽനിന്ന് കുണ്ഡലിനീശക്തി എല്ലാ ചക്രങ്ങളിലും പ്രവേശിച്ച് അവയെ ഉജ്ജൃംഭണംചെയ്യു

മ്പോൾ യോഗിയുടെ പ്രജ്ഞ അതാതു ലോകത്തിൽ പരിപൂൎണ്ണതയെ പ്രാപിയ്ക്കുന്നു. ആയതിനാൽ ഓരോ കോശത്തിലേയും മൂലാധാരചക്രത്തിൽനിന്നു് കുണ്ഡലിനീശക്തിയെ ഉണൎത്തി ആ കോശത്തിലെ ചക്രങ്ങളിൽ ക്രൂടി പ്രവേശിപ്പിയ്ക്കേണ്ടതാണു്. ഇങ്ങിനെ ചെയ്യുമ്പോൾ ഓരോ ലോകത്തിലും കൎത്തൃഭോക്തൃജ്ഞാതൃത്വത്തിൽ പ്രത്യേകം പ്രത്യേകം വൎത്തിച്ചിരുന്ന വിച്ഛിന്നാഹംകൃതികൾ ഒന്നിച്ചുചേൎന്നു് യാതൊരുവിധത്തിലുമുള്ള വിച്ഛേദവുംക്രൂടാതെ ഒരേ ഒരു പ്രജ്ഞയായി ജാഗ്രദവസ്ഥയിൽ വൎത്തിയ്ക്കുമ്പോൾ യോഗി സകല ലോകങ്ങളിലേയും സകല സംഭവങ്ങളുടേയും സാക്ഷിയായി ഭവിയ്ക്കുന്നു എന്നു മാത്രമല്ല "സൎവ്വാത്മക"നായും സൎവ്വനിയന്താവായും ഭവിയ്ക്കുന്നു.

"യസ്തു സൎവ്വാണിഭൂതാന്യാത്മന്യേവാനുപശ്യതി
സൎവ്വഭൂതേഷു ചാത്മാനം സയോഗീ പരമോമതഃ"

യോഗത്തിൻെറ പരമകാഷ്ഠ "ഐശ്വരത്വ"മാണെന്നും "നിൎവ്യാപാര"മല്ലെന്നും പ്രത്യേകം പറയേണ്ടിയിരിയ്ക്കുന്നു.

ഉത്തരശരീരങ്ങളിൽ പ്രജ്ഞ അനിൎഗ്ഗളമായി പ്രവൎത്തിയ്ക്കുന്നതിന്നു് മുമ്പായി സ്ഥൂലശരീരപ്രജ്ഞയെ "നിരോധ"ത്താൽ നിർവിഷയമാക്കിത്തീൎക്കുന്നതുകൊണ്ടുണ്ടാകാവുന്ന "സമാധി" മോക്ഷത്തെ കൊടുക്കുന്നതല്ല. നിൎവ്യാപാരമായ "സുഷുപ്തി"യെ പ്രാപിപ്പിയ്ക്കുന്നതായിരിയ്ക്കും. ഈ സംഭാവ്യതയെ ഭഗവാൻ പതഞ്ജലിമഹൎഷി "ഭവപ്രത്യയോവിദേഹപ്രകൃതിലയാനാം" എന്ന സൂത്ര

ത്താൽ വെളിപ്പെട്ടത്തിയിരിയ്ക്കുന്നു. "മൂഢസമാധി" ഗതരാകുന്ന "വിദേഹപ്രകൃതിലയന്മാർ" കല്പാന്തംവരേയുള്ള "സുഷുപ്തിമോക്ഷ"ത്തെ ലഭിയ്ക്കുന്നതാണെങ്കിലും അടുത്ത കല്പത്തിൽ അവശന്മാരായി സംസാരത്തിലേയ്ക്കു തള്ളിവിടപ്പെടുമെന്നുള്ളതിന്ന് യാതൊരു സംശയവുമില്ല. അവർ വാസ്തവത്തിൽ യഥാൎത്ഥ മോക്ഷപ്രാപ്തിയ്ക്കായ്ക്കൊണ്ട് ഈശ്വരനാൽ നൽകപ്പെട്ട അവസരത്തെ വ്യൎത്ഥമായിൽ കളയുകയാണ് ചെയ്യുന്നതു്. ഈശ്വരേച്ഛ അവരിൽ സഫലീഭവിയ്ക്കുന്നില്ല. സൎവ്വലോകങ്ങളിലും സൎവ്വ ശരീരങ്ങളിലുമുള്ള സൎവ്വശക്തികളേയും യഥാക്രമം സംയമനംചെയ്തു് അവയെ തന്റേയും ഇതരന്മാരുടേയും അഭ്യുദയനിഃശ്രേയസസിദ്ധിയ്ക്കായ്ക്കൊണ്ട് പ്രവൎത്തിപ്പിയ്ക്കുന്നതിന്നുള്ള പൂൎണ്ണ സ്വാതന്ത്ര്യമാണ് "മോക്ഷം". ഇങ്ങിനെയുള്ള മോക്ഷത്തിന്റെ ഏക സാധനം "യോഗ"മാകുന്നു.

> "തപസ്വിഭ്യോ*f*ധികോയോഗീ
> ജ്ഞാനിഭ്യോ*f*പി മതോ*f*ധികഃ।
> കൎമ്മിഭ്യശ്ചാധികോയോഗീ
> തസ്മാദ്യോഗീ ഭവാൎജ്ജുന॥"

എന്നല്ലെ ഭഗവദുപദേശം? യഥാൎത്ഥത്തിൽ ലോകം യോഗമാൎഗ്ഗത്തെത്തന്നേയാണ് അനുചരിച്ചുവരുന്നതു്. ആത്മശക്തി വികാസത്തിന്റെ സ്വാഭാവികമായ മാൎഗ്ഗം യോഗമാൎഗ്ഗമാകുന്നു. എന്നാൽ സാമാന്യമായി ഈ യോഗപന്ഥാവിൽ ക്രുടീയുള്ള ലോകഗതി എത്രയും മന്ദതയോടുകൂടിയതായിട്ടാണ് കാണപ്പെടുന്നതു്. യോഗി ഈ സ്വാഭാവികമാകുന്ന ഗതിയെ ശീഘ്രപ്പെടുത്തു

ന്നതേയുള്ളു. ഒരു മന്വന്തരകാലാവധിയ്ക്കുള്ളിൽ സ്വാഭാവികമായി അനായാസേന സിദ്ധിയ്ക്കാവുന്ന ആത്മശക്തിവികാസത്തെ പത്തോ പതിനഞ്ചോ ജന്മകാലാന്തരത്തിൽ യോഗി തന്റെ "തീവ്രസംവേഗ"ത്താൽ സാധിപ്പിയ്ക്കുന്നു.

"രാജയോഗം" കർമ്മജ്ഞാനഭക്തിയോഗങ്ങളുടെ സമാഹാരമാകുന്നു. അതായതു് "രാജയോഗ"ത്താൽ ജീവാത്മാവിൽക്കൂടിയുള്ള ഇച്ഛാജ്ഞാനക്രിയാശക്തികളുടേയും പൂർണ്ണവികാസമുണ്ടായിത്തീരുന്നു. അതിനാലാകുന്നു "രാജയോഗം" അന്യ "യോഗ"ങ്ങളുടെയിടയിൽ ശ്രേഷ്ഠതയെ പ്രാപിയ്ക്കുന്നതു്. കർമ്മജ്ഞാനഭക്തിമാർഗ്ഗങ്ങൾ യോഗമാർഗ്ഗത്തിന്റെ അവാന്തരഭേദങ്ങളാകുന്നു. "യോഗമാർഗ്ഗം" അല്ലെങ്കിൽ "യോഗചര്യ" എന്നു് പറയപ്പെടുന്നതു് "തപഃസ്വാദ്ധ്യായേശ്വരപ്രണിധാന"ങ്ങളാൽ പ്രതിപദം സംലക്ഷിതമായിരിയ്ക്കുന്നതിനാൽ സർവ്വൈശ്വര്യാവാപ്തിയ്ക്കു് അത്യന്തോപകാരകമായിഭവിയ്ക്കുന്നു.

തപഃസ്വാദ്ധ്യായേശ്വരപ്രണിധാനോപായങ്ങളാൽ സർവ്വൈശ്വര്യങ്ങളേയും തന്നിൽ പ്രകടനംചെയ്യാൻ ശക്തിയുള്ളവനായിത്തീരുമ്പോൾ മാത്രമേ യോഗി ശരീരബന്ധത്തിൽനിന്നു് മുക്തനായിഭവിയ്ക്കുന്നുള്ളു എന്നതിനേയും, അപ്രകാരം മുക്തനായിഭവിച്ചാലും പരാനുഗ്രഹകാംക്ഷയാൽ അതായതു് ഇതരന്മാരേയും മുക്തന്മാരാക്കിത്തീർക്കേണമെന്നുള്ള ആഗ്രഹത്താൽ യഥേഷ്ടം ശരീരപരിഗ്രഹത്തെ സ്വീകരിയ്ക്കുന്നു എന്നതിനേയും, ഇങ്ങിനെയുള്ള ശരീരപരിഗ്രഹംകൊണ്ടു് ജീവന്മുക്തന്മാ

രായവക്ക് യാതൊരുവിധത്തിലുമുള്ള സ്മൃതിവിച്ഛേദമൊ സ്മൃതിസംകരമൊ സംഭവിയ്ക്കുന്നില്ല എന്നതിനേയും, യോഗത്താൽ "വിദേഹമുക്തി"യും, യഥേഷ്ടം യഥാവസരം ലോകത്തിൽ അവതരിപ്പാനുള്ള ശക്തിയും സാദ്ധ്യമാണെന്നുള്ളതിനേയും "ദേഹാന്നിഷ്ക്രമണം യോഗാത്" എന്നു തുടങ്ങിയുള്ള ശ്ലോകത്താൽ വിവക്ഷിച്ചിരിയ്ക്കുന്നു.

49. സ്പഷ്ടം കിരീടതാംയാതി
മഹതാം മൂൎദ്ധ്നിയോഗിനാം।
വിരാജന്തിവിവിധൈൎവ്വൎണ്ണൈ
ൎല്ലോഹബാഷ്പസമപ്രഭൈഃ॥

അൎത്ഥം—മഹാന്മാരാകുന്ന യോഗികളുടെ മൂൎദ്ധാവിങ്കൽ (ശിരശ്ചക്രം) സ്പഷ്ടമാകുംവിധത്തിൽ ലോഹബാഷ്പങ്ങളോടു തുല്യങ്ങളായ നാനാവൎണ്ണങ്ങളോടുകൂടി ശോഭിയ്ക്കുന്ന കിരീടാകൃതിയെ പ്രാപിയ്ക്കുന്നു.

വ്യാഖ്യാനം—സാമാന്യ മനുഷ്യരിൽ ഈ ചക്രം മററുള്ള ചക്രങ്ങളേപോലെ ഏകദേശം മൂന്നംഗുലം നീളമുള്ള വ്യാസത്തോടുകൂടിയ ആവൎത്തമായി കാണപ്പെടുന്നുണ്ടെങ്കിലും യോഗസിദ്ധന്മാരാകുന്ന പരമയോഗികളിൽ കത്തിജ്വലിയ്ക്കുന്ന ലോഹങ്ങളിൽ നിന്നുയരുന്ന ബാഷ്പങ്ങളെപ്പോലെ നാനാവൎണ്ണങ്ങളോടുകൂടി ശോഭിച്ചുംകൊണ്ടിരിയ്ക്കുന്ന കിരീടസദൃശമായി സ്പഷ്ടമാകുംവണ്ണം കാണപ്പെടും. യോഗികളിൽ ശിരശ്ചക്രം ആകൃതിയിൽ കഥകളിയിലെ നാരദന്റെ "മുടി" എന്നപോലെ സൂക്ഷ്മദൃഷ്ടിയ്ക്ക് ഗോചരീഭവിയ്ക്കുന്നു.

50. ചക്രാണ്യേതാനിദൃശ്യന്തേ
സദാ പ്രാണമയോപരി।
ഇതരേഷുച സൂക്ഷ്മേഷു
കോശേഷു ബഹുശോഽന്തരാ॥


അൎത്ഥം—ഈ ചക്രങ്ങൾ പ്രാണമയകോശത്തിൽ എല്ലായ്പ്പോഴും അതിൻെറ ഉപരിതലത്തിലും സൂക്ഷ്മങ്ങളാകുന്ന മററു കോശങ്ങളിൽ അധികം അവയുടെ ഉള്ളിലും കാണപ്പെടുന്നു.

കുറിപ്പ്—പ്രാണമയകോശത്തിലെ ചക്രങ്ങൾ ത്രിമുഖങ്ങളും, കാമമയകോശത്തിലേവ ചതുൎമ്മുഖങ്ങളും, മനോമയകോശത്തിലേയും വിജ്ഞാനമയകോശത്തിലേയും ചക്രങ്ങൾ പഞ്ചമുഖങ്ങളും, ആനന്ദമയകോശത്തിലെ ആവൎത്തങ്ങൾ ഷൺമുഖങ്ങളുമാകുന്നു.


॥ഓം ഐം ക്ലീം ഔഃ॥

ഇത്യാംഗീരസേനഭാരദ്വാജേന ശ്രീ വേങ്കടരായശൎമ്മണാ
വിരചിതെ സവ്യാഖ്യാനെ ചക്രനിരൂപണെ
"കുണ്ഡലിനീപ്രകരണം"നാമ പൂൎവ്വഖണ്ഡഃ॥


ഓം തത് സത് ബ്രഹ്മാൎപ്പണമസ്തു.




I.



II




III.

I എന്ന ചിത്രത്തിൽ നിന്ന് പ്രധാനമായി മൂലാധാരാദി ചക്രങ്ങളുടെ സ്ഥാനങ്ങളെ ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്.

II എന്നത് ഏഴ് പാർത്ഥിവ പരമാണുക്കളാൽ സംഘടിതമാകുന്ന ഒരു "പ്രാണബിന്ദു"വാകുന്നു. ഇതിന്റെ മദ്ധ്യത്തിലുള്ള അണു "പ്രവിഷ്ടാ"ണുവും അതിന്നു പുറമുള്ള ആറ് അണുക്കൾ "പ്രകൃഷ്ടാ"ണുക്കളുമാകുന്നു.

III എന്ന ചിത്രത്തിൽ ചക്രാരസദൃശങ്ങളാകുന്ന വൈഷ്ണവീശക്തിപ്രസരണങ്ങളേയും, പ്ലീഹാചക്രത്തിൽനിന്ന് മററുള്ള ചക്രങ്ങളിലേക്കുള്ള പ്രാണപ്രവാഹങ്ങളേയും, മൂലാധാരചക്രത്തിൽ നിന്ന് ശിരശ്ചക്രത്തിലേയ്ക്കുള്ള ഓജസ്സുകളുടെ ഉൽഗമനത്തേയും, കശേരുകാന്തർഭാഗത്തിൽ കൂടിയുള്ള കുണ്ഡലിനീമാർഗ്ഗത്തേയും സംജ്ഞയായി കാണിച്ചിരിയ്ക്കുന്നു.

ഓം

# ചക്രനിരൂപണം.

(പ്രാണപ്രകരണം)

## മാൎത്താണ്ഡൻ.

1. ബ്രഹ്മാണ്ഡമണ്ഡലാംഭോജ
കൎണ്ണികാത്മകതാംഗതഃ।
മാൎത്താണ്ഡഃ സകലാൻ ലോകാൻ
ബിഭൎത്തി നിജരശ്മിഭിഃ॥

അൎത്ഥം—ബ്രഹ്മാണ്ഡമണ്ഡലമാകുന്ന അംഭോജത്തിൻെറ കൎണ്ണികാഭാവത്തെ പ്രാപിച്ചിരിയ്ക്കുന്ന മാൎത്താണ്ഡൻ സൎവ്വലോകങ്ങളേയും തൻെറ രശ്മികളാൽ സംരക്ഷിച്ചുവരുന്നു.

വ്യാഖ്യാനം—ബ്രഹ്മാണ്ഡത്തെ അംഭോജമെന്നു കല്പിച്ചതു്, ബ്രഹ്മാണ്ഡം മൂലപ്രകൃതിയാകുന്ന കാരണജലത്തിൽനിന്നുത്ഭവിയ്ക്കുന്നതിനാലാകുന്നു. ബ്രഹ്മാണ്ഡമെന്നു പറയപ്പെടുന്നതു് മദ്ധ്യത്തിൽ ജ്യോതിൎമ്മയമാകുന്ന ഒരു വമ്പിച്ച ഗോളവും, ആയതിനെ പല കക്ഷകളിലുമായി ചുററിത്തിരിയുന്ന സ്ഥൂലങ്ങളും സൂക്ഷ്മങ്ങളുമായ മററുചില ഗോളങ്ങളും, അവയുടെ ഉപഗോളങ്ങളും അടങ്ങിയിരിയ്ക്കുന്ന "സൌരവ്യൂഹ"മാകുന്നു. ഇപ്രകാരം

സ്ഥൂലങ്ങളും സൂക്ഷ്മങ്ങളുമായിരിയ്ക്കുന്ന ഗോളങ്ങളും ഉപഗോളങ്ങളും അവയെ "ഭരിയ്ക്കുന്ന" തേജോമയമായ മദ്ധ്യഗോളവും അടങ്ങിയിരിയ്ക്കുന്ന "സൌരവ്യൂഹം" സാകല്യേനദശിയ്ക്കപ്പെട്ടുമ്പോൾ യോഗിയുടെ ദൃഷ്ടിയ്ക്ക് ഒരു മഹാസരോരുഹം പോലെ കാണപ്പെട്ടുന്നതിനാലും ബ്രഹ്മാണ്ഡത്തെ അംഭോജത്തോടുപമിച്ചതു് യുക്തം തന്നെ.

നാം ജീവിച്ചുവരുന്ന ഭൂഗോളം യാതൊരു ബ്രഹ്മാണ്ഡത്തിലുൾപ്പെട്ടതോ ആ ബ്രഹ്മാണ്ഡമണ്ഡലാംഭോജത്തിൻെറ കണ്ണികാഭാവത്തെ പ്രാപിച്ചിരിയ്ക്കുന്നതു് നമ്മുടെ ആദിത്യനാകുന്നു. ആദിത്യന്നനേക പയ്യായപദങ്ങളുണ്ടായിരിയ്ക്കെ, ഈ ശ്ലോകത്തിൽ "മാത്താണ്ഡ" ശബ്ദത്തെ പ്രയോഗിച്ചതിന്നു ചില പ്രത്യേക കാരണങ്ങളുണ്ടു്. "മാത്താണ്ഡ"ശബ്ദത്തിന്നു് "മൃതമായ അണ്ഡത്തെ ജീവിപ്പിയ്ക്കുന്നവൻ" എന്നും, "മൃതമായ അണ്ഡത്തിൽ നിന്നുത്ഭവിച്ചവൻ" എന്നും അത്ഥം കല്പിയ്ക്കാവുന്നതാണ്. ഈ രണ്ടത്ഥങ്ങളും ശാസ്ത്രസമ്മതങ്ങളാണ്. ജഡങ്ങളായി അചേതനങ്ങളായിരിയ്ക്കുന്ന അണ്ഡങ്ങളെ (ഗോളങ്ങളെ) സജീവങ്ങളായും സചേഷ്ടങ്ങളായുമാക്കി ചെയ്യുന്നതു് ആദിത്യൻെറ ശക്തികളാണെന്നുള്ളതു് "പ്രകൃതിശാസ്ത്ര"പ്രസിദ്ധമാണ്. ആദിത്യൻെറ "ദ്യുതി" എന്ന ശക്തിയും, "ഉഷ്ണാ" എന്ന ശക്തിയുംകൂടാതെ ഭൂഗോളത്തിൽ "ജീവിതം" അസംഭവമാണ്. ഈ ശക്തിയുടെ അഭാവത്തിങ്കൽ ഭൂഗോളത്തിലെ മിയ്ക്ക "വ്യാപാര"ങ്ങളും നിലച്ചുപോകുന്നതായിരിയ്ക്കും. "യാല്യതിന്നാമ

സാവിത്രീ ശക്തിഃ പൂർവ്വമിഹോദിതാ," "ആഗ്നേയ്യപിച സാവിത്രി ദ്വിധൈവോക്താ മതേ മമ" എന്നിങ്ങിനെ ശൈവാഗമരഹസ്യത്തിൽ പറയുന്നുണ്ടെങ്കിലും, "ദാഹ്യ"ങ്ങളാകുന്ന കാഷ്ഠാധനാദികളിൽ "സംഭൃത"മായിരിക്കുന്ന ശക്തി "സൌരശക്തി"യാണെന്നു് പ്രമാണങ്ങളാൽ സ്ഥാപിക്കാവുന്നതാണ്. "വിദ്യുത്", "പ്രാണൻ" എന്നീ ശക്തികളും സൌരശക്തികൾതന്നെ. സൂര്യോഷ്ണത്താൽ സമുദ്രത്തിലെ ജലം മേഘപടലങ്ങളായി പരിണമിക്കുമ്പോൾ അവ വിദ്യുദ്ഗർഭങ്ങളായി തീരുന്നതും നമുക്ക് പ്രത്യക്ഷമാണ്. "പ്രാണൻ" എന്ന സൌരശക്തി വഴിയെ വിവരിക്കപ്പെടുന്നതാണ്. നിഷ്പ്രഭങ്ങളും മൃതങ്ങളുമായിരിക്കുന്ന പല വൻഗോളങ്ങളും നഭോമാർഗ്ഗങ്ങളിൽ അതിവേഗത്തോടുകൂടി പരിഭ്രമിച്ചുകൊണ്ടിരിക്കുന്നതായും, ഇവയിൽ അന്യോന്യാഭിമുഖമായി അഭിധാവനംചെയ്യുന്ന രണ്ടു് "മൃതാണ്ഡ"ങ്ങളുടെ പരസ്പരസംഘട്ടനത്താലൊ സംഘട്ടനത്താലൊ സംജാതമായ്തീരുന്ന തീവ്രോഷ്ണത്താൽ നിഷ്പന്നമായ "ഉജ്ജ്വലബാഷ്പ"ഗോളം ഭാവിബ്രഹ്മാണ്ഡത്തിലെ "മാർത്താണ്ഡ"മണ്ഡലമായി ഭവിക്കുന്നതായും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നുണ്ടു്.

നഭോമണ്ഡലത്തിലെ ഓരോ "നക്ഷത്ര"വും ഓരോ ബ്രഹ്മാണ്ഡമദ്ധ്യവർത്തിയായിരിക്കുന്ന "സൂര്യ"നാകുന്നു. നമ്മുടെ സൂര്യനും അടുത്ത ബ്രഹ്മാണ്ഡവാസികൾക്ക് ഒരു നക്ഷത്രംപോലെ കാണപ്പെടുന്നു.

"രജസാമപിചേത്സംഖ്യാ ബ്രഹ്മാണ്ഡാനാം ന വിദ്യതേ" എന്നുള്ള പുരാണവചനം അത്യുക്തിയില്ല. ഇപ്രകാരം

ഓരോ ബ്രഹ്മാണ്ഡത്തിന്റെയും മദ്ധ്യവർത്തിയായിരിയ്ക്കുന്ന "മാർത്താണ്ഡൻ" അതിലടങ്ങിയിരിയ്ക്കുന്ന ഗോളങ്ങളെ തന്റെ രശ്മികളാൽ പോഷിപ്പിച്ചുവരുന്നതിനാൽ ഓരോ ബ്രഹ്മാണ്ഡത്തിന്നും അതിന്റെ "ആദിത്യൻ" പ്രത്യക്ഷദൈവമായിഭവിയ്ക്കുന്നു എന്നുള്ളതിൽ സംശയമില്ല.

ഈ ശ്ലോകത്തിലെ "ബിഭർത്തിനിജരശ്മിഭിഃ" എന്ന പ്രയോഗം, കുതിരകളെ "കടിഞ്ഞാണു"കളാൽ നിയമനം ചെയ്തു നടത്തുംവിധത്തിൽ സൂര്യൻ തന്റെ ആകർഷണശക്തിയാൽ ഗ്രഹവേഗങ്ങളെ നിയമനംചെയ്തു് അതാതു് കക്ഷകളിൽക്കൂടി ഗ്രഹങ്ങളെ പരിവർത്തിപ്പിച്ചുവരുന്നതിന്റെ ദ്യോതകമാകുന്നു.

## പ്രാണകണങ്ങൾ.

2. പ്രാണശക്ത്യാ സഹസ്രാംശോഃ
പൂരിതാഃ പരമാണവഃ।
പ്രകർഷന്തിപൃഥക്ഷൈവ
സദ്യഃ പ്രാകൃതികാനണൂൻ॥

അർത്ഥം—സഹസ്രകിരണന്റെ (ആദിത്യന്റെ) പ്രാണശക്തിയാൽ നിറയ്ക്കപ്പെട്ട (പാർത്ഥിവ)പരമാണുക്കൾ പ്രത്യേകം പ്രാകൃതികങ്ങളാകുന്ന (അപ്രകാരം പ്രാണശക്തിയാൽ പൂരിതങ്ങളല്ലാത്ത) ആറാറു് പരമാണുക്കളെ ഉടനെ ആകർഷിയ്ക്കുന്നു.

വ്യാഖ്യാനം—ആദിത്യന്റെ പ്രാണശക്തി പരമാണുക്കളിൽ പ്രവേശിയ്ക്കുന്നതു് പുറമേനിന്നല്ല. ഉള്ളിൽ

നിന്നാകുന്നു. ഈ തത്വം സാമാന്യന്മാൎക്ക് ദുർഗ്രാഹ്യമാണ്. പ്രാണശക്തിയാൽ പ്രവേശിയ്ക്കപ്പെട്ട ഓരോ പരമാണുവും അപ്രകാരം പ്രവേശിയ്ക്കപ്പെടാത്ത ആറു പരമാണുക്കളെ ഉടനെ ആകൎഷിയ്ക്കുന്നു. അതായതു പ്രാണശക്തി ഒരു പരമാണുവിൽ പ്രവേശിയ്ക്കുമ്പോൾ ആ പരമാണുവിന്നു് അന്യങ്ങളായ ആറു് പരമാണുക്കളെ ആകൎഷിപ്പാനായിക്കൊണ്ടുള്ള നൂതനശക്തി ഉണ്ടായിത്തീരുന്നു.

ഈ പ്രാണശക്തി ചില ലക്ഷണങ്ങളാൽ വിദ്യുച്ഛക്തി സദൃശയാണെങ്കിലും അവ അന്യോന്യം പരിവൎത്തനീയങ്ങളല്ല. അതായതു് വിദ്യുച്ഛക്തിയെ പ്രാണശക്തിയായിട്ടോ പ്രാണശക്തിയെ വിദ്യുച്ഛക്തിയായിട്ടോ ഇഹലോകത്തിൽ മാററാവുന്നതല്ല. കുണ്ഡലിനീശക്തി പ്രാണശക്തിയ്ക്കും വിദ്യുച്ഛക്തിയ്ക്കും അന്യമായ ഒരു ശക്തിയാകുന്നു. ഈ പ്രാണശക്തി കുണ്ഡലിനീശക്തിയെന്നപോലെ എല്ലാ ലോകങ്ങളിലും ഉണ്ട്. ഇതു് "ഹ്ലാദിനീ" എന്ന വൈഷ്ണവീശക്തിയുടെ ഒരു വിശേഷാവിർഭാവമാണ്. ഈ ശക്തി എല്ലാലോകങ്ങളിലും പ്രവഹിയ്ക്കുന്നതു് ആദിത്യമണ്ഡലത്തിൽ നിന്നാകുന്നു. "യേ ബിന്ദവ ഇവാദ്ധ്യച്ചരന്ത്യജസ്രം" എന്നാണ് വേദം.

3\. ഏവം സൽപ്രാണസംപൃക്ത
സ്ഫുരത്പ്രാണകണാ ദിവാ।
തരളാസ്തരസാ സൂക്ഷ്മാഃ
പ്രഭവന്തി സഹസ്രശഃ॥

അർത്ഥം—ഇപ്രകാരം ഏഴണുക്കൾ കൂടിച്ചേർന്നിട്ടുള്ളവയും, ചഞ്ചലങ്ങളും, സൂക്ഷ്മങ്ങളുമാകുന്ന "പ്രാണകണ"ങ്ങൾ പകൽ സമയത്തിൽ (എന്നുവച്ചാൽ) വേഗത്തിൽ അസംഖ്യം ഉണ്ടായിത്തീരുന്നു.

വ്യാഖ്യാനം—ഈ പ്രാണകണങ്ങൾ അതിസൂക്ഷ്മങ്ങളാണെന്നിരിയ്ക്കിലും അവയുടെ അത്യവദാതകാന്ത്യതിശയത്താലും ചഞ്ചലശീലത്താലും സാമാന്യദൃഷ്ടിയ്ക്കുപോലും ഗോചരങ്ങളായ്ഭവിയ്ക്കുന്നുണ്ട്. പകൽസമയത്തിൽ ആദിത്യകിരണങ്ങൾക്കഭിമുഖീഭവിയ്ക്കാതിരിയ്ക്കുംവിധത്തിൽ നഭോമണ്ഡലത്തെ അല്പനേരം വീക്ഷണംചെയ്താൽ "ചപല"ങ്ങളും "സൂക്ഷ്മ"ങ്ങളുമായിരിയ്ക്കുന്ന ഈ ശുഭ്രപ്രാണകണങ്ങൾ നഭോമണ്ഡലത്തിൽ നർത്തനംചെയ്യുന്നതായി കാണാവുന്നതാണ്. എന്നാലിവ മാരുതമണ്ഡലാവലംബിതങ്ങളാകുന്ന രജോലേശങ്ങളായിരിയ്ക്കാമെന്നു സംശയിയ്ക്കപ്പെട്ടുവാൻ ഇടയുണ്ടെങ്കിലും ഒരു അല്പപരീക്ഷകൊണ്ട് സംശയനിവൃത്തിയുണ്ടായിത്തീരുന്നതാണ്. പവനപ്രലംബിതങ്ങളാകുന്ന പാംസുലേശങ്ങളെന്നപോലെ പ്രഭാകരവിസൃഷ്ടങ്ങളാകും പ്രാണകണങ്ങൾ പ്രഭഞ്ജനവേഗത്തെ അനുകരിയ്ക്കുയില്ല.

"കുണ്ഡലിനീകണ"മെന്നപോലെ "പ്രാണകണ"വും ഏഴു പാർത്ഥിവ പരമാണുക്കളുടെ "സമവായ"മാണെന്നിരിയ്ക്കിലും ഇവയിലെ "അണുവിന്യാസം" പരസ്പരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. "കുണ്ഡലിനീകണ"ത്തിൽ, ഈ ഏഴണുക്കൾ, ചുററുമായി ഒരു "മോതിരം" പോലെയും, "പ്രാണകണ"ത്തിൽ, ചുററുമുള്ള ആറണുക്കൾക്ക് മദ്ധ്യത്തിലൊരണുവായും വിന്യസിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

4. വിരളാ ദുർദ്ദിനേ/ത്യർത്ഥം
ദോഷാ നൈവ ഭവന്തി തേ।
യേ ദോഷാ ദിവിവൎത്തന്തേ
സംഭൂതാസ്തേ ഗതേ/ഹനി॥

അർത്ഥം—മേഘച്ഛന്നമായ ദിവസത്തിൽ (അവ) അത്യന്തം ഇടവിട്ടിരിയ്ക്കുന്നു. (അതായതു് അവ എണ്ണത്തിൽ ഏറ്റവും ചുരുങ്ങിയിരിയ്ക്കുന്നു). രാത്രിയിൽ അവ ഉണ്ടാകുന്നതേയില്ല. രാത്രിയിൽ നഭോമണ്ഡലത്തിൽ വൎത്തിയ്ക്കുന്നവ കഴിഞ്ഞ പകലിൽ ഉണ്ടായവയാണു്.

വ്യാഖ്യാനം—പ്രാണശക്തി "ദ്യുതി" എന്ന സാവിത്രീശക്തിയിൽനിന്നു് അന്യമാകുന്ന ശക്തിയാണെന്നിരിയ്ക്കിലും ആദിത്യൻ നല്ലപോലെ പ്രകാശിയ്ക്കുമ്പോൾ മാത്രമേ വായുമണ്ഡലത്തിൽ പ്രാണകണങ്ങളുത്പാദിതങ്ങളാകുന്നുള്ളു. ആയതിനാൽ ജീമൂതസംവൃതമായിരിയ്ക്കുന്ന വായുമണ്ഡലത്തിൽ പ്രാണകണങ്ങൾ ബഹുലങ്ങളായിരിയ്ക്കയില്ല. തന്നിമിത്തം ദുർദ്ദിനങ്ങളിൽ ജനങ്ങൾക്കുന്മേഷക്കുറവും രോഗികൾക്കു് രോഗവൎദ്ധനവും സാധാരണമാണു്. രാത്രിയിൽ സൂൎയ്യപ്രകാശമില്ലാത്തതിനാൽ പ്രാണകണങ്ങൾ നിൎമ്മിയ്ക്കപ്പെടുന്നില്ലെങ്കിലും പകൽ സമയത്തിൽ ഉത്പാദിതങ്ങളായിട്ടുള്ള പ്രാണകണങ്ങൾ വായുമണ്ഡലത്തിൽ ധാരാളമുണ്ടായിരിയ്ക്കും (ശേഷിച്ചിരിയ്ക്കും).

5. പ്രാണാനേതാൻ പ്രഗൃഹ്ണന്തോ
ജീവന്തി പ്രാണിസഞ്ചയാഃ।

പ്രാണിഭിർഗ്രസിതാനോചേത്
ന പ്രണശ്യന്തി തേƒസവഃ॥

അൎത്ഥം—ഈ പ്രാണകണങ്ങളെ ഉൾക്കൊണ്ടിട്ടാകുന്നു പ്രാണിജാലങ്ങൾ ജീവിച്ചുവരുന്നതു്. പ്രാണികളാൽ ഗ്രസിയ്ക്കപ്പെടാത്തപക്ഷം ആ പ്രാണങ്ങൾ നശിയ്ക്കുന്നതേയില്ല.

വ്യാഖ്യാനം—പ്രാണികളുടെ ജീവിതത്തിന്നായെല്ലാണ്ടു്, ഉഷ്ണത്തിന്നും വെളിച്ചത്തിന്നും പുറമെ, പ്രാണനും അത്യാവശ്യമാണ്. പ്രാണികൾ സദാ പ്രാണകണങ്ങളെ ഗ്രസിയ്ക്കുന്നതിനാലാണ് ജീവിച്ചിരിയ്ക്കുന്നതു്. ജംഗമാജംഗമങ്ങളായിരിയ്ക്കുന്ന സൎവ്വസത്വങ്ങളും ഈ പ്രാണകണങ്ങളെ അഹൎന്നിശം ഗ്രസിച്ചുവരുന്നുണ്ടു്. സൎവ്വ ചരാചരങ്ങളും ഈശ്വരചൈതന്യത്തിന്റെ ആവിൎഭാവങ്ങളാകയാൽ സൎവ്വവും ജീവമയമാണ്. "യദിദം കിംച ജഗത്സൎവ്വം പ്രാണ ഏജതി നിഃസൃതം" എന്നാണല്ലൊ ശ്രുതി. ആയതിനാൽ "പ്രാണി"ശബ്ദത്തിന്നു് ജംഗമാജംഗമവ്യാപകത്വമുണ്ടു്. പ്രാണികളാലിവ ഗ്രസിയ്ക്കപ്പെട്ടാലല്ലാതെ ഈ പ്രാണകണങ്ങളിലെ ശക്തി നശിയ്ക്കുന്നില്ല. അതായതു് ആ ശക്തിയുടെ മാത്രയിലൊ ലക്ഷണത്തിലൊ രൂപത്തിലൊ യാതൊരുവിധമായ മാററവുമുണ്ടാകുന്നില്ലെന്നു് താല്പൎയ്യം.

6. യാമേƒന്തിമേതൊയാമിന്യാം
ക്ഷീണപ്രായാ വിഹായസി।
തസ്മാത്തത് പ്രഹരെ പ്രായൊ
വ്യാധിതോ മ്രിയതേ ബത॥

അൎത്ഥം—രാത്രിയിലേ അന്ത്യയാമത്തിൽ (ഈ പ്രാണകണങ്ങൾ) നഭോമണ്ഡലത്തിൽ ഏററവും കുറഞ്ഞുപോകുന്നു. ആയതിനാൽ ആ യാമത്തിൽ സാധാരണമായി രോഗികൾ മരണത്തെ പ്രാപിയ്ക്കുന്നു കഷ്ടം!

വ്യാഖ്യാനം—സൎവ്വചരാചരങ്ങളാലും ഇരവുപകൽ ഗ്രസിയ്ക്കപ്പെടുന്ന ഈ പ്രാണകണങ്ങൾ പകൽ സമയത്തു മാത്രം ഉത്പാദിയ്ക്കപ്പെടുന്നതിനാൽ രാത്രിയിൽ ഒടുവിലത്തെ യാമത്തിൽ അവയുടെ എണ്ണം ഏററവും കുറഞ്ഞുപോകുന്നതുകൊണ്ട് ഭൂലോകത്തിലെ മിയ്ക്ക മരണങ്ങളും അൎദ്ധരാത്രിയ്ക്കു ശേഷമാണ് സംഭവിയ്ക്കാറുള്ളത്. ആ സമയത്തിൽ പ്രാണകണങ്ങളുടെ ക്ഷാമം ഹേതുവായിട്ടു ജീവന്നു വ്യാധിവേഗങ്ങളെ തടുപ്പാൻ പ്രയാസമായി വരുന്നതിനാൽ പ്രായേണ മരണം സംഭവിയ്ക്കുന്നു.

## പ്രാണപൃഥക്കരണം.

7. പ്ലീഹാവൎത്തനിഗീൎണ്ണാസ്തു
ദംഹസാ വിഘടീകൃതാഃ।
വിശിഷ്ടവൎണ്ണവ്യത്യസ്താ
സപ്തപ്രാണാ ഭവന്തി തേ॥

അൎത്ഥം—ആ പ്രാണകണങ്ങൾ "പ്ലീഹാവൎത്ത"ത്താൽ ഗ്രസിയ്ക്കപ്പെട്ടു, അതിൻെറ വേഗത്താൽ വേൎപ്പിടുവിയ്ക്കപ്പെട്ടു, പ്രത്യേക വൎണ്ണത്താൽ (പരസ്പരം) വ്യത്യാസപ്പെട്ട ഏഴു പ്രാണങ്ങളായി ഭവിയ്ക്കുന്നു.

വ്യാഖ്യാനം—കുണ്ഡലിനീപ്രകരണത്തിൽ 34,35, 36 ഈ ശ്ലോകങ്ങളിൽ വിവരിച്ചിട്ടുള്ള "പ്ലീഹാവൎത്ത"

മാണ് പ്രാണകണങ്ങളെ വലിച്ചെടുക്കുന്നത്. ഇങ്ങിനെ വലിച്ചെടുക്കപ്പെട്ട പ്രാണകണങ്ങൾ ഓരോന്നും പ്ലീഹാവൎത്തഭ്രമണവേഗത്താൽ ഏഴേഴണുക്കളായി വേർവിട്ടു വിടുപ്പെടുമ്പോൾ അപ്രകാരം വേർവിടുക്കപ്പെട്ട ഓരോ അണുവും ഓരോ പ്രത്യേകവൎണ്ണത്തോടുകൂടിയതായിതീരുന്നു. അതായത് പ്രാണകണത്തിലെ പ്രാണശക്തി ഏഴണുക്കളിലായി വിഭാഗിയ്ക്കപ്പെടുന്നു. ഓരോ വൎണ്ണത്തോടുകൂടിയ "അണുപരംപരാപ്രവാഹ"ത്തെ പൂൎവ്വീകന്മാർ ഓരോ "പ്രാണ"നായുല്ലേഖിച്ചിരിയ്ക്കുന്നു. പ്രാണകണത്തിൽ ഏഴണുക്കളുള്ളതിനാൽ "വിശിഷ്ടവൎണ്ണവ്യത്യസ്തങ്ങളാകുന്ന ഏഴ് "പ്രാണപ്രവാഹ"ങ്ങൾ "പ്ലീഹാചക്ര"ത്തിൽ നിന്ന് പുറപ്പെടുന്നതുകൊണ്ടും ഇങ്ങിനെയുള്ള ശക്തി ആദിത്യനിൽ നിന്നുത്ഭവിയ്ക്കുന്നതുകൊണ്ടും "സപ്തപ്രാണാഃ പ്രഭവന്തി തസ്മാത്" എന്ന് വേദത്തിൽ പറകപ്പെട്ടിരിയ്ക്കുന്നു.

8. ചക്രനാഭ്യാ വിശന്ത്യന്തഃ
"പ്രവിഷ്ടാഃ" പരമാണവഃ।
"പ്രകൃഷ്ടാ"ഹ്യപരാഃ ഷഡ്ഭി
ശ്ചക്രാരൈർനിൎഗ്ഗളന്തി ച॥

അൎത്ഥം—(പ്ലീഹാ) ചക്രത്തിന്റെ നാഭിയിൽകൂടി (പ്രാണശക്തിയാലാദ്യത്തിൽ) "പ്രവേശിയ്ക്കപ്പെട്ട" പരമാണുക്കൾ (ശരീരത്തിന്റെ) ഉള്ളിൽ പ്രവേശിയ്ക്കുന്നു. (ഇവയാൽ) "ആകൎഷിയ്ക്കപ്പെട്ട" അന്യങ്ങളായ പരമാണുക്കൾ (പ്ലീഹാചക്രത്തിന്റെ) ആറരങ്ങളിൽകൂടി പുറപ്പെടുകയും ചെയ്യുന്നു.

വ്യാഖ്യാനം—രണ്ടാമത്തെ ശ്ലോകത്തിൽ വിവരിച്ചിരിയ്ക്കുന്നവിധത്തിൽ ഏഴു പരമാണുക്കളാൽ സംഘടിതങ്ങളാകുന്ന പ്രാണകണങ്ങളിൽ "പ്ലീഹാചക്ര"ത്തെ പ്രവേശിയ്ക്കുന്ന ഒരോ പ്രാണകണവും ഈ ചക്രത്തിന്റെ ഭ്രമണവേഗത്താൽ വെവ്വേറെയുള്ള വൎണ്ണത്തോടു കൂടിയ ഏഴ് പരമാണുക്കളായ്പിരിയ്ക്കപ്പെട്ടശേഷം "ആരാഭ"ത്തിൽ ആദിത്യന്റെ പ്രാണശക്തിയാൽ പ്രവേശിയ്ക്കപ്പെട്ടിട്ടുള്ള പരമാണു പ്ലീഹാചക്രത്തിന്റെ നാഭിയിൽക്കൂടി ശരീരത്തിൽ കടക്കുകയും, ഈ പരമാണുവിനാൽ ആകൎഷിയ്ക്കപ്പെട്ടിട്ടുള്ള ആറു പരമാണുക്കളിൽ ഓരോന്ന് ആറരങ്ങളുള്ള പ്ലീഹാചക്രത്തിന്റെ ഓരോ അരത്തിൽ കൂടി പുറപ്പെടുകയും ചെയ്യുന്നു. പ്രാണകണങ്ങളിലുള്ള പരമാണുക്കളെ "പ്രവിഷ്ടാ"ണുക്കളായും "പ്രകൃഷ്ടാ"ണുക്കളായും വിഭാഗിയ്ക്കാവുന്നതിനാൽ ഈ ശ്ലോകത്തിൽ "പ്രവിഷ്ടാഃ", "പ്രകൃഷ്ടാഃ" എന്ന രണ്ടു ശബ്ദങ്ങളും "സംജ്ഞാശബ്ദ"ങ്ങളായി പ്രയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഓരോ പ്രാണകണത്തിലും പ്രാണശക്തിയാലാദ്യമായി പ്രവേശിയ്ക്കപ്പെട്ട ഒരു പരമാണുവും, പ്രാണശക്തിയാലാകൎഷിയ്ക്കപ്പെട്ട ആറ് പരമാണുക്കളും ഉള്ളവയിൽ "പ്രവിഷ്ടപരമാണു" പ്ലീഹാചക്രനാഭിയിൽ കൂടിയും, "പ്രകൃഷ്ടപരമാണുക്കൾ" പ്ലീഹാചക്രാരങ്ങളിൽ കൂടിയും "വിശിഷ്ടവൎണ്ണവ്യത്യസ്ത"ങ്ങളായ "പ്രാണശക്തികളെ" വഹിച്ചുംകൊണ്ട് ശരീരത്തിൽ പ്രവേശിയ്ക്കുന്നു.

"പ്രവിഷ്ട"ങ്ങളായ

## "വ്യാന"പ്രാണാണുക്കൾ.

9. അണവശ്ചാരുണീഭൂതാ
ശ്ചക്രനാഭിനിവേശിതാഃ।
സ്രവന്ത്യഖിലനാഡീഭിഃ
കുണ്ഡലിന്യാ പ്രവാഹിതാഃ॥

10. ഉത്തേജയന്തോ ഗാത്രാണി
ഹരന്തശ്ച ശ്രമക്ലമാൻ।
വപുഷഃ പ്രസരന്ത്യേതേ
ലുപ്തവർണ്ണാസ്സമന്തതഃ॥

അൎത്ഥം—പാടലവൎണ്ണങ്ങളായ്ഭവിച്ച "പ്രവിഷ്ടാണുക്കൾ" (പ്ലീഹാ) ചക്രനാഭിയിൽക്കൂടി പ്രവേശിയ്ക്കപ്പെട്ടവയായി, കുണ്ഡലിനീശക്തിയാൽ വഹിയ്ക്കപ്പെട്ടതുകളായി, ശരീരാവയവങ്ങളെ ഉജ്ജീവനംചെയ്തും ശ്രമജനിതങ്ങളായ തളൎച്ചകളെ തീൎത്തും (ശരീരത്തിലെ) എല്ലാ സ്നസകളിൽ ക്കൂടിയും ഒഴുകുകയും, (തന്നിമിത്തം) വൎണ്ണവിഭ്രഷ്ടങ്ങളായ്ഭവിച്ച് ശരീരത്തിൽനിന്ന് പുറമേ പ്രസരിയ്ക്കുയും ചെയ്യുന്നു.

വ്യാഖ്യാനം—പ്രാണകണങ്ങളിലെ "പ്രവിഷ്ടാണുക്കൾ" പ്ലീഹാചക്രഭ്രമണത്താൽ "പ്രകൃഷ്ടാണുക്ക"ളിൽനിന്ന് വേർതിരിയുമ്പോൾ പാടലവൎണ്ണങ്ങളായ്ഭവിയ്ക്കുന്നു. ഈ പാടലാണുപരമ്പര പ്ലീഹാചക്രനാഭിയിൽക്കൂടി ശരീരത്തിൽ പ്രവേശിച്ച് കുണ്ഡലിനീശക്തിയാൽ എല്ലാ "സ്നസാതന്തു"ക്കളിൽ ക്കൂടിയും സംചരിപ്പിയ്ക്ക

പ്പെടുന്നു. ഇങ്ങിനെ ഈ പാടലാണുക്കൾ സ്സസകൾ വഴിയായി ശരീരം മുഴുവനും വ്യാപിയ്ക്കുന്നതുകൊണ്ടു് "വ്യാന"നെന്ന പ്രാണന്റെ "വാഹന"ങ്ങളായ് ഭവിയ്ക്കുന്നുവെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇവ ശരീരത്തിന്നു് ചേതനയേയും ഉന്മേഷത്തേയും കൊടുക്കുകയും ദേഹാദ്ധ്വാനംകൊണ്ടുണ്ടായ തളച്ചകളെ തീക്കുകയും ചെയ്യുന്നു. ഈ പാടലാണുക്കൾ ശരീരത്തിൽക്കൂടി സഞ്ചരിയ്ക്കുമ്പോൾ ഇവയിലുള്ള പ്രാണശക്തി ശരീരാവയവങ്ങളാൽ ഗ്രസിയ്ക്കപ്പെടുന്നതിനാൽ (ഈ അണുക്കളിലുള്ള പ്രാണശക്തി) ക്ഷയിയ്ക്കുന്നതുനിമിത്തം ഇവ വിവണ്ണങ്ങളായ്ത്തീരുകയും, വണ്ണഹീനങ്ങളായ്ത്തീൎന്ന അണുക്കൾ ത്വക്‌സുഷിരങ്ങളിൽക്കൂടി ബഹിൎഗ്ഗമിയ്ക്കുകയും ചെയ്യുന്നതിനാൽ ഇവ വീണ്ടും "പ്രാകൃതികാണു"ക്കളായ് ഭവിയ്ക്കുന്നു.

അശ്വത്ഥം, ദേവദാരു, കദംബം, സാലം, ജീവകം, "യൂക്കാലിപ്ടസ്" മുതലായ വൃക്ഷങ്ങൾ പ്രാണകണങ്ങളെ ഗ്രസിച്ച് അവയിലുള്ള "പ്രകൃഷ്ടാണു"ക്കളെ മാത്രം സ്വീകരിച്ച് "പ്രവിഷ്ട"ങ്ങളായ പാടലാണുക്കളെ വിസജ്ജനംചെയ്യുന്നതിനാൽ ഈ വൃക്ഷങ്ങളുടെ സാന്നിദ്ധ്യം വ്യാധിതന്മാക്കേററവും ഹിതാവഹമായ് ഭവിയ്ക്കുന്നു.

11. അരോഗദൃഢഗാത്രൈസ്തു
പ്രചുരം വൈ പ്രപൂരിതാഃ।
അക്ഷീണവീൎയ്യവണ്ണാഢ്യാഃ
പ്രസരന്ത്യരുണാഭയാ॥

അൎത്ഥം—എന്നാൽ അരോഗദൃഢഗാത്രന്മാരാൽ ധാരാളമായി നിറയ്ക്കപ്പെട്ടു് ലോപിയ്ക്കപ്പെടാത്ത വീൎയ്യ

ന്തോടും വർണ്ണത്തോടുംകൂടിയവയായ് തന്നെ "പ്രവിഷ്ടാണു"ക്കൾ (അവരുടെ ശരീരത്തിൽനിന്ന് അരുണവർണ്ണത്തോടുകൂടി പ്രസരിയ്ക്കുന്നു.

വ്യാഖ്യാനം—അനാമയങ്ങളും ദൃഢങ്ങളുമായിരിയ്ക്കുന്ന ശരീരങ്ങളോടുകൂടിയവർ പ്രാണകണങ്ങളെ ധാരാളമായി ഗ്രസിയ്ക്കുന്നതിനാൽ ആവശ്യത്തിലധികം അവരുടെ ശരീരങ്ങളിൽ ഈ പാടലാണുക്കൾ പ്രവഹിയ്ക്കുന്നതുകൊണ്ട് അവയിൽ ഏതാനും മാത്രമേ അവരിലുപയുക്തങ്ങളായ് ഭവിയ്ക്കുന്നുള്ളു. ശേഷം അണുക്കൾ പൂർണ്ണശക്തിയോടും അരുണവർണ്ണത്തോടുംകൂടി അവരുടെ ശരീരങ്ങളിൽനിന്ന് പുറവും സദാ പ്രസരിച്ചുംകൊണ്ടിരിയ്ക്കുന്നതിനാൽ മുൻപറഞ്ഞ വൃക്ഷങ്ങളുടേതെന്നപോലെ ഇവരുടെ സാന്നിദ്ധ്യവും ആതുരന്മാർക്ക് ഹിതകരമായ് ഭവിയ്ക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ ആമയാവികളാൽ ഈ "വിശിഷ്ട"പ്രാണൻ വല്ലാതെ വലിച്ചെടുക്കപ്പെടുമ്പോൾ ദൃഢഗാത്രന്മാർക്കുപോലും ക്ഷീണം ബാധിയ്ക്കുന്നതായിരിയ്ക്കും. അധികം രോഗികളെ ഉപചരിയ്ക്കുന്ന "മാതൃക"കൾക്ക് ഇപ്രകാരം ക്ഷീണമുണ്ടാവുന്നതാണ്. ഇതിൽ നിന്ന് രോഗികളുടെ പ്ലീഹാചക്രത്തിന്ന് പ്രാണകണങ്ങളെ വലിച്ചെടുപ്പാനുള്ള ശക്തി ഏററവും കുറഞ്ഞുപോകുന്നുവെന്നും, അന്യന്മാരാൽ വിശിഷ്ടീകരണം ചെയ്യപ്പെട്ട പ്രാണാണുക്കളെ മാത്രമേ അവർക്കുപയോഗപ്പെടുത്തുവാൻ കഴികയൊള്ളു എന്നും അറിയാവുന്നതാണ്.

12. സ്വദേഹഗളിതൈഃ പ്രാണൈഃ
പൂരയിത്വാ ച രോഗിണം।

കുശലൈസ്താന്ത്രികൈർല്ലോകേ
കൃതം വ്യാധിവിരോപണം॥

അൎത്ഥം—തങ്ങളുടെ ദേഹങ്ങളിൽനിന്നു് പുറപ്പെടുന്ന പ്രാണങ്ങളാൽ രോഗിയെ പൂരണംചെയ്തിട്ട് കുശലന്മാരാകുന്ന തന്ത്രജ്ഞന്മാരാൽ ലോകത്തിൽ രോഗശാന്തി വരുത്തപ്പെടുന്നു.

വ്യാഖ്യാനം—ഈ ശ്ലോകത്തിലെ "പ്രാണൈഃ" എന്ന ശബ്ദം മുഖ്യമായി അരുണവൎണ്ണങ്ങളായ പ്രാണങ്ങളെയാകുന്നു കുറിയ്ക്കുന്നതു്. എന്നാൽ താന്ത്രികന്മാർ മററുള്ള പ്രാണങ്ങളേയും, "ഓജസ്സി"നേയും ഉപയോഗപ്പെടുത്താറുണ്ട്. ഈ താന്ത്രികന്മാർ "അനപേക്ഷ"ന്മാരും, "ശുചി"കളും, "ദക്ഷ"ന്മാരുമായിരിയ്ക്കാത്തപക്ഷം രോഗികൾക്കപകടം സംഭവിയ്ക്കുന്നതാണ്. താന്ത്രികന്നു് വല്ല ദുൎഗ്ഗുണമൊ വ്യാധിയൊ ഉള്ളപക്ഷം ആ വ്യാധിയൊ ദുൎഗ്ഗുണമൊ അവൻ ചികിത്സിയ്ക്കുന്ന രോഗിയ്ക്കു പകരാവുന്നതാണ്. ചില സംഗതികളിൽ രോഗവിരോപണാനന്തരം താന്ത്രികന്റെ വശത്തിലകപ്പെട്ടു പോവാനുമിടയുണ്ട്. "സൎവ്വം പരവശം ദുഃഖം സൎവ്വമാത്മവശം സുഖം" എന്നുള്ള മനുവാക്യം ആതുരുക്ഷുക്കളാൽ സദാ സ്മൎത്തവ്യമാണ്.

## "പ്രകൃഷ്ട"പ്രാണങ്ങൾ.

13. ലോഹിതാഃ പിംഗലാശ്ചൈവ
പീതാശ്ച ഹരിതാ അപി।
നീലാശ്ച നീലരക്താശ്ച
ചക്രാൽപ്രസൃതാഽസവഃ॥

അൎത്ഥം—ചുകപ്പ്, ചെമ്മഞ്ഞൾ. മഞ്ഞൾ, പച്ച, നീലം, ചെന്നീലം എന്നീ വിശിഷ്ടവൎണ്ണങ്ങളാൽ വ്യത്യസ്തങ്ങളായ "പ്രകൃഷ്ടാ"ണുക്കൾ (പ്ലീഹാചക്രത്തിന്റെ) അരങ്ങളിൽക്കൂടി പ്രസരിക്കപ്പെട്ട പ്രാണങ്ങളായ് ഭവിക്കുന്നു.

വ്യാഖ്യാനം—പ്രാണകണത്തിലെ അണുക്കൾ പ്ലീഹാചക്രത്താൽ പിരിക്കപ്പെടുമ്പോൾ അതിന്റെ മദ്ധ്യത്തിലുള്ള "പ്രവിഷ്ടാണു" അരുണവൎണ്ണമായും, അതിന്നു ചുററുമുള്ള "പ്രകൃഷ്ടാണുക്കൾ" ചുകപ്പ്, ചെമ്മഞ്ഞൾ, മഞ്ഞൾ, പച്ച, നീലം, ചെന്നീലം എന്നീ വൎണ്ണങ്ങളാൽ വ്യത്യസ്തങ്ങളായും, ഭവിക്കുന്നു. ഒരേ വൎണ്ണത്തിലുള്ള എല്ലാ പ്രകൃഷ്ടാണുക്കളും പ്ലീഹാചക്രത്തിന്റെ ഒരേ അരത്തിൽ കൂടി ചക്രത്തിൽനിന്നു് നിൎഗ്ഗമിക്കുന്നു. ഇങ്ങിനെ ആറു് വൎണ്ണത്തിലുള്ള പ്രകൃഷ്ടാണുക്കൾ പ്ലീഹാചക്രത്തിന്റെ ആറരങ്ങളിൽക്കൂടി ചക്രത്തിൽനിന്നു് നിൎഗ്ഗമിക്കുന്നുണ്ടു്. വൎണ്ണക്രമം മേല്പറഞ്ഞതുപോലെയാണു്. പ്ലീഹാവൎത്ത്വീചികളുടെ വൎണ്ണങ്ങളും ഈ ക്രമത്തെ അനുസരിക്കുന്നുണ്ടു്.

14. ദ്വേധാ ഭവന്തി രക്താംഗാഃ
കൃഷ്ണരക്താശ്ച ധൂമളാഃ।
ആനീലാഃ കൃഷ്ണനീലാശ്ച
നീലാഭാ വികൃതാ ഭിധാ॥

അൎത്ഥം—ഇവയിൽ രക്തവൎണ്ണത്തോടുകൂടിയ പ്രാണാണുക്കൾ (പ്ലീഹാചക്രത്തിന്റെ ഒരു അരത്തിൽ

കൂടി ചക്രത്തിൽനിന്ന് നിർഗ്ഗമിയ്ക്കുമ്പോൾ) ഇവ കറുഞ്ചുകപ്പ്, ചെങ്കാർനീലം, എന്നീ രണ്ടുവകയായി മാറി പ്പിരിയുന്നു. അപ്രകാരം നീലവർണ്ണത്തോടുകൂടിയ പ്രാണാണുക്കൾ ഇളനീലം, കാർനീലം, എന്നീ രണ്ടുവകയായും പിരിയുന്നു.

കുറിപ്പ്—ഇങ്ങിനെ "പ്രകൃഷ്ടാ"ണുക്കൾ എട്ടു വകകളായിത്തീരുന്നു.

## "അപാന"പ്രാണാണുക്കൾ.

15. പിംഗലാഃ കൃഷ്ണരക്തൈശ്ച
ധൂമളൈഃ സഹസംഗതാഃ।
മൂലാധാരംഗതാഃ പ്രായോ
ഗ്രാമ്യധർമ്മപ്രവർത്തകാഃ॥

16. തതോരുധിരമാവിശ്യ
ഭരന്ത്യൂഷ്മാം ച വർഷ്മണഃ।
ബ്രഹ്മചര്യപ്രതിഷ്ഠായാം
ഭവന്ത്യോജാംസി ദേഹിനഃ॥

അർത്ഥം—പിംഗലവർണ്ണത്തോടുകൂടിയ പ്രാണാണുക്കൾ കൃഷ്ണരക്തങ്ങളായ പ്രാണാണുക്കളോടും, ധൂമളവർണ്ണങ്ങളായവയോടും കൂടിചേൎന്ന് മൂലാധാരചക്രത്തെ പ്രാപിച്ച് പ്രായേണ നിധുവനകർമ്മപ്രവർത്തകങ്ങളായി ഭവിയ്ക്കുകയും, മൂലാധാരത്തിൽനിന്ന് രക്തത്തിൽ പ്രവേശിച്ച് ദേഹത്തിന്റെ (നൈസർഗ്ഗികമായ) ഉഷ്ണത്തെ നിലനിർത്തിവരികയും ചെയ്യുന്നു. (എന്നാൽ) ബ്രഹ്മചര്യം ദൃഢമായി വർത്തിക്കുമ്പോൾ ഇവ മനുഷ്യന്റെ "ഓജസ്സു"കളായും പരിണമിയ്ക്കുന്നു.

വ്യാഖ്യാനം—പിംഗലങ്ങൾ, കൃഷ്ണരക്തങ്ങൾ, ധൂമളങ്ങൾ, എന്നീ മൂന്നുവിധങ്ങളായ പ്രാണാണുക്കൾ സ്വാധിഷ്ഠാനചക്രത്തിൽനിന്ന് മൂലാധാരചക്രത്തിൽ പ്രവേശിക്കുന്നു. ഇവ ഏററവും താഴെയുള്ള മൂലാധാരചക്രത്തിലേയ്ക്ക് ചെല്ലുന്നതിനാൽ "അപാനൻ" എന്ന് പറയപ്പെടുന്ന പ്രാണൻെറ വാഹനങ്ങളായ് ഭവിയ്ക്കുന്നു. ഇവ സാമാന്യ ജനങ്ങളിൽ മൂലാധാരചക്രത്തിൽ കാമോദ്ദീപകങ്ങളായി ഭവിയ്ക്കുകയും, അവിടെനിന്ന് രക്തത്തിൽ പ്രവേശിച്ച് മെയ്ച്ചൂടിനെ നിലനിർത്തിവരികയും ചെയ്യുന്നു. എന്നാൽ മനുഷ്യൻ കാമോദ്വേഗങ്ങളെ നിയമനംചെയ്ത് ബ്രഹ്മചര്യവ്രതത്തിൽ നിഷ്ഠയോടുകൂടിയവനായ് ഭവിയ്ക്കുമ്പോൾ ഇവ മനുഷ്യൻെറ ഓജസ്സുകളായ്ത്തീരുന്നു. ആയതെങ്ങിനെയെന്നാൽ,

## ഓജസ്സുകൾ.

17. പിംഗലാഃ പീതവർണ്ണാഃ സ്യുഃ
കൃഷ്ണരക്താശ്ച പാടലാഃ।
ധൂമളാ നീലരക്താംഗാഃ
കുണ്ഡലിന്യാ സമുദ്ധൃതാഃ॥

18. പിംഗലേഡാസുഷുമ്നാഭിർ
മസ്തിഷ്കമഭിധാവിതാഃ।
മേധഃപ്രേയഃ സുവർച്ചാംസി
വർദ്ധയന്ത്യൂർദ്ധ്വരേതസഃ॥

അൎത്ഥം—പിംഗലവൎണ്ണങ്ങളാകുന്ന പ്രാണാണുക്കൾ പീതവൎണ്ണങ്ങളായും, കൃഷ്ണരക്താണുക്കൾ പാടലാണുക്കളായും, ധൂമളാണുക്കൾ നീലലോഹിതാണുക്കളായും, പരിണമിച്ച്, കുണ്ഡലിനീശക്തിയാൽ ഉദ്ധരിക്കപ്പെട്ടവയായി, പിംഗലേഡാസുഷുമ്നകളിൽക്കൂടി മസ്തിഷ്കത്തെ അധിരൂഢങ്ങളായി ഊൎദ്ധ്വരേതസ്സിൻെറ മേധസ്, പ്രേയസ്, വച്ചസ്, എന്നിവകളെ വൎദ്ധിപ്പിക്കുന്നു.

വ്യാഖ്യാനം—മനുഷ്യനിൽ ബ്രഹ്മചൎയ്യം പ്രതിഷ്ഠിതമായ് ഭവിക്കുമ്പോൾ മൂലാധാരഗതങ്ങളായ പിംഗലാണുക്കൾ പീതവൎണ്ണങ്ങളായി പരിണമിച്ച് പിംഗലയിൽ ക്കൂടിയും, കൃഷ്ണരക്താണുക്കൾ പാടലങ്ങളായ്പരിണമിച്ച് ഇഡയിൽക്കൂടിയും, ധൂമളാണുക്കൾ നീലലോഹിതങ്ങളായ്പരിണമിച്ച് സുഷുമ്നയിൽക്കൂടിയും, കുണ്ഡലിനീശക്തിയാൽ മൂലാധാരചക്രത്തിൽനിന്ന് "സഹസ്രാര" ചക്രത്തിലേക്കുദ്ധരിക്കപ്പെടുന്നു. പീതവൎണ്ണാണുക്കൾ ശിരശ്ചക്രമദ്ധ്യവൎത്തിയാകുന്ന ചോദശോൎമ്മ്യാവൎത്തത്തിലും, പാടലങ്ങളും നീലലോഹിതങ്ങളും ശിരശ്ചക്രമണ്ഡലാവൎത്തത്തിലും വ്യാപിക്കുന്നു. പീതവൎണ്ണാണുക്കൾ മേധസ്സാകുന്ന ജ്ഞാനശക്തിയേയും, പാടലാണുക്കൾ പ്രേയസ്സാകുന്ന ഇച്ഛാശക്തിയേയും, നീലലോഹിതാണുക്കൾ വച്ചസ്സാകുന്ന ക്രിയാശക്തിയേയും വൎദ്ധിപ്പിക്കുന്നു. ഇവ കുണ്ഡലിനീസ്ഫുലിംഗങ്ങളോടുംകൂടി ഊൎദ്ധ്വരേതസ്സിൻെറ ശിരശ്ചക്രത്തിൽ നിന്നുൽഗമിക്കുന്നതു് യോഗിയുടെ ദൃഷ്ടിക്കു് ഒരു ചെറിയ "പൂക്കുററി" കത്തുന്നവിധത്തിൽ കാണപ്പെടുന്നു.

## "സമാന"പ്രാണാണുക്കൾ.

19. നാഭീചക്രനിവിഷ്ടാ വൈ
വിശന്ത്യുദരകന്ദരം।
യകൃത് പുരീതദ്വൃക്കാന്ത്ര
പുഷ്കരാ ഹരിതാഃ സവഃ॥

അർത്ഥം—നാഭീചക്രനിവിഷ്ടങ്ങളായ ഹരിതപ്രാണാണുക്കൾ ജഠരാന്തർഭാഗത്തിൽ പ്രവേശിച്ച്, യകൃത്, പുരീതത്, വൃക്കാ, അന്ത്രം എന്നീ അവയവങ്ങൾക്ക് പുഷ്ടിയെ കൊടുക്കുന്നവയായ് ഭവിയ്ക്കുന്നു.

വ്യാഖ്യാനം—പച്ചനിറത്തിലുള്ള പ്രാണാണുക്കൾ പ്ലീഹാചക്രത്തിൽനിന്ന് നാഭീചക്രത്തിൽ കൂടി ജഠരാവയവങ്ങളിൽ പ്രവേശിച്ച് അവയ്ക്കു് പുഷ്ടിയെകൊടുക്കുന്നു.

"യകൃത്" എന്നതു് പിത്തജനകവും അന്ധസ്സാരസമ്പന്നമായ രക്തത്തെ ശുദ്ധീകരണംചെയ്യുന്നതുമായ അവയവവും, "പുരീതത്" സിതാവിവർത്തനകരണവും, "വൃക്ക"കൾ രണ്ടും രക്തത്തിൽനിന്നു മൂത്രത്തെ വേർതിരിച്ച് വിസർജ്ജനംചെയ്യുന്ന അവയവങ്ങളും, "അന്ത്രം" അന്നസാരാംശങ്ങളെ ഗ്രസിച്ച് മലത്തെ വിസർജ്ജനം ചെയ്യുന്ന കുടലുമാകുന്നു. ഇപ്രകാരം ജഠരകർമ്മങ്ങളെ നിർവ്വഹിച്ചുവരുന്ന ഹരിതാണുക്കളാൽ വഹിയ്ക്കപ്പെടുന്ന പ്രാണൻ "സമാന"നെന്നു് പറകപ്പെടുന്നു.

## "പ്രാണാ"ണാക്കൾ.

20\. പീതാ ഹൃച്ചക്രമാരുഹ്യ
പുഷ്ണന്തോ ഹൃദയം തതഃ।
മസ്തിഷ്കമഭിധാവന്തി
ദ്വാദശാന്തം വിശേഷതഃ॥

അൎത്ഥം—പീതവൎണ്ണാണക്കൾ (പ്ലീഹാചക്രത്തിൽനിന്ന് ഹൃച്ചക്രത്തെ അധിരോഹണംചെയ്തിട്ട് ഹൃദയത്തെ പോഷിപ്പിച്ചുകൊണ്ട് അവിടേനിന്ന് മസ്തിഷ്കത്തിലേയ്ക്കഭിദ്രവിയ്ക്കുന്നു. ഇവ ശിരശ്ചക്രമദ്ധ്യത്തിങ്കലേ ദ്വാദശോൎമ്മ്യാവൎത്തത്തെയാണ് മുഖ്യമായധിഗമിയ്ക്കുന്നതു്.

വ്യാഖ്യാനം—പീതവൎണ്ണാണവാഹനനായിരിയ്ക്കുന്ന "പ്രാണൻ" പ്ലീഹാചക്രത്തിൽനിന്ന് ഹൃച്ചക്രത്തെ പ്രവേശിച്ച് ഹൃദയത്തിൻെറ സംകോചവികോചങ്ങളാൽ രക്തത്തെ നാഡികളിൽക്കൂടി ശരീരം മുഴുവനും വ്യാപിപ്പിയ്ക്കുകയും, ഹൃച്ചക്രത്തിൽനിന്ന് ശിരശ്ചക്രമദ്ധ്യത്തിലുള്ള ദ്വാദശോൎമ്മ്യാവൎത്തത്തെ അധിഗമിയ്ക്കുകയും ചെയ്യുന്നു.

## "ഉദാന"പ്രാണാണക്കൾ.

21\. ഗ്രീവാചക്രസമാരൂഢാ
നീലാഭാ നീലലോഹിതൈഃ।
ദ്വേധാ ഭവന്തി തേ തത്ര
പൂൎവ്വം നിഗദിതാ യഥാ॥

അർത്ഥം—നീലലോഹിതാണുക്കളോടുകൂടി കണ്ഠചക്രത്തിലേയ്ക്കു കയറിച്ചെല്ലുന്ന നീലവർണ്ണാണുക്കൾ അവിടെവെച്ച് മുൻ പറകപ്പെട്ടപ്രകാരത്തിൽ രണ്ടു വിധങ്ങളായ്ത്തീരുന്നു.

വ്യാഖ്യാനം—സ്ത്രീഹൃദചക്രത്തിൽ നിന്ന് നീലാണുക്കളും നീലലോഹിതാണുക്കളും കൂടി കണ്ഠചക്രത്തിൽ പ്രവേശിയ്ക്കുകയും, അവിടെവെച്ച് നീലാണുക്കൾ "ഈഷന്നീല"ങ്ങളായും "കൃഷ്ണനീല"ങ്ങളായും മാറിപ്പിരിയുകയും ചെയ്യുന്നു.

22. ആനീലാഃ കണ്ഠദേശസ്ഥാ
ശ്വാസകേന്ദ്രപ്രചോദകാഃ।
കൃഷ്ണനീലാസ്തു വിസ്സൃഷ്ടം
മസ്തിഷ്കാധരവർത്തിനഃ॥

23. പ്ലാവയന്തി ശിരശ്ചക്ര
മണ്ഡലം നീലലോഹിതാഃ।

അർത്ഥം—ലഘുനീലാണുക്കൾ കണ്ഠചക്രത്തിൽ നിന്ന് സുഷുമ്നാനാഡിയുടെ ഉത്തരാഗ്രത്തിങ്കലുള്ള "ശ്വാസകേന്ദ്ര"മാകുന്ന "അവടുഗ്രന്ഥി"യെ പ്രചോദനംചെയ്കയും, കൃഷ്ണനീലാണുക്കൾ മസ്തിഷ്കാധരപ്രദേശത്തിൽ വ്യാപിയ്ക്കുകയും, നീലലോഹിതാണുക്കൾ ശിരശ്ചക്രമണ്ഡലത്തെ അഭിപ്ലാവനംചെയ്കയും ചെയ്യുന്നു.

കുറിപ്പ്—ഉത്തമാംഗവർത്തികളാകുന്ന ഈ മൂന്ന് സ്രോതസ്സുകൾ "ഉദാന"വാഹിനികളായ് ഭവിയ്ക്കുന്നു.

---

പഞ്ചധാ പ്രസ്രവന്ത്യേവം
സപ്തപ്രാണാഃ കളേബരേ॥

അത്ഥം—ഇപ്രകാരം ഏഴ് പ്രാണങ്ങൾ അഞ്ചുവിധത്തിൽ ശരീരത്തിൽ പ്രവഹിയ്ക്കുന്നു.

വ്യാഖ്യാനം—പ്ലീഹാചക്രനാഡിയിൽക്കൂടി "വ്യാന"നും, മൂലാധാരചക്രത്തിൽ ക്കൂടി "അപാന"നും, നാഭീചക്രം വഴിയായി "സമാന"നും, ഹൃച്ചക്രദ്വാരാ "പ്രാണ"നും, ഗ്രീവാചക്രത്തിൽനിന്ന് "ഉദാന"നും പ്രവത്തിയ്ക്കുന്നു. സാമാന്യമായി ചക്രങ്ങളുടെ വണ്ണങ്ങളും പ്രവൃത്തികളും അവയിൽക്കൂടി പ്രവത്തിയ്ക്കുന്ന പ്രാണാണുക്കളുടെ വണ്ണങ്ങളും പ്രവൃത്തികളുമാകുന്നു. സുഷുമ്നയിൽനിന്ന് നാളങ്ങളിൽക്കൂടി ചക്രങ്ങളിൽ പ്രവേശിച്ച്, ചക്രാരങ്ങളിൽക്കൂടി നിർഗ്ഗമിയ്ക്കുന്ന കുണ്ഡലിനീശക്തിയാണ് പ്രാണാണുക്കളെ ശരീരത്തിൽ സഞ്ചരിപ്പിയ്ക്കുന്നത്.

## ശരീരങ്ങൾ.

സ്ഥൂലശരീരത്തെ ചേഷ്ടിപ്പിയ്ക്കുന്ന ചക്രങ്ങളും പ്രാണങ്ങളും "പ്രാണമയ"കോശത്തിലാണ് വത്തിയ്ക്കുന്നത്. പ്രാണമയകോശത്തിൽ സ്ഥൂലശരീരാവയവങ്ങളെല്ലാവറ്റിന്റെയും "പ്രതി"കൾ ഉണ്ട്. സ്ഥൂലശരീരത്തിൽനിന്നും പ്രാണമയകോശത്തിൽനിന്നും നിരന്തരമായ "അണുപ്രസൃതി"യുണ്ടായ്ക്കൊണ്ടിരിയ്ക്കുന്നതിനാൽ പ്രാണമയകോശം യോഗിയുടെ സൂക്ഷ്മദൃഷ്ടിയ്ക്ക് അണ്ഡാകൃതിയോടുകൂടിയ ഒരു മേഘംപോലെ കാണപ്പെടുന്നു. ഈ മേഘാണ്ഡത്തിന്റെ ഉള്ളിൽ സ്ഥൂലശരീരസദൃശമാകുന്ന രൂപവുമുണ്ടായിരിയ്ക്കും. ഈ രൂപം ജലത്തിൽ ഉപ്പെന്നപോലെ സ്ഥൂലശരീരത്തെ വ്യാപിച്ചിരിയ്ക്കും.

ഈ രൂപത്തിൻെറ ആകൃതിയും അളവും സ്ഥൂലശരീരത്തിൻെറ ആകൃതിയും അളവുംതന്നെ. ഈ പ്രാണമയകോശം സാമാന്യമായി സ്ഥൂലശരീരത്തിൽനിന്ന് വേർപിരിയാറില്ല. ഭിഷഗ്വരന്മാർ ശസ്ത്രക്രിയാവസരങ്ങളിൽ ബോധക്ഷയാവഹങ്ങളാകുന്ന ഔഷധങ്ങളെ പ്രയോഗിക്കുമ്പോൾ പ്രാണമയകോശം ഉത്തരശരീരങ്ങളോടുകൂടി സ്ഥൂലശരീരത്തിൻെറ ഇടത്തുഭാഗത്തുകൂടെ ബഹിർഗ്ഗമിക്കുന്നു. "ക്ഷുദ്രദേവതാ"സേവകന്മാരായ ചില "കോമര"ങ്ങളുടെ പ്രാണമയകോശം ചിലപ്പോൾ വെളിപ്പെടുന്നതാണ്. ആ സമയത്തിൽ അവരിൽ ഭൂതപ്രേതപിശാചകൃത്യകളുടെ "ആവേശം" ഉണ്ടാകുന്നു. രക്തം, മാംസം, മദ്യം എന്നിവ സുലഭങ്ങളായിരിക്കുന്ന ദിക്കുകളിൽ "ദേവ"ന്മാരുടെ ആവിർഭാവം അസംഭവമാണ്. കുഷ്മാണ്ഡഭൈരവവേതാളമാരികണ്ടകൃത്യാദ്യശുഭസത്വങ്ങൾക്കേ ഇവ ആമോദകരങ്ങളായ് ഭവിക്കുന്നുള്ളു. അന്നമയപ്രാണമയകോശങ്ങൾ പരസ്പരം ആശ്രയിച്ചു നില്ക്കുന്നവയാകയാൽ അവയിലേതെങ്കിലും ഒന്നിൻെറ നിശാരണത്തിങ്കൽ മററതും വിശ്രുതമായ് ഭവിക്കുന്നു. മരണാനന്തരം അന്നമയകോശം വിലയീഭവിക്കുന്നതിന്നനുസരിച്ച് പ്രാണമയകോശവും വിലയത്തെ പ്രാപിക്കുന്നു. പ്രാണമയകോശത്തിൽ മാത്രമായി ജീവൻെറ പ്രജ്ഞ നിലനില്ക്കുന്നതല്ല. കാരണം, അത് ജീവാത്മാവിൻെറ ഒരു പ്രത്യേക ഉപാധിയല്ലാത്തതിനാലാകുന്നു.

മനുഷ്യൻെറ "കാമമയ"കോശവും ആകൃതിയിൽ പ്രാണമയകോശംപോലെയാണെങ്കിലും ആയത് പ്രാണമയകോശത്തേക്കാൾ അല്പം വിസ്താരം കൂടിയതാകുന്നു.

ഇതിൻെറ ഉള്ളിലും സ്ഥൂലശരീരാകൃതിയുണ്ട്. കാമമയകോശം ജീവാത്മാവിൻെറ "തഷ്ാffവേഗ"ങ്ങളുടേയും, "അമഷ്ാffവേഗ"ങ്ങളുടേയും രംഗഭൂമിയാകുന്നു. ഈ ആവേഗങ്ങൾ കാമമയകോശത്തിലെ വർണ്ണങ്ങളാൽ ലക്ഷ്യങ്ങളാണ്. ഉദാഹരണങ്ങളായി പിംഗലവർണ്ണത്താൽ ഗർവ്വവും, രക്തവർണ്ണത്താൽ ക്രോധവും, ക്ഷാരവർണ്ണത്താൽ ഭയവും, പാടലവർണ്ണത്താൽ പ്രേമവും, നീലവർണ്ണത്താൽ ഭക്തിയും, ഹരിതവർണ്ണത്താലനുകമ്പയും ലക്ഷ്യമാണ്. കാമമയകോശം ഭുവർലോകശരീരമാകുന്നു. മരണശേഷം ഇതു് "യാതനാ"ദേഹമെന്നു് പറയപ്പെടുന്നു.

മനോമയകോശത്തിലും സ്ഥൂലശരീരത്തിൻെറ പ്രതിമയുണ്ട്. എന്നാൽ ഈ "പ്രതിമ"യിൽ സ്ഥൂലശരീരത്തിലെ വൈത്യാസ്യങ്ങളുണ്ടായിരിയ്ക്കയില്ല. കാമമയകോശത്തിലെന്നപോലെ മനോമയകോശത്തിലും ഇച്ഛാദ്വേഷസമുത്ഥങ്ങളാകുന്ന ക്ഷോഭങ്ങളുണ്ടാകുന്നുണ്ടെങ്കിലും അതിൽ അത്യന്തനികൃഷ്ടങ്ങളാകുന്ന ഉദ്വേഗങ്ങൾ സാധാരണങ്ങളല്ല. മനോമയകോശം പരിഷ്കൃതങ്ങളായ മനോവൃത്തികളുടെ അവസ്ഥാനമാണ്. "കലാ"ജ്ഞാനവും "തത്വ"ജ്ഞാനവും മനോമയകോശത്തിൻെറ പരിഷ്കരണത്തിന്നുള്ള മുഖ്യ സാധനങ്ങളാകുന്നു. മനോമയകോശം "സവിശേഷചിന്താ"പരവും സ്വവർലോകസംബന്ധിയുമായ ശരീരമാകുന്നു. ഈ ശരീരത്തിൽ കൌമാരയൌവനവാദ്ധകദശകളിലെ "ശ്രീകൾ" യൌഗപദ്യാവസ്ഥയെ പ്രാപിയ്ക്കുന്നതിനാലാകുന്നു സ്വവർലോകവാസികൾ "ത്രിദശ"ന്മാരെന്നു് പറയപ്പെടുന്നതു്.

വിജ്ഞാനമയകോശമെന്ന് വിളിച്ചുവരുന്ന കാരണശരീരം "നിർവ്വിശേഷചിന്താ"പരവും, അനശ്വരവും, അതീതജന്മാനുഭൂതവിഷയസംസ്മൃതിയോടു കൂടിയതും, ദുർഗ്ഗുണങ്ങളാലസ്പൃഷ്ടവും, ഉത്കൃഷ്ടഗുണപുഷ്ടവും, പൂർവ്വജന്മങ്ങളിലെ സർവ്വ ശരീരങ്ങളുടേയും സൌന്ദര്യകലകൾ അടങ്ങിയിരിയ്ക്കുന്നതും, മഹർല്ലോകസംബന്ധിയുമാകുന്നു. സാമാന്യ മനുഷ്യരിൽ കാരണശരീരമണ്ഡലത്തിന്ന് സ്ഥൂലശരീരത്തിന്ന് ചുററും പതിനെട്ടംഗുലത്തോളം വിസ്താരമുണ്ടായിരിയ്ക്കും.

## ശരീരസംസ്കരണം.

മനുഷ്യരിൽ ആത്മശക്തികളുടെ ആവിർഭാവം വർദ്ധിയ്ക്കുന്തോറും സൂക്ഷ്മശരീരങ്ങളുടെ വർണ്ണശോഭയും വിസ്താരവും വർദ്ധിയ്ക്കുന്നതാണ്. യഥാർത്ഥത്തിൽ ശരീരങ്ങൾ ജീവാത്മശക്തികളുടെ ആവിർഭാവങ്ങളാകുന്നു. മറെറാരുവിധത്തിൽ പറയുന്നതായാൽ ജീവാത്മശക്തികൾക്കനുകൂലമായി സ്പന്ദിയ്ക്കുന്ന ഭൂതമാത്രകളെ ജീവാത്മാവ് ഓരോ ലോകത്തിലും സ്വായത്തങ്ങളായ "അക്ഷയാണുക്കൾ" വഴിയായി ആകർഷിയ്ക്കുന്നതിനാലാകുന്നു ശരീരങ്ങളുണ്ടായിത്തീരുന്നത്. ജീവാത്മാവിനാൽ ആകർഷിയ്ക്കപ്പെട്ട ഈ ഭൂതമാത്രാസഞ്ചയങ്ങളിൽ "വ്യൂഹിനി" എന്ന വൈഷ്ണവീശക്തി പ്രവേശിച്ച് ചക്രങ്ങളായി വർത്തിയ്ക്കുന്നതിനാൽ ഈ ഭൂതമാത്രകൾ പ്രജ്ഞാമാത്രകളായിത്തീരുന്നു. മാഹേശ്വരി ഗൃഹീതൃശക്തിയും, വൈഷ്ണവി ഗ്രഹണശക്തിയും, ബ്രാഹ്മീ ഗ്രാഹ്യശക്തിയുമാകുന്നു. ഇപ്രകാരംതന്നെ കർത്തൃ കരണകാര്യശക്തികളേയും, ഭോക്തൃ, ഭോജന, ഭോഗ്യശക്തികളേയും കണ്ടുകൊള്ളേണ്ടതാണ്.

ധ്യാനത്താൽ ഈ ശരീരങ്ങളെ പരിഷ്കരിയ്ക്കാവുന്നതാണ്. അതെങ്ങിനെയെന്നാൽ സദ്ഗുണങ്ങളുടെ ധ്യാനത്താൽ സദ്ഗുണാത്മകമ്പിനികളാകുന്ന "ഭൂതമാത്ര"കൾ ശരീരങ്ങളിലേയ്ക്കാകർഷിയ്ക്കപ്പെടുകയും ദുർഗ്ഗുണാത്മകമ്പിനികളാകുന്ന "ഭൂതമാത്ര"കൾ ശരീരങ്ങളിൽനിന്ന് നിസ്സരിയ്ക്കപ്പെടുകയും ചെയ്യുന്നതിനാൽ ധ്യാനത്താൽ ശരീരങ്ങളെ സദ്വൃത്തിസംപന്നങ്ങളായും ദുർവൃത്തിരഹിതങ്ങളായുമാക്കിത്തീർക്കാവുന്നതാണ്. ദുർഗ്ഗുണങ്ങളോടു നേരിട്ടു പൊരുതേണ്ടുന്ന ആവശ്യമില്ല. ഈ തത്വത്തെ പതംജലിമഹർഷി "തെ പ്രതിപ്രസവഹേയാഃ സൂക്ഷ്മാഃ" "മൈത്ര്യാദിഷുബലാനി" എന്ന സൂത്രങ്ങളാൽ വെളിപ്പെടുത്തിയിരിയ്ക്കുന്നു.

ഇപ്രകാരം ധ്യാനയോഗത്താൽ സർവ്വശരീരങ്ങളേയും ദോഷരഹിതങ്ങളായും, സദ്ഗുണോപബൃംഹിതങ്ങളായും, ചാരുവർണ്ണപരിശോഭിതങ്ങളായും, പരാനുഗ്രഹപരങ്ങളായുമാക്കിത്തീർക്കുമ്പോൾ ഈശ്വരശക്തികൾ അവയിൽക്കൂടി അനിർഗ്ഗളമായി പ്രവഹിയ്ക്കുന്നു. ഇതാണ് യോഗത്തിൻെറ ഫലം.

## അണുപ്രസൃതി.

24. ഏതെ പ്രാണാണവഃ സർവ്വേ
കൃതകൃത്യാസ്തതസ്തതഃ।
വിഷ്വവർണ്ണപരിഭ്രഷ്ടാ
ബഹിര്യാന്തി ശരീരതഃ॥

അത്ഥം—ഈ പ്രാണാണുക്കളെല്ലാം അവയവയു ടെ കൃത്യങ്ങളെ നിവ്വഹിച്ചതിന്നുശേഷം ശരീരത്തിൽ നിന്ന് വീയ്യവണ്ണമുഷിതങ്ങളായി ബഹിൎഗ്ഗമിയ്ക്കുന്നു.

വ്യാഖ്യാനം—അണുക്കളാൽ വഹിയ്ക്കപ്പെട്ട പ്രാണ ശക്തി ശരീരാവയവങ്ങളാൽ ഗ്രസിയ്ക്കപ്പെട്ടമ്പോൾ അവ വീയ്യവണ്ണപരിഭ്രഷ്ടങ്ങളായി മുന്നെപ്പോലെ "പ്രാ കൃതികാണു"ക്കളായി തീരുകയും ശരീരത്താൽ ബഹിഷ്കൃ തങ്ങളായി ഭവിയ്ക്കുയും ചെയ്യുന്നു. "വ്യാനാ"ണുക്കൾ പ്രാണശക്തി പരിഭ്രഷ്ടങ്ങളായി ഭവിയ്ക്കുമ്പോൾ മിയ്ക്ക വാറും വിയപ്പോടൊരുമിച്ച് ത്വക്സുഷിരങ്ങളിൽക്കൂടി ശരീരത്തിൽനിന്ന് ബഹിൎഗ്ഗമിയ്ക്കുന്നു. പ്രാണരിക്തങ്ങ ളായ "അപാനാ"ണുക്കൾ ശുക്ലശോണിതങ്ങളോടുകൂടി ബഹിഷ്കരിയ്ക്കപ്പെടുന്നു. "സമാനാ"ണുക്കൾ വണ്ണവി ഭ്രഷ്ടങ്ങളായി മലമൂത്രങ്ങളോടുകൂടി വിസജ്ജിയ്ക്കപ്പെടുന്നു. "ഉദാനാ"ണുക്കൾ ബ്രഹ്മരന്ധ്രത്തിൽക്കൂടിയും "പ്രാണാ" ണുക്കൾ പ്രശ്വാസത്തോടുകൂടിയും പുറത്തു പോകുന്നു. യോഗികളിലും ബ്രഹ്മചാരികളിലും "അപാനാ"ണുക്കൾ മൂലാധാരചക്രത്തിൽനിന്ന് കുണ്ഡലിനികണങ്ങളോടു കൂടെ കശേരുകാന്തഭാഗത്തിൽ കൂടി മസ്തിഷ്കത്തെ അഭി പ്ലാവനം ചെയ്തശേഷം ബ്രഹ്മരന്ധ്രത്തിൽക്കൂടി നിർദ്ധ രിതങ്ങളായി ഭവിയ്ക്കുന്നു.

ഇങ്ങിനെ ശരീരത്തിൽനിന്ന് ബഹിഷ്കരിയ്ക്കപ്പെട്ട അണുക്കൾ വീണ്ടും പ്രാണാണുക്കളായി ഭവിയ്ക്കേണമെ ങ്കിൽ ആദിത്യന്റെ പ്രാണശക്തിയാൽ വീണ്ടും നിറയ്ക്ക പ്പെടേണ്ടിവരുന്നു.

## പ്രാണസർഗ്ഗം.

25. സർവ്വേഷ്വപി ച ലോകേഷു
വിദ്യന്തേ പ്രാണബിന്ദവഃ।
ബഹുലാ മിഹിരോത്സൃഷ്ട
വൈഷ്ണവീശക്തിപൂരിതാഃ॥

അർത്ഥം—ആദിത്യനാൽ നിർമ്മോചനം ചെയ്യപ്പെട്ട വൈഷ്ണവിശക്തിയാൽ നിറയ്ക്കപ്പെട്ടവരുകളായ "പ്രാണബിന്ദു"ക്കൾ ധാരാളമായി എല്ലാ ലോകങ്ങളിലും ഉള്ളവയായി അറിയപ്പെടുന്നു.

വ്യാഖ്യാനം—ഓരോരു ലോകത്തിലെ പ്രാണകണങ്ങൾ ആ ലോകത്തിലെ പരമാണുക്കളാൽ നിർമ്മിതങ്ങളാണെന്നറിഞ്ഞിരിക്കേണ്ടതാകുന്നു. പാർത്ഥിവപരമാണുസംഘടിതങ്ങളാകുന്ന പ്രാണബിന്ദുക്കളെപ്പററി മാത്രമെ പ്രസ്തുത പ്രകരണത്തിൽ പ്രസ്താവിച്ചിട്ടുള്ളു. കുണ്ഡലിനീശക്തിയെന്നപോലെ പ്രാണശക്തിയും എല്ലാ ലോകങ്ങളിലും ആവിർഭവിക്കുന്നുണ്ട്. എന്നാൽ എല്ലാ ലോകങ്ങളിലും കുണ്ഡലിനീശക്തി അതാതു "ലോകഗോള"ത്തിൻെറ കേന്ദ്രസ്ഥാനത്തിൽനിന്നും പ്രാണശക്തി ആദിത്യനിൽ നിന്നുമാകുന്നു ഉൽഗളിക്കുന്നതു് എന്നു് ഓർമ്മവെക്കേണ്ടതാണു്.

"കുണ്ഡലിനി" അണുക്കളെ നിലനിർത്തിവരുന്ന "ബ്രാഹ്മീ" എന്ന മാത്രാശക്തിയും, "പ്രാണൻ" ഈ അണുക്കളെ ശരീരാകൃതിയിൽ നിലനിർത്തിവരുന്ന "വൈഷ്ണവീ" എന്ന രൂപീകരണശക്തിയുടെ ഒരു വകഭേദവും

ആകുന്നു. ആകാശാദി ഭൂതമാത്രകളിൽ പ്രവേശിച്ച് അവയെ വിശിഷ്ടചൈതന്യവത്തുകളാകുന്ന "രസാത്മക"ങ്ങളാക്കി മാററുന്ന വിഷ്ണുവിൻെറ "വൃംഹിണീ" എന്ന ത്രൂപീകരണശക്തിയേയും "പ്രാണൻ" എന്ന് വേദത്തിൽ പറഞ്ഞിരിയ്ക്കുന്നു.

കുണ്ഡലിനി "ഭൌതികീ" എന്ന മാത്രാശക്തിയുടെ പ്രകാരഭേദവും, പ്രാണൻ "ശാരീരീ" എന്ന ത്രൂപീകരണശക്തിയുടെ വികാരവുമാകുന്നു. കുണ്ഡലിനീശക്തി അവർണ്ണതൈജസാത്മകമാകുന്ന ഭൂഗോളമദ്ധ്യത്തിലെ ബഡവാഗ്നിമണ്ഡലത്തിൽ നിന്ന് "മൂലാധാരചക്ര"ത്തിൽ കൂടിയും, പ്രാണശക്തി ബ്രഹ്മാണ്ഡഹൃദയാത്മകമായിരിയ്ക്കുന്ന മാർത്താണ്ഡമണ്ഡലത്തിൽ നിന്ന് "പ്ലീഹാചക്ര"ത്തിൽ കൂടിയും മാനുഷശരീരത്തിൽ പ്രവേശിയ്ക്കുന്നു.

## ശക്തിവിമർശനം.

ആത്മാവിൻെറ "അതദ്വ്യാവൃത്തി"രൂപയാകുന്ന സംവിത്സത്രൂപിണിയും, തന്നിമിത്തം ആത്മാനാത്മ നിത്യസംബന്ധരൂപയും അപരിഹാര്യ്യയുമാകുന്ന ചിജ്ജഡഗ്രന്ഥിയും, സംസാരകാരണനിമിത്തഭൂതയും, ദേശകാലായനങ്ങളാൽ വിശിഷ്ടമായ പരിണാമത്രൂപിണിയുമായ മായാശക്തി ഭൌതികീ, ശാരീരീ, പ്രാജ്ഞീ എന്നുള്ള പ്രകാരഭേദങ്ങളാൽ ജഗത്സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങളെ കൈക്കൊണ്ട് ആബ്രഹ്മസ്തംബപര്യ്യന്തങ്ങളാകുന്ന ജീവകോടികളുടെ ഭോഗാപവർഗ്ഗത്തിന്നായ്ക്കൊണ്ട് നിജാജ്ഞാത്രൂപവും അലംഘനീയവുമാകുന്ന ശാശ്വതധർമ്മ

ത്താൽ ആദ്യന്തരഹിതവും അത്യാശ്ചര്യവുമാകുന്ന ലോക യാത്രാവിധാനക്രമത്തെ നിയന്ത്രണംചെയ്തുവരുന്നു.

"ആത്മ്/തദ്വ്യാവൃത്തി"രൂപയാകുന്ന ഈ പരാശക്തി ബ്രാഹ്മി എന്ന ഭൌതികശക്തിയായി "ഭൂതമാത്ര"കളിലും, വൈഷ്ണവി എന്ന രൂപീകരണശക്തിയായി "രസാത്മത"ങ്ങളിലും, മാഹേശ്വരി എന്ന പ്രജ്ഞാശക്തിയായി ജിവാത്മാവുകളിലും അന്തൎഹിതയായിരിയ്ക്കുന്നു.

ഭൂതമാത്രകൾ ഓരോന്നിലും അന്തൎഹിതയായിരിയ്ക്കുന്ന ശക്തി പെട്ടെന്ന് നിർമോചനംചെയ്യപ്പെട്ടാൽ ആ ശക്തി കുലാചലങ്ങളെപ്പോലും വിധ്വംസനം ചെയ്യുന്നതാണ്. "അസ്ത്രവിദ്യ"യുടെ ആന്തരമായ രഹസ്യം ഈ ശക്തിയുടെ നിയന്ത്രണമാകുന്നു. ഭാരതവൎഷത്തിൽ അസ്ത്രവിദ്യയിൽ അത്യന്തനൈപുണ്യത്തെ പ്രാപിച്ചിരിയ്ക്കുന്നതു് പരശുരാമനാകുന്നു. ഈ മഹാത്മാവു് ന്യസ്തദണ്ഡനായി കലിംഗദേശത്തിന്റെ പശ്ചിമഭാഗത്തുള്ള മഹേന്ദ്രപൎവ്വതത്തിന്റെ പൂൎവ്വസാനുവിങ്കൽ ഇന്നും നിവസിച്ചുവരുന്നുണ്ടു്.

ഭൂതമാത്രകളിൽ അന്തർഭവിച്ചുകിടക്കുന്ന ഈ ആധാരശക്തി "താമസി" എന്ന ജഡശക്തിയാകുന്നു. ഈ ശക്തിയിലാകുന്നു സൎവ്വ ലോകങ്ങളും പ്രതിഷ്ഠിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. ഈ ശക്തിയെ പ്രകൃതിശാസ്ത്രജ്ഞന്മാർ മാത്രാണുക്കളുടെ "ജാഡ്യ"മെന്നു പറയുന്നു. വാസ്തവത്തിൽ "മാത്രാ" എന്ന "പ്രകൃതി" ജഡശക്തിയും "ചിച്ഛക്തി"യുടെ "പ്രതിഭാവ"വുമാകുന്നു. "ചിച്ഛക്തി" ഭൂതമാത്രകളായ്പരിണമിയ്ക്കുമ്പോൾ "ജഡശക്തി"യായ്ത്തീ

രുന്നു. അതായത് "ജാഡ്യം" സ്വാതന്ത്ര്യത്തിൻെറ "നിഷേധ"വും "ചൈതന്യ"ത്തിൻെറ "വിഭാവ"വുമാകുന്നു. അണുക്കൾ സ്വാതന്ത്ര്യമാകുന്ന ചൈതന്യത്തിൻെറ "മാത്ര"കളാണ്. അസ്വതന്ത്രങ്ങളാകുന്ന അണുക്കളുടെ "അയനം" (ചലനം) സ്വാതന്ത്ര്യമാകുന്ന ചിച്ഛക്തിയുടെ "മാത്രാ" അല്ലെങ്കിൽ അളവാകുന്നു.

ജഡശക്തിയാകുന്ന പ്രകൃതിയുടെ "സദ്ഭാവം" സ്വാതന്ത്ര്യയും ഇച്ഛാജ്ഞാനക്രിയാശക്ത്യാത്മികയുമാകുന്ന ചിച്ഛക്തിയുടെ "ഫല"മായതുകൊണ്ടു ജഗത്തിലെ സർവ്വ വസ്തുക്കളും "ചിച്ഛക്തിമയ"ങ്ങളാകുന്നു. എന്നാൽ സാമാന്യമായി ജനങ്ങളുടെ പ്രജ്ഞാലോകത്തിൻെറ പരിച്ഛിന്നത്വം ഹേതുവായിട്ടു "ജഗത്" ചിജ്ജഡശക്തികളുടെ "പരസ്പരവിഹതി"യെന്നപോലെ തോന്നുന്നു. യഥാർത്ഥമായി ജഗത്തിലെ ചിജ്ജഡഭേദം ആത്യന്തികഭേദമല്ല; ഊനാതിരിക്തഭേദം മാത്രമാണ്. ചിച്ഛക്തിയുടെ പ്രകാരഭേദങ്ങൾ "വിക്ഷേപ"ശക്തിയും "ആവരണ"ശക്തിയുമാകുന്നു. വിക്ഷേപശക്തി പൃഥക്കരണശക്തിയും ആവരണശക്തി ഉപാധിപരംപരകളാൽ ചൈതന്യത്തെ തിരസ്കരണംചെയ്യുന്ന ശക്തിയുമാകുന്നു. ഈ രണ്ടു ശക്തികളുടെ പ്രവൃത്തികളാൽ ജീവബാഹുത്വവും, ജീവവൈവിധ്യവും, ജീവശ്രേണികളും, അവ്യക്താദിഭൂതപരംപരയും, ഉച്ചാവചലോകക്രമങ്ങളും, വിവിധങ്ങളാകുന്ന പ്രജ്ഞാഭൂമികളും, തദനുരൂപങ്ങളാകുന്ന ശരീരങ്ങളും ഉണ്ടായിത്തീരുന്നു. ഇവയെല്ലാം ഒരേ ഒരു ശക്തിയുടെ വികാരങ്ങളാകയാൽ "രൂപസാന്തത്യവും", "പ്രജ്ഞാസാന്തത്യവും", ധർമ്മ-കർമ്മനിയതിയും ജഗത്തിൽ എവിടേയും സ്പഷ്ടമാണ്.

മനുഷ്യശരീരങ്ങളിൽ (വൈഷ്ണവി) മുഖ്യശക്തി, പ്രാണൻ, കുണ്ഡലിനീ എന്ന പ്രകാരഭേദങ്ങളോടുകൂടി ഈശശക്തി പ്രവൎത്തിയ്ക്കുന്നതു് ചക്രങ്ങളിൽക്കൂടിയാകയാൽ ഈ ചക്രങ്ങൾ തത്വദൎശികളാൽ "ശക്തികേന്ദ്രങ്ങൾ" എന്നു് പറകപ്പെടുന്നു.

ഒരു വിധത്തിൽ വിചാരിയ്ക്കുന്നതായാൽ മൂലാധാരാദ്യപരചക്രങ്ങൾ അഞ്ചും "ക്ഷരപുരുഷൻ" അല്ലെങ്കിൽ വ്യാവഹാരികജീവനെ സംബന്ധിച്ചവയും, ഭ്രൂമദ്ധ്യചക്രം "അക്ഷരപുരുഷൻ" അഥവാ പ്രാതിഭാസികജീവനെ സംബന്ധിച്ചതും, ശിരശ്ചക്രം "ഉത്തമപുരുഷ"നാകുന്ന പാരമാൎത്ഥികജീവനെ സംബന്ധിച്ചതുമാകുന്നു.

മറെറാരുവിധത്തിൽ വിചാരിയ്ക്കുമ്പോൾ മൂലാധാര—പ്ലീഹാ—നാഭിചക്രങ്ങൾ സ്ഥൂലശരീരത്തേയും, ഹൃച്ചക്രം കാമശരീരത്തേയും, ഗ്രീവാചക്രം മനശ്ശരീരത്തേയും, ലലാടചക്രം കാരണശരീരത്തേയും, ശിരശ്ചക്രം ബുദ്ധിശരീരത്തേയും സംബന്ധിച്ചിരിയ്ക്കുന്നു.

മൂന്നാമതായി ഈ ഏഴു ചക്രങ്ങളെ മനുഷ്യനിലെ ഏഴു "തത്വ"ങ്ങളോടു സംബന്ധപ്പെട്ടവയായും വിചാരിയ്ക്കാവുന്നതാണ്. ഇവ മനുഷ്യൻെറ അന്നമയ—പ്രാണമയ—കാമമയ—മനോമയ—വിജ്ഞാനമയ—ആനന്ദമയ—ആത്മമയ വിഭാഗങ്ങളാകുന്നു.

മൂലാധാരചക്രം "ഐം" എന്ന ബീജാക്ഷരത്തേയും ബ്രാഹ്മീശക്തിയേയും, ഹൃദയചക്രം "ക്ലീം" എന്ന ബീജാക്ഷരത്തേയും വൈഷ്ണവീശക്തിയേയും, ഭ്രൂമദ്ധ്യചക്രം "ഔഃ" എന്ന ബീജാക്ഷരത്തേയും മാഹേശ്വരീ

ശക്തിയേയും, ശിരശ്ചക്രം "ഓം" എന്ന ബീജാക്ഷരത്തേയും പരാശക്തിയേയും സംബന്ധിച്ചിരിക്കുന്നു.

"മൂലാധാരചക്രത്തിൽ "അഗ്നി" എന്നപോലെ ജ്വലിച്ചിയങ്ങുന്നവളും, ഹൃദയചക്രത്തിൽ ബ്രധ്നകാന്തിയെ കൈക്കൊണ്ടവളും, ലലാടചക്രത്തിൽ ഇന്ദ്രധനുഷ്പ്രഭയെ അവലംബിച്ചവളും, ശിരശ്ചക്രത്തിൽ ചന്ദ്രപ്രഭാഭാസുരയുമായിരിക്കുന്ന ആ അചിന്ത്യശക്തി സംസാരപംകത്തിൽനിന്ന് സർവ്വജനങ്ങളേയും ഉദ്ധാരണം ചെയ്യട്ടെ" എന്നിങ്ങനെ പ്രാർത്ഥിച്ചുംകൊണ്ട് ഗ്രന്ഥസമാപ്തിയെ ചെയ്തുകൊള്ളുന്നു.

॥ഓം ഐം ക്ലീം ഔഃ॥

ഇത്യാംഗീരസേനഭാരദ്വാജേന ശ്രീ വേങ്കടരായശർമ്മണാ
വിരചിതേ സവ്യാഖ്യാനേ ചക്രനിരൂപണേ
"പ്രാണപ്രകരണം"നാമ ഉത്തരഃ ഖണ്ഡഃ॥

ഓം തത് സത് ബ്രഹ്മാർപ്പണമസ്തു.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M07 *Acc. No.* 12493

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 11 1 AUG 1989 | | |

M07 12493

വേങ്കടരായഞ്ജൻ മഞ്ജരി
ചക്രനിരൂപണം.

6 JUN 1967
C. M. I. MANNANAM.

KOTTAYAM PUBLIC LIBRARY

Call No. Mo7 Acc. No. 1[illegible]93

Author മഞ്ചേരി വേങ്കടരായ-അയ്യർ

Title ചന്ദ്രനിരൂപണം.

Indic Digital Archive Foundation

gpura.org